
KARIKKAMPALLY
52 402



# രണ്ടാം
# വത്തിക്കാൻ കൗൺസിൽ ഡിക്രി
# പുനർവായന

കളരിക്കലച്ചൻ അനുസ്മരണ കൂട്ടായ്മ
പ്രസിദ്ധീകരിക്കുന്നത്

# രണ്ടാം വത്തിക്കാൻ കൗൺസിൽ
# ഡിക്രി പുനർവായന

പ്രസിദ്ധീകരണം
**കളരിക്കലച്ചൻ അനുസ്മരണക്കൂട്ടായ്മ**
**ചങ്ങനാശേരി**

2014

**രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി പുനർവായന**

കളരിക്കലച്ചൻ അനുസ്മരണകൂട്ടായ്മ
പ്രസിദ്ധീകരിക്കുന്നത്

▼

മാർച്ച് 8, 2014

▼

*അക്ഷരക്കൂട്ട്*: അനുഗ്രഹ, ചങ്ങനാശേരി
*പുറംതാൾ*: അനുഗ്രഹ
*അച്ചടി*: ക്രിസ്റ്റൽ ഓഫ്സെറ്റ് പ്രസ്, ചങ്ങനാശേരി

▼

*പുസ്തകം ലഭ്യമാകുന്നതിനും*
*തുടർസഹകരണത്തിനും ബന്ധപ്പെടാവുന്ന നമ്പരുകൾ*:

| | |
|---|---|
| അന്ത്രയോസ് മാറാട്ടുകളം | 9605114154 |
| ജോസ് ഇളപ്പുകൽ, സെന്റ് ജോസഫ്സ് എംബ്രോയിഡറി വർക്സ് (അരമനപ്പടി) | 9847046365 |
| തങ്കച്ചൻ ജെ. മുളവന, അനുഗ്രഹ | 9947043025 |

▼

# ആമുഖം

കളരിക്കലച്ചൻ അനുസ്മരണ കൂട്ടായ്മ പ്രസിദ്ധീകരിക്കുന്ന രണ്ടാമതു ഗ്രന്ഥമാണിത്. ഏറെ പരിമിതികളുണ്ട്. എങ്കിലും പ്രഥമ ഗ്രന്ഥത്തിനു ലഭിച്ച സ്വീകാര്യത, ഞങ്ങളുടെ കാഴ്ചപ്പാടുകളെയും നിലപാടുകളെയും സമൂഹത്തിലേക്കെത്തിക്കാനുള്ള ഒരു മാർഗ്ഗമായി അച്ചടിമാധ്യമത്തെ സ്വീകരിക്കാൻ ഞങ്ങൾക്കു പ്രചോദനമായി.

കളരിക്കലച്ചന്റെ ജന്മദിനമായ ജൂലൈ 1 നും ചരമദിനമായ മാർച്ച് 8 നും ഈ കൂട്ടായ്മയോഗം ചേർന്ന് സെമിനാറുകളും പ്രഭാഷണങ്ങളും നടത്തിവരുന്നു. കളരിക്കലച്ചൻ അനുസ്മരണ പ്രഭാഷണപരമ്പരയിലെ നാലാമത്തെ യോഗം ചർച്ചയ്ക്കെടുത്ത വിഷയം വത്തിക്കാൻ കൗൺസിൽ ഡിക്രി പുനർവായന എന്നതായിരുന്നു. മനുഷ്യനു നേരായ മാർഗ്ഗം തെളിക്കാൻ ജ്ഞാനബദ്ധയായ തിരുസ്സഭ കാലത്തിനു നിരക്കാത്തതും അശാസ്ത്രീയവുമായി കാണപ്പെട്ടപ്പോൾ, ശാസ്ത്രം, സംസ്കാരം, സാങ്കേതികവിജ്ഞാനം എന്നീ മണ്ഡലങ്ങളിൽ തുടരെത്തുടരെ വന്നുവീണിട്ടുള്ള വിപ്ലവകരങ്ങളായ പരിണാമങ്ങൾക്കനുസൃതം തിരുസ്സഭയിലും ചില മാറ്റങ്ങൾ വന്നേതീരൂ എന്നു പരിശുദ്ധ പിതാവിനു ബോധ്യമായി. ഇന്നത്തെ മനുഷ്യനു മനസ്സിലാകുന്ന ഭാഷയിൽ സഭയെ അവതരിപ്പിക്കണമെന്നും അതിനാൽ തിരുസ്സഭയിൽതന്നെ ആന്തരികമായൊരു നവീകരണവും അതിൽനിന്നുദ്ഭൂതമാകുന്ന പുനഃസംവിധാനങ്ങളും ആവശ്യമാണെന്നും പരക്കെ ബോധ്യമായതിന്റെ വെളിച്ചത്തിലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ നിരന്തരം യോഗം ചേർന്ന് പ്രമാണരേഖകൾക്കു രൂപം നല്കിയത്. കൗൺസിൽ വിജയമായിരുന്നുവെങ്കിലും അതു പ്രാവർത്തികമാക്കുന്നതിൽ സഭാനേതൃത്വത്തിനു വീഴ്ച പറ്റി എന്നു കണ്ടറിഞ്ഞപ്പോഴാണ് കൗൺസിൽ ഡിക്രിയുടെ സുവർണ്ണജൂബിലി വർഷത്തിൽ ഒരു പുനർവായനയ്ക്കു മാർപ്പാപ്പ നിർദ്ദേശം നല്കിയത്. ഈ വിഷയം തെരഞ്ഞെടുക്കാൻ ഞങ്ങൾക്കു പ്രചോദനമായതും ഈ കാരണംതന്നെ. പ്രമാണരേഖകളിൽപെട്ട, അല്മായരും സഭയുമായുള്ള ബന്ധത്തെക്കുറിച്ചും സഭയിൽ അല്മായരുടെ പങ്കാളിത്തത്തെക്കുറിച്ചും മാത്രം അവലോകനം ചെയ്തുകൊണ്ടുള്ള ഏതാനും പ്രഭാഷണങ്ങളാണ് അവതരിപ്പിക്കപ്പെട്ടത്. വ്യത്യസ്ത ചിന്താധാരകളെ സ്വാഗതം ചെയ്യുകയും അവ അവതരി

പ്പിക്കാനുള്ള സന്ദർഭം അവതാരകർക്കും അവയെ ശ്രവിക്കാനുള്ള അവസരം പങ്കെടുക്കുന്നവർക്കും നൽകുക എന്നതാണു ഞങ്ങൾ പിന്തുടരുന്ന രീതി. അതിൻപ്രകാരം സഭാനേതൃത്വത്തിൽ ഈ വിഷയം കൈകാര്യം ചെയ്യുന്നവരെത്തന്നെ ഞങ്ങൾ സമീപിക്കുകയും അവർ പങ്കെടുക്കാമെന്നു സമ്മതമറിയിക്കുകയും ചെയ്തു. എങ്കിലും മാർച്ച് 8 നു മുമ്പായി ഓരോരുത്തരായി പിൻവാങ്ങി, ഞങ്ങൾ ലേഖനം എഴുതിത്തരാം എന്ന വാഗ്ദാനം നൽകിക്കൊണ്ട്. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു മുമ്പായി നിരവധി തവണ ഇവരെയൊക്കെ സമീപിച്ചെങ്കിലും പല ഒഴികഴിവുകളുമായി അവരൊക്കെ പിൻവാങ്ങി. ഞങ്ങൾക്കു നിരാശയില്ല. കളരിക്കലച്ചനെ അകറ്റിനിർത്തിയവരുടെ പിൻഗാമികളാണിവർ. ഈ സമൂഹത്തിലെ അൻപതോളം വരുന്ന പുളിമാവുകളെ സംബോധന ചെയ്യുന്നതിനെക്കാൾ നല്ലത് സഭാധികാരത്തിന്റെ അപ്രീതിക്കു പാത്രമാകാതെ ഗുഡ് ലിസ്റ്റിൽ തന്നെ കഴിയുന്നതാണെന്ന തോന്നലാവാം അവരെ അകറ്റിനിർത്തിയത്.

നമ്മുടെ ഹയരാർക്കിയുടെ വലിയൊരു പോരായ്മയായി ഞങ്ങൾ കാണുന്നത്, വിശ്വാസികളുടെ ഭിന്നാഭിപ്രായങ്ങൾക്കു ചെവി കൊടുക്കാതെ, സ്തുതിപാഠകരെ മാത്രം ചുറ്റിനും നിർത്തി നിർവൃതിയടയുകയാണ് എന്നതാണ്. ഏറ്റവുമവസാനം നടത്തിയ അതിരൂപതാമഹായോഗത്തിലും ഇതുതന്നെയല്ലേ അരങ്ങേറിയത്?

ഈ സംരംഭത്തിൽ ഞങ്ങളോടു സഹകരിച്ച സുമനസ്സുകൾക്കു നന്ദി. പ്രൂഫ് വായന നടത്തിത്തന്ന ശ്രീ. ടി. എം. നമ്പിമഠം സാറിനും പ്രത്യേക നന്ദി.

ഈ ഗ്രന്ഥം ചെറുതാണ്. പക്ഷേ ഇതിനുള്ളിലെ കാഴ്ചപ്പാടുകളും ഇതിനു പിന്നിലെ പ്രയത്നങ്ങളും വലുതാണ്. മരണം വരെ എല്ലാ എതിർപ്പുകളെയും നേരിട്ട്, തെറ്റായ ഒന്നിനോടും സന്ധി ചെയ്യാതെ ജീവിച്ച ആ പുണ്യാത്മാവിന്റെ സ്മരണയ്ക്കു മുമ്പിൽ ഞങ്ങളിതു സമർപ്പിക്കുന്നു.

**കളരിക്കലച്ചൻ അനുസ്മരണകൂട്ടായ്മ**

04. 03. 2014

## ഉള്ളടക്കം


1. ദളിതബന്ധു കളരിക്കലച്ചൻ

   പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ 7

2. അല്മായർ സഭയിലും പൊതുമണ്ഡലത്തിലും

   ഡോ. സ്കറിയാ സക്കറിയ 15

3. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിദ്യാഭ്യാസദർശനം

   പ്രൊഫ. രാജൻ കെ. അമ്പൂരി 20

4. സഭയുടെ ലോകജാലകം

   സെർജി ആന്റണി 28

5. കൗൺസിൽ രേഖകൾ സഭാജീവിതത്തിലും പ്രയോഗത്തിലും

   ഫാ. ജോയി പാലാക്കുന്നേൽ 34

6. സഭയും സംസ്ക്കാരവും

   റ്റി. എം. നമ്പിമഠം 38

7. സുവിശേഷവത്കരണം സഭയിലൂടെ

   ജോസഫ് സാം 43

8. ജാതിപരമായ ചിന്ത- കൗൺസിൽ പ്രമാണരേഖാ വീക്ഷണത്തിൽ ശരിയോ?

   പി. ഒ. പീറ്റർ 48

9. സ്ത്രീപങ്കാളിത്തം - സഭയിലും പൊതുമണ്ഡലത്തിലും

   ഡെയിസമ്മ ജയിംസ് 54

10. കുടുംബം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കാഴ്ചപ്പാടിൽ

    മിനി തോമസ് അത്തിക്കളം 64

# ഫാ. ജോസഫ് കളരിക്കൽ

ജനനം : 1924 ജൂലൈ 1

പിതാവ് : കളരിക്കൽ കുഞ്ഞച്ചൻ (കൊച്ചിട്ടി കൊച്ചാണ്ടി)

മാതാവ് : കത്രീനാമ്മ

വിളിപ്പേര് : ഈപ്പച്ചൻ

സഹോദരൻ : കളരിക്കൽ അവറാച്ചൻ

വിദ്യാഭ്യാസം : അച്ചന്റെ ചെറുപ്പകാലത്ത് നമ്മുടെ നാട്ടിൽ ലഭ്യമായിരുന്ന മലയാളത്തിലെ ഉന്നതപഠനം-മലയാളം ഹയർ പാസ്സായി. എസ്.ബി. ഹൈസ്കൂളിൽ മഹാരാജാസ് സ്കോളർഷിപ്പോടെ ഹൈസ്കൂൾപഠനം. കോഴ്സ് പൂർത്തിയാക്കിയപ്പോൾ വീണ്ടും മഹാരാജാസ് സ്കോളർഷിപ്പ് പരീക്ഷയെഴുതി പാസ്സായി. തുടർന്ന് ഈ സ്കോളർഷിപ്പോടെ എസ്. ബി. കോളജിൽ ഇന്റർമീഡിയറ്റ് കോഴ്സിനു ചേർന്ന് ഉയർന്നനിലവാരത്തിൽ ഇന്റർമീഡിയറ്റ് പാസ്സായി.

1945 ജൂൺ: സെന്റ് തോമസ് പെറ്റിസെമിനാരിയിൽ ചേർന്നു.

1947 ആലുവ സെന്റ് ജോസഫ്സ് സെമിനാരിയിൽ വൈദികപഠനത്തിനു ചേർന്നു.

1953 ഡിസംബർ 8 : പുണ്യശ്ലോകനായ കാവുകാട്ടുപിതാവിന്റെ കൈവയ്പു വഴി തിരുപ്പട്ടം സ്വീകരിച്ചു.

അദ്ദേഹത്തോടൊപ്പം തിരുപ്പട്ടം സ്വീകരിച്ച ചില സതീർത്ഥ്യർ: ബഹു. കുറിയാക്കോസ് പറമ്പത്ത്, ബഹു. സഖറിയാസ് കായിത്തറ, റവ. ഫാ. ജെയിസ് വെട്ടികാട്ട്

പ്രഥമദിവ്യബലി 1953 ഡിസംബർ 9 ന് കത്തീഡ്രൽ ദേവാലയത്തിൽ

പ്രഥമ ഇടവക: ആലപ്പുഴ പുത്തനങ്ങാടി പള്ളിയിൽ അസി. വികാരി

സേവനം ചെയ്ത ഇടവകകൾ: കല്ലൂപ്പാറ, ളായിക്കാട്, മാന്നില, ആർപ്പൂക്കര, പാറമ്പുഴ, തരകനാട്ടുകുന്ന് (ചിറക്കടവ്), കപ്പാട്, ചമ്പക്കര, ചങ്ങനാശേരി കത്തീഡ്രൽ.

1980 മുതൽ 1985 വരെ അതിരൂപതാ ആനിമേറ്റർ.

മരണം: 2008 മാർച്ച് 8

# 1

## ദളിതബന്ധു കളരിക്കലച്ചൻ

പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ

### 1. ചില ഓർമ്മകളും അനുബന്ധചിന്തകളും

ബഹുമാനപ്പെട്ട കളരിക്കയ്ക്കലച്ചനും ഞാനും എസ്.ബി. ഹൈസ്കൂളിൽ സതീർത്ഥ്യരായിരുന്നു. ഒരു വർഷം എന്നേക്കാൾ സീനിയറായിരുന്ന അദ്ദേഹം പഠനത്തിലും പഠനേതരവിഷയങ്ങളിലും സമർത്ഥനായിരുന്നു. അക്കാലത്ത് തിരുവിതാംകൂർ സർക്കാർ ഏർപ്പെടുത്തിയിരുന്ന പഠനമികവിനുള്ള മഹാരാജാവ് സ്കോളർഷിപ്പ് (മിഡിൽ സ്കൂൾ അവസാനം — ഇപ്പോഴത്തെ എട്ടാം ക്ലാസ് — വിദ്യാർത്ഥികൾക്കു പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്നത്) അദ്ദേഹത്തിനു ലഭിച്ചു. പിറ്റേവർഷത്തെ സ്കോളർഷിപ്പ് ലഭിച്ചത് എനിക്കായിരുന്നതുകൊണ്ടാണ് ഞാൻ ഈ കാര്യം വ്യക്തമായി ഓർക്കുന്നത്.

തീക്ഷ്ണതയും ചുറുചുറുക്കുമുള്ള ഒരു വൈദികനായിട്ടാണ് ഞാനദ്ദേഹത്തെ പിന്നീടു കാണുന്നത്. വൈദികമേധാവിത്വത്തിന്റേതായ ആ കാലത്ത് അദ്ദേഹം ജനങ്ങളോടൊപ്പം അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടു. കളരിക്കയ്ക്കലച്ചനെ പലരും വിശേഷിപ്പിക്കുന്നത് 'പച്ച'യായ ഒരു മനുഷ്യനെന്നാണ്. ദളിതരുടെ വിമോചനവും വികസനവുമായിരുന്നു അദ്ദേഹത്തിന്റെ അജപാലനശുശ്രൂഷയുടെ സവിശേഷത. തോമ്മാശ്ലീഹായിൽനിന്ന് നേരിട്ടു ജ്ഞാനസ്നാനം സ്വീകരിച്ച കുടുംബക്കാരുടെ പിൻതലമുറക്കാരെന്നും മറ്റുമുള്ള പൊങ്ങച്ചംപറച്ചിലിനെ തിരസ്കരിച്ച അദ്ദേഹം മാതൃകയാക്കിയത്

## ഫാ. ജോസഫ് കളരിക്കൽ

ജനനം : 1924 ജൂലൈ 1

പിതാവ് : കളരിക്കൽ കുഞ്ഞച്ചൻ (കൊച്ചിട്ടി കൊച്ചാണ്ടി)

മാതാവ് : കത്രീനാമ്മ

വിളിപ്പേര് : ഈപ്പച്ചൻ

സഹോദരൻ : കളരിക്കൽ അവറാച്ചൻ

വിദ്യാഭ്യാസം : അച്ചന്റെ ചെറുപ്പകാലത്ത് നമ്മുടെ നാട്ടിൽ ലഭ്യമായിരുന്ന മലയാളത്തിലെ ഉന്നതപഠനം-മലയാളം ഹയർ പാസ്സായി. എസ്. ബി. ഹൈസ്കൂളിൽ മഹാരാജാസ് സ്കോളർഷിപ്പോടെ ഹൈസ്കൂൾപഠനം. കോഴ്സ് പൂർത്തിയാക്കിയപ്പോൾ വീണ്ടും മഹാരാജാസ് സ്കോളർഷിപ്പ് പരീക്ഷയെഴുതി പാസ്സായി. തുടർന്ന് ഈ സ്കോളർഷിപ്പോടെ എസ്. ബി. കോളജിൽ ഇന്റർമീഡിയറ്റ് കോഴ്സിനു ചേർന്ന് ഉയർന്നനിലവാരത്തിൽ ഇന്റർമീഡിയറ്റ് പാസ്സായി.

1945 ജൂൺ: സെന്റ് തോമസ് പെറ്റിസെമിനാരിയിൽ ചേർന്നു.

1947 ആലുവ സെന്റ് ജോസഫ്സ് സെമിനാരിയിൽ വൈദികപഠനത്തിനു ചേർന്നു.

1953 ഡിസംബർ 8 : പുണ്യശ്ലോകനായ കാവുകാട്ടുപിതാവിന്റെ കൈവയ്പു വഴി തിരുപ്പട്ടം സ്വീകരിച്ചു.
അദ്ദേഹത്തോടൊപ്പം തിരുപ്പട്ടം സ്വീകരിച്ച ചില സതീർത്ഥ്യർ: ബഹു. കുറിയാക്കോസ് പറമ്പത്ത്, ബഹു. സഖറിയാസ് കായിത്തറ, റവ. ഫാ. ജെയിസ് വെട്ടികാട്ട്

പ്രഥമദിവ്യബലി 1953 ഡിസംബർ 9 ന് കത്തീഡ്രൽ ദേവാലയത്തിൽ

പ്രഥമ ഇടവക: ആലപ്പുഴ പുത്തനങ്ങാടി പള്ളിയിൽ അസി. വികാരി

സേവനം ചെയ്ത ഇടവകകൾ: കല്ലൂപ്പാറ, ളായിക്കാട്, മാന്നില, ആർപ്പൂക്കര, പാറമ്പുഴ, തരകനാട്ടുകുന്ന് (ചിറക്കടവ്), കപ്പാട്, ചമ്പക്കര, ചങ്ങനാശേരി കത്തീഡ്രൽ.

1980 മുതൽ 1985 വരെ അതിരൂപതാ ആനിമേറ്റർ.

മരണം: 2008 മാർച്ച് 8

# 1

## ദളിതബന്ധു കളരിക്കലച്ചൻ

പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ

### 1. ചില ഓർമ്മകളും അനുബന്ധചിന്തകളും

ബഹുമാനപ്പെട്ട കളരിക്കയ്ക്കലച്ചനും ഞാനും എസ്.ബി. ഹൈസ്കൂളിൽ സതീർത്ഥ്യരായിരുന്നു. ഒരു വർഷം എന്നേക്കാൾ സീനിയറായിരുന്ന അദ്ദേഹം പഠനത്തിലും പഠനേതരവിഷയങ്ങളിലും സമർത്ഥനായിരുന്നു. അക്കാലത്ത് തിരുവിതാംകൂർ സർക്കാർ ഏർപ്പെടുത്തിയിരുന്ന പഠനമികവിനുള്ള മഹാരാജാവ് സ്കോളർഷിപ്പ് (മിഡിൽ സ്കൂൾ അവസാനം — ഇപ്പോഴത്തെ എട്ടാം ക്ലാസ് — വിദ്യാർത്ഥികൾക്കു പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്നത്) അദ്ദേഹത്തിനു ലഭിച്ചു. പിറ്റേവർഷത്തെ സ്കോളർഷിപ്പ് ലഭിച്ചത് എനിക്കായിരുന്നതുകൊണ്ടാണ് ഞാൻ ഈ കാര്യം വ്യക്തമായി ഓർക്കുന്നത്.

തീക്ഷ്ണതയും ചുറുചുറുക്കുമുള്ള ഒരു വൈദികനായിട്ടാണ് ഞാനദ്ദേഹത്തെ പിന്നീടു കാണുന്നത്. വൈദികമേധാവിത്വത്തിന്റേതായ ആ കാലത്ത് അദ്ദേഹം ജനങ്ങളോടൊപ്പം അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടു. കളരിക്കയ്ക്കലച്ചനെ പലരും വിശേഷിപ്പിക്കുന്നത് 'പച്ച'യായ ഒരു മനുഷ്യനെന്നാണ്. ദളിതരുടെ വിമോചനവും വികസനവുമായിരുന്നു അദ്ദേഹത്തിന്റെ അജപാലനശുശ്രൂഷയുടെ സവിശേഷത. തോമ്മാശ്ലീഹായിൽനിന്ന് നേരിട്ടു ജ്ഞാനസ്നാനം സ്വീകരിച്ച കുടുംബക്കാരുടെ പിൻതലമുറക്കാരെന്നും മറ്റുമുള്ള പൊങ്ങച്ചംപറച്ചിലിനെ തിരസ്കരിച്ച അദ്ദേഹം മാതൃകയാക്കിയത്

സ്വയം ശൂന്യവത്കരിച്ച് വർണ്ണവർഗ്ഗവിവേചനം കൂടാതെ ദൈവമക്കളുടെ സ്വാതന്ത്ര്യം എല്ലാവർക്കും അവകാശപ്പെട്ടതാണെന്നു പഠിപ്പിച്ച ഈശോയെയാണ്. സമൂഹത്തിലെ ചൂഷിതരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ഭാഗത്തുനിന്നുകൊണ്ട് അദ്ദേഹം പ്രവർത്തിച്ചു. ഒച്ചപ്പാടു കൂടാതെയുള്ള ഒരു പ്രവർത്തനശൈലിയായിരുന്നു അദ്ദേഹത്തിന്റേത്! ജാതിയിൽ താഴ്ന്നവരെന്നു മുദ്രയടിക്കപ്പെട്ടവരോട് അയിത്തം പുലർത്തിയിരുന്ന ഒരുകാലത്ത് കളരിക്കയ്ക്കലച്ചൻ അവരെ പിതൃതുല്യം സ്നേഹിച്ചു. അവരുടെ വീടുകൾ സന്ദർശിച്ച് അവരോടൊപ്പം ഭക്ഷണം കഴിച്ചു. നൂറ്റാണ്ടുകളായി നിന്ദിതരും പീഡിതരുമായി കഴിഞ്ഞ ഒരു ജനസമൂഹത്തിൽ നിലനിന്നിരുന്ന അപകർഷതാബോധം മാറ്റിയെടുക്കുക എളുപ്പമായിരുന്നില്ല. എങ്കിലും അദ്ദേഹം നിരാശപ്പെട്ടില്ല. രാമപുരത്തെ കുഞ്ഞച്ചനെന്ന ചെറിയ മനുഷ്യൻ ജീവിതകാലം മുഴുവൻ ദളിതബന്ധുവായിരുന്നു. ഇടവകഭരണത്തിൽനിന്ന് അദ്ദേഹം ഒഴിവാക്കപ്പെട്ടിരുന്നത് ഈ നിയോഗത്തിന്റെ നടത്തിപ്പിനുവേണ്ടിയായിരുന്നു.

കളരിക്കയ്ക്കലച്ചനാകട്ടെ, ഇടവകഭരണവും അതിരൂപതാതലത്തിൽ മറ്റു ചില ഉത്തരവാദിത്വങ്ങളുമുണ്ടായിരുന്നു.പടിയറപിതാവിന്റെ കാലത്ത് അദ്ദേഹം അതിരൂപതയുടെ ആദ്ധ്യാത്മിക ഉത്തേജകൻ (Spiritual animator) കൂടിയായിരുന്നു. ദളിതുരടെ കാര്യങ്ങൾക്കു പുറമേ അതിരൂപതയിൽ ഒരു ആദ്ധ്യാത്മിക നവീകരണം കൈവരുത്തുന്നതിനും കളരിക്കയ്ക്കലച്ചൻ നിയോഗിക്കപ്പെട്ടു.

കളരിക്കയ്ക്കലച്ചൻ ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി വികാരിയായിരുന്ന കാലം ഞാൻ ഓർക്കുന്നു. കൗൺസിൽ യോഗത്തിൽ അദ്ദേഹം ചിലരെ പേരെടുത്തുപറഞ്ഞു ശകാരിക്കുമായിരുന്നു. പക്ഷേ ആരോടും അദ്ദേഹത്തിനു പകയില്ലായിരുന്നു. മനസ്സിന്റെ തുറവി അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ജനങ്ങളെ, പ്രത്യേകിച്ചു ദളിതരെ, അദ്ദേഹം സ്നേഹിച്ചു. ദളിതർ അദ്ദേഹത്തെ വിളിച്ചിരുന്നത് 'അച്ചാച്ചി' എന്നായിരുന്നു. ദളിതരുടെ ശാക്തീകരണത്തിനുവേണ്ടി അദ്ദേഹം പരമാവധി ശ്രമിച്ചു. ചിന്തിക്കുന്ന, സഭയെ സ്നേഹിക്കുന്ന ഒരു ഗണം യുവാക്കളെ വാർത്തെടുക്കാൻ അദ്ദേഹം ആത്മാർത്ഥമായി ശ്രമിച്ചു. അദ്ദേഹത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട ഒരു ചെറുസമൂഹം സഭയിലും സമൂഹ

ത്തിലും ഒരു തിരുത്തൽശക്തിയായി പ്രവർത്തിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. സമുദായത്തിൽ ഒരുണർവുണ്ടാക്കുവാൻ ശ്രമിക്കുന്നവരാണ് ഈ ചെറുകൂട്ടായ്മ.

## 2. സഭ അല്മായയുഗത്തിലേക്ക്

നൂറ്റാണ്ടുകളായി അല്മായർ സഭയിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗമായിരുന്നു; വെറുംവിഭാഗമല്ല, ഭൂരിപക്ഷവിഭാഗമായിരുന്നു അത്. ഇംഗ്ലീഷിൽ പറഞ്ഞാൽ the marginalised majority in the church. ഇവിടെ ദളിതരുടെ കാര്യത്തിന് എന്താണു പ്രസക്തിയെന്നു ചിലരെങ്കിലും ചോദിച്ചേക്കാം. ദളിതർ ഇന്ത്യയിലെ പട്ടികജാതിക്കാരും വർഗ്ഗക്കാരും സമുദായത്തിലെ മുഖ്യധാരയിൽനിന്നു വേർതിരിക്കപ്പെട്ടവരായി ഇന്നും തുടരുന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്ക് അനുഭവിക്കേണ്ടിവന്നത് ഇരട്ട പാർശ്വവത്ക്കരണമാണ് (double marginalisation). ഒന്ന്, ദളിതരെന്ന നിലയിൽ; രണ്ട്, അല്മായർ എന്ന നിലയിൽ. എന്നാൽ ക്രിസ്തു സ്ഥാപിച്ച സഭയിൽ ഇങ്ങനെ ഒരു വിവേചനമില്ലായിരുന്നു.

### 2.1 ആദിമസഭ

ക്രിസ്തുവിൽനിന്നു നേരിട്ട് സഭാനേതൃത്വം ലഭിച്ച പത്രോസ് - ഒന്നാമത്തെ മാർപ്പാപ്പ - വിശ്വാസികളുടെ സമൂഹത്തെ വിശേഷിപ്പിച്ചത് 'രാജകീയ പുരോഹിതജനം' (Royal Priesthood), 'തെരഞ്ഞെടുക്കപ്പെട്ടവർ' (the elect), 'വിശുദ്ധ ജനത' എന്നിങ്ങനെയുള്ള സംജ്ഞകളിലൂടെയാണ്. (1 പത്രോ. 9) ദൈവജനം മുഴുവനായി ത്തന്നെ ഒരു രാജകീയപുരോഹിതജനം ആയിരുന്നതുകൊണ്ട് പുരോഹിതരെന്നുള്ള തരംതിരിവുതന്നെ അനാവശ്യവും അപ്രസക്തവും ആയിരുന്നു. തരം തിരിവുകളൊക്കെ പിന്നീടുണ്ടായതാണ്. ബലിയർപ്പണത്തിനു നേതൃത്വം നല്കിയവർ പിന്നീട് വൈദികരായി വിശേഷിപ്പിക്കപ്പെട്ടു. ആദിമസഭയിൽ ഇതിന്റെ അടിസ്ഥാനത്തിൽ വലിപ്പ ചെറുപ്പമോ വിവേചനമോ (discrimination) ഉണ്ടായിരുന്നില്ല. ഈ അപ്പസ്തോലികസഭ, ജനങ്ങളുടെ സഭ കൂട്ടായ്മയായിരുന്നു. അതു ജനങ്ങൾക്ക് പൂർണ്ണമായ പങ്കാളിത്തമുള്ള ഒരു സഭാസമൂഹമായിരുന്നു. 16 നൂറ്റാണ്ടുകൾക്കുശേഷം നടന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന് പ്രചോദനമായ ആദിമസഭയുടെ പ്രവർത്ത

നശൈലി നടപടി 15: 22 അനുസരിച്ച് സഭാസംബന്ധമായ എല്ലാ പ്രധാന കാര്യങ്ങളിലും തീരുമാനമെടുത്തിരുന്നത് അപ്പസ്തോലന്മാരും മൂപ്പന്മാരും (elders) അവരോടൊപ്പം പരിശുദ്ധാരൂപിയും ചേർന്നായിരുന്നു.

ജ്ഞാനസ്നാനത്തിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും ഓരോ വിശ്വാസിക്കും നല്കപ്പെടുന്ന പരിശുദ്ധാരൂപിയുടെ പ്രവർത്തനഫലമായി ഓരോ വിശ്വാസിക്കും ലഭിക്കുന്ന വിശ്വാസത്തെക്കുറിച്ചുള്ള തോന്നിപ്പ് (അവബോധം - sense of faith) സുപ്രധാനമാണ്. ഈ പ്രവർത്തനം മെത്രാന്മാർക്കും വൈദികർക്കും മാത്രമുള്ളതല്ല. അല്മായരുൾപ്പെടെയുള്ള വിശ്വാസികൾക്കെല്ലാമുള്ളതാണ്. എല്ലാ വിശ്വാസികളും പരിശുദ്ധാരൂപിയുടെ ആലയമാണെന്നുള്ളത് സഭയുടെ ആരംഭകാലം മുതലുള്ള പഠനമാണ്. ഈ കാരണത്താലാണ് വത്തിക്കാൻ സൂനഹദോസിന് ഒരു നൂറ്റാണ്ടുമുമ്പ് കർദ്ദിനാൾ ന്യൂമാൻ വിശ്വാസകാര്യങ്ങളിൽ അല്മായരുമായി ആലോചിക്കേണ്ടതിന്റെ ആവശ്യകത (On Consulting the Laity on Matters of Faith) എന്ന പ്രബന്ധം പ്രസിദ്ധീകരിച്ചത്. അക്കാലത്തെ യാഥാസ്ഥിതിക മെത്രാൻസമൂഹത്തെ ന്യൂമാന്റെ പ്രബന്ധം ചൊടിപ്പിച്ചു. എങ്കിലും വത്തിക്കാൻ സൂനഹദോസ് അതിനെ പൂർണ്ണമായും ശരിവയ്ക്കുകയാണുണ്ടായത്.

## 2.2 ഹയരാർക്കലിസം (അധികാരകേന്ദ്രീകൃത ഭരണരീതി)

നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതിനെത്തുടർന്ന് സഭയ്ക്ക് ജനങ്ങളുടെ സഭ എന്ന സവിശേഷതയും ലാളിത്യവും നഷ്ടപ്പെടുകയും രാജകീയഭരണസമ്പ്രദായം (ഹയരാർക്കലിസം) നടപ്പിലാക്കുകയും ചെയ്തു. ഇതു വാസ്തവത്തിൽ ഒരു നഷ്ടക്കച്ചവടമായിരുന്നു. രാജകീയഭരണസമ്പ്രദായം നടപ്പിൽ വന്നതോടുകൂടി സഭയ്ക്ക് അതിന്റെ ആരംഭകാലചൈതന്യം നഷ്ടപ്പെട്ടു. പകരം രാജത്വത്തിന്റേതായ സമ്പത്തും ശക്തിയും പ്രതാപവും പദവികളും സഭാധികാരികൾക്കു ലഭിച്ചു. പുതിയതായി ഒരു അധികാരശ്രേണീസമ്പ്രദായം ഉടലെടുത്തു. ചക്രവർത്തിയുടെ സ്ഥാനത്ത് പാപ്പായും രാജാക്കന്മാരുടെ സ്ഥാനത്ത് മെത്രാന്മാരും പ്രമാണികളുടെയും പ്രഭുക്കന്മാരുടെയും സ്ഥാനത്തു

വൈദികരും രംഗത്തു വന്നു. അല്മായരാകട്ടെ യാതൊരു പദവിയു മില്ലാത്ത കേവലം വിശ്വാസികൾ മാത്രമായി. അടുത്തകാലം വരെയും അല്മായരെ മാത്രമാണ് 'വിശ്വാസികൾ' എന്നു സഭാനേതൃത്വം സംബോധന ചെയ്തിരുന്നത്. ഈ സംബോധനകൊണ്ടു അല്മായർ തൃപ്തിപ്പെടേണ്ടിവന്നു.

വത്തിക്കാൻ സൂനഹദോസിനു മുമ്പുള്ള ഏതാണ്ട് 16ാം നൂറ്റാണ്ടുകാലത്ത് മെത്രാന്മാരും വൈദികരും കൈയടക്കിയിരുന്ന ഒരു സഭ(clerically dominated church)യാണു നിലവിലിരുന്നത്. എന്നാൽ കേരളത്തിലെ നസ്രാണി പാരമ്പര്യം അനുസരിച്ച് അല്മായർ(ഇണങ്ങർ)ക്കു മാന്യമായ സ്ഥാനവും അംഗീകാരവുമുണ്ടായിരുന്നു. ലത്തീൻ ആധിപത്യത്തെത്തുടർന്നാണ് ഇവിടെയും അല്മായർ പാർശ്വവത്ക്കരിക്കപ്പെട്ടത്! കൗൺസിലിനുമുമ്പ് സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ അല്മായർക്ക് യാതൊരു പങ്കാളിത്തവും ഇല്ലായിരുന്നു. ആദിമസഭയിലെ അല്മായ-വൈദികവ്യത്യാസം കൂടാതെ എല്ലാവരും പ്രേഷിതപ്രവർത്തനത്തിൽ പങ്കെടുത്തതുകൊണ്ടാണു ക്രിസ്തുമതം വേഗത്തിൽ പ്രചരിച്ചത്. ഹയരാർക്കിക്കൽ മേധാവിത്വത്തിന്റെ കാലത്ത് സുവിശേഷവത്ക്കരണം മെത്രാന്മാരുടെ മാത്രം അധികാരത്തിൽപ്പെട്ടതായിരുന്നു. മറ്റുള്ളവർ മെത്രാന്മാരുടെ സഹായികൾ (Assistants) മാത്രമായിരുന്നു.

### 2.3 കത്തോലിക്കാ പ്രവർത്തനത്തിൽനിന്ന് അല്മായപ്രേഷിതത്വത്തിലേക്കുള്ള നിർണ്ണായകമാറ്റം

വത്തിക്കാൻ സൂനഹദോസിന്റെ പഠനമനുസരിച്ച് സഭ മുഴുവനായും പ്രേഷിതയാണ്. പ്രമാണരേഖകളനുസരിച്ച് അല്മായർ സഹായികളെന്നതിനേക്കാൾ സഹകാരികളായിരുന്നു (collaborators). ഇന്നു സഭയിലുണ്ടായ ഒരു ദാർശനികമാറ്റ(Paradigm shift)ത്തെയാണു സൂചിപ്പിക്കുന്നത്. ഇതിനു നല്ലൊരു ഉദാഹരണമാണ് കത്തോലിക്കാ പ്രവർത്തനത്തിൽ(Catholic action)നിന്നു അല്മായപ്രേഷിതത്വത്തിലേക്കുള്ള വഴിത്തിരിവ്. സഭയെ സംബന്ധിച്ചിടത്തോളം — അല്മായവിശ്വാസികളെ സംബന്ധിച്ചു പ്രത്യേകമായും — ഇതു നിർണ്ണായകമാണ്. നൂറ്റാണ്ടുകാലമായി അവരുടെ ദൗത്യം 'പ്രാർത്ഥിക്കുക, സംഭാവന നല്കുക, അനുസരിക്കുക'

(Pray, Pay, Obey) എന്നതിനപ്പുറം അവർക്കു യാതൊരു അവകാശമോ ഉത്തരവാദിത്തമോ ഇല്ലായിരുന്നു. ലോകത്തെയും കുടുംബജീവിതം, രാഷ്ട്രീയം, തൊഴിൽ, സാംസ്കാരികപ്രവർത്തനങ്ങൾ തുടങ്ങിയവയെയും സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ മേഖലകളായി കാണുവാൻ അക്കാലത്തെ ആദ്ധ്യാത്മികഗുരുക്കന്മാർക്കു (മിക്കവരും സന്ന്യസ്തർ) സാധിച്ചിരുന്നില്ല. ഈ അവസ്ഥയ്ക്കു ഒരു മാറ്റം ഉണ്ടായത് 13-ാം ലെയോ മാർപ്പാപ്പയുടെ കാലം മുതലാണ്.

വത്തിക്കാൻ സൂനഹദോസിനു മുമ്പ് സഭയ്ക്കു ലോകവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ഭാഗികവും കാലഹരണപ്പെട്ടതുമായിരുന്നു. ലോകത്തിൽ സംഭവിച്ചുകൊണ്ടിരുന്ന വിപ്ലവകരമായ മാറ്റങ്ങളോട് പ്രതികരിക്കുവാൻ മെത്രാന്മാർക്കു സാധിക്കാതെ വന്ന സാഹചര്യത്തിലാണ് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ കത്തോലിക്കാ പ്രവർത്തനം (Catholic Action) എന്ന പേരിൽ ഒരു പ്രസ്ഥാനം തുടങ്ങിവച്ചത്. അതിന്റെ നിർവചനമാകട്ടെ ഹയരാർക്കിയുടെ അപ്പസ്തോലിക പ്രവർത്തനത്തിലുള്ള കത്തോലിക്കാ അല്മായരുടെ പങ്കാളിത്തം (the participation of the Catholic laity in the Apostolate of the hierarchy) എന്നായിരുന്നു. നിർവചനത്തിൽനിന്നു വ്യക്തമാകുന്നതുപോലെ പ്രേഷിതപ്രവർത്തനം ഹയരാർക്കിയുടെ മാത്രം അവകാശമായിരുന്നു. അല്മായദൗത്യമാകട്ടെ, ഈ ഉത്തരവാദിത്വനിർവഹണത്തിൽ പങ്കാളികളാവുക എന്നതു മാത്രമായിരുന്നു. വത്തിക്കാൻ സൂനഹദോസ് അല്മായ പ്രേഷിതത്വത്തിലൂടെ നിർണ്ണായകമായ ഒരു മാറ്റം വരുത്തി. ഹയരാർക്കിയുടെ പ്രേഷിതപ്രവർത്തനം എന്നതിനു പകരം സഭയുടെ പ്രേഷിതപ്രവർത്തനത്തിലുള്ള പങ്കാളിത്തം എന്നാക്കി മാറ്റി. പ്രേഷിതപ്രവർത്തനത്തിനുള്ള ഉത്തരവാദിത്തം അല്മായർക്കും അവകാശപ്പെട്ടതാണെന്നുള്ള കൗൺസിലിന്റെ പഠനം സഭയ്ക്ക് പുതിയൊരു ദാർശനികമാറ്റത്തിന് വഴിതെളിച്ചു.

അല്മായപ്രേഷിതത്വത്തെക്കുറിച്ചുള്ള സൂനഹദദോസിന്റെ പ്രബോധനങ്ങൾ വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രമാണരേഖയായ തിരുസഭ(ജനതകളുടെ പ്രകാശം) അല്മായരുടെ അന്തസ്സും അവകാശങ്ങളും എടുത്തുകാട്ടുന്നു. അതുകൊണ്ടു ഈ അധ്യായത്തെ അല്മായരുടെ അവകാശപത്രികയായും

(Bill of Rights) മാഗ്നാകാർട്ടയായും വിശേഷിപ്പിക്കപ്പെടുന്നു. അല്മായപ്രേഷിതത്വത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനവും അതിന്റെ സവിശേഷതകളും എടുത്തുകാട്ടുന്നതാണ് ഈ അധ്യായത്തിലെ 31 മുതൽ 33 വരെയുള്ള വകുപ്പുകൾ ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവുമായി ഒന്നിപ്പിക്കപ്പെടുന്ന ദൈവജനം മുഴുവനായും ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും(പ്രബോധനാധികാരം) രാജത്വത്തിലും (നേതൃത്വാധികാരം) പങ്കുകാരാകുന്നുവെന്നത് (തിരുസഭ 31) അല്മായപ്രേഷിതത്വത്തിന്റെ അടിസ്ഥാനശിലയാണ്.

അല്മായപ്രേഷിതത്വത്തിന്റെ സവിശേഷതെ എടുത്തുകാട്ടുന്ന 33-ാം വകുപ്പനുസരിച്ച്, അല്മായരിലൂടെ മാത്രമേ സഭയ്ക്ക് ലോകത്തിന്റെ 'ഉപ്പാ'യി (പുളിമാവ്, catalyst - തിരുത്തൽ ശക്തി എന്നെല്ലാം അർത്ഥം) വർത്തിക്കുവാൻ സാധിക്കൂ എന്നുള്ള സാഹചര്യങ്ങളിലും മേഖലകളിലും പ്രവർത്തിക്കുവാൻ അല്മായർ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു. 31-ാം വകുപ്പനുസരിച്ച് അല്മായരുടെ പ്രേഷിതപ്രവർത്തനത്തിന്റെ പ്രത്യേകമേഖല ലോകവും അതിനോടു ബന്ധപ്പെട്ട വ്യാപാരങ്ങളു(ഉദാ: രാഷ്ട്രീയം, തൊഴിൽ, സാംസ്കാരികപ്രവർത്തനങ്ങൾ, കലാമാധ്യമങ്ങൾ തുടങ്ങിയവ)മാണ് ഇവയെ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കനുസൃതമായി ക്രമീകരിച്ചും നിയന്ത്രിച്ചും കൊണ്ടുപോവുകയെന്നതാണു അല്മായപ്രേഷിതത്വത്തിന്റെ സവിശേഷത.

## 2.4 അല്മായ പങ്കാളിത്തത്തിന്റെ അന്തസ്സത്ത

വത്തിക്കാൻ സൂനഹദോസിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ കാലയളവിൽപ്പോലും കൗൺസിലിന്റെ പുത്തൻ ആഭിമുഖ്യങ്ങൾ ഉൾക്കൊള്ളുവാൻ നമുക്ക് - വൈദികർക്കും അല്മായർക്കും മെത്രാന്മാർക്കുതന്നെയും - സാധിച്ചിട്ടില്ല. അല്മായ പ്രേഷിതത്വത്തെ സംബന്ധിച്ചുള്ള സാധാരണ ജനങ്ങളുടെയും അവരെ നയിക്കുന്ന വൈദികരുടെയും കാഴ്ചപ്പാട് കാലഹരണപ്പെട്ടതാണ്. ഇന്ന് അത് പള്ളിമതിൽകെട്ടിനുള്ളിലും വൈദികമന്ദിരങ്ങളിലും ഭക്തസംഘടനകളിലും തിരുന്നാളുകളിലും പള്ളിയോഗങ്ങളിലുമെല്ലാം ഒതുങ്ങിനിൽക്കുന്നു. എന്നാൽ അല്മായരുടെ യഥാർത്ഥത്തിലുള്ള വിളിയും ദൗത്യവുമെല്ലാം ലോകവുമായി ബന്ധപ്പെട്ടിരി

ക്കുന്നുവെന്നുള്ള കൗൺസിലിന്റെ പ്രബോധനം സഭയ്ക്ക് ഉൾക്കൊള്ളുവാൻ സാധിച്ചിട്ടില്ല. ഇതിന്റെ കാരണം ലോകത്തെയും സഭയെയും വിരുദ്ധയാഥാർത്ഥ്യങ്ങളായി കണ്ടിരുന്ന പഴയ മനോഭാവങ്ങളാണ്. കൗൺസിലിനു മുമ്പുള്ള ആദ്ധ്യാത്മികതതയുടെ അടിസ്ഥാനംതന്നെ ലോകത്തെ തിന്മയായി (ലോകം, പിശാച്, ശരീരം) കണ്ടുകൊണ്ടുള്ളതായിരുന്നു. കൗൺസിൽ മുന്നോട്ടുവയ്ക്കുന്നത് ലോകവും സഭയും തമ്മിലുള്ള ബന്ധത്തെയാണ്, ശത്രുതയെ അല്ല (Church-World relationship instead of conflict). ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ അത്രമാത്രം സ്നേഹിച്ചതുകൊണ്ടാണല്ലോ.

അല്മായരുടെ പ്രവർത്തനമണ്ഡലങ്ങൾ ലോകത്തിലാണ്. സഭ തന്നെയും ലോകത്തിലായിരിക്കുന്നതു ലോകത്തിന്റെ രക്ഷയ്ക്കു വേണ്ടിയാണ്. അല്മായരാകട്ടെ ലോകത്തിലായിരുന്നത് അവരുടെ പ്രവർത്തനമേഖലകളെ ദൈവികതലത്തിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനുവേണ്ടിയാണ് (They are in the Church for the World).

കൗൺസിലിനുമുമ്പ് രക്ഷ എന്ന വാക്കുകൊണ്ടർത്ഥമാക്കിയിരുന്നത് ആത്മാവിന്റെ രക്ഷ എന്ന സങ്കുചിത അർത്ഥത്തിലായിരുന്നു. ഇന്നാകട്ടെ, രക്ഷകൊണ്ടു വിവക്ഷിക്കുന്നത് ആത്മശരീരങ്ങളോടുകൂടിയ മനുഷ്യന്റെ പൂർണ്ണവും സമഗ്രവുമായ രക്ഷയെയാണ്. ഓരോ മനുഷ്യന്റെയും, എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കും വികസനത്തിനും വേണ്ടിയുള്ള പ്രവർത്തനമാവശ്യമാണ്. നീതിക്കും സമാധാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കു ചേരുക എന്നതാണ് യഥാർത്ഥത്തിലുള്ള അല്മായ പ്രേഷിതത്വം. ഇതു സഭയുടെ പൊതുവായ ദൗത്യമാണെങ്കിലും ഭൗതികമേഖലകളിൽ പ്രവർത്തിക്കുന്നവരെന്ന നിലയിൽ ഇതു മുഖ്യമായും അല്മായരുടെ പ്രത്യേക ദൗത്യമാണ്.

# 2

# അല്മായർ സഭയിലും പൊതുമണ്ഡലത്തിലും

ഡോ. സ്കറിയാ സക്കറിയ

## രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിഴലും വെളിച്ചവും

അൻപതുവർഷം മുൻപ് ഹൈസ്കൂളിൽനിന്നു കോളജിലേക്കു ജിജ്ഞാസാപൂർവം കടന്നുവന്ന ഒരു സാധാരണവിദ്യാർത്ഥിയായ എന്റെ മനസ്സിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു മഹാസംഭവമായി അന്ന് അനുഭവപ്പെട്ടിരിക്കാനിടയില്ല. എന്നാൽ കോളജ് വിദ്യാഭ്യാസകാലത്ത് (1963-1969) രണ്ടാം വത്തിക്കാൻ കൗൺസിലും അതിന്റെ നടപടികളും മതത്തിൽ താല്പര്യമുള്ള എല്ലാവരേയും ചിന്താപരമായി പിടിച്ചുലച്ചു. ക്യാമ്പസിൽ കൗൺസിൽ തീരുമാനങ്ങൾ പരാമർശിക്കപ്പെട്ടു, ക്ലാസ്മുറിയിലും പുറത്തും. ക്യാമ്പസിനു പുറത്തു സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ കൗൺസിൽ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ടു. ചർച്ചകളുടെ ഉള്ളടക്കത്തെക്കാൾ ചർച്ചകളുടെ ശൈലിയായിരുന്നു ഞങ്ങളെപ്പോലുള്ളവരെ ഏറെ ആകർഷിച്ചത്. പണ്ടൊരിക്കലുമില്ലാത്തവിധം സഭ ലോകത്തിലേക്ക് ഇറങ്ങിവരുന്നു. 'സഭ ആധുനികലോകത്തിൽ' എന്ന കൗൺസിൽ രേഖ സൂചിപ്പിക്കുന്നതുപോലെ ലോകത്തിൽനിന്നു പഠിക്കാനും അറിയാനും പ്രചോദനം നേടാനും ശ്രമിക്കുന്ന കത്തോലിക്കസഭ വിജ്ഞാനപരിശ്രമങ്ങളിൽത്തന്നെ വലിയ മാറ്റമുണ്ടാക്കി. അതിന്റെ അലയൊലികൾ പള്ളിയിലും പള്ളിക്കൂടത്തിലും പള്ളിയോഗത്തിലും സെമിനാരിയിലും ഉണ്ടായി. ലോകത്തിലേക്കു സഭ വാതിൽ തുറന്നിട്ടപ്പോൾ കാറ്റു ചീറിയടിച്ചത് സഭയ്ക്കുള്ളിലേക്കാണ്. അപ്രതീക്ഷിതമായി കടന്നുവന്ന കാറ്റ് പഴമയുടെ മാറാല

കൾ മാത്രമല്ല, തിരുശേഷിപ്പുകളും പറത്തിക്കൊണ്ടുപോയി. ഏറെ പ്രാധാന്യം കാറ്റിന്റെ കടന്നുവരവിനും കടന്നുപോക്കിനും ഉണ്ടായി. 'ആൾക്കൂട്ടത്തിൽനിന്നു അറിവു നേടുന്ന ശീലം' തീരെയില്ലാതിരുന്ന പാശ്ചാത്യ കത്തോലിക്കസഭയിൽ ഇതു തീവ്രപ്രതികരണങ്ങളുണ്ടാക്കി. സഭാപിതാക്കന്മാർ നവീകരണത്തിന്റെ വഴിയിൽ ഉറച്ചുനിന്നതുകൊണ്ട് നവീകരണത്തിന്റെ കാറ്റ് പിന്നെയും വീശി.

സഭാനവീകരണം റോമിൽനിന്നു തുടങ്ങിയതാണെങ്കിലും ദേശീയ, പ്രാദേശികതലങ്ങളിലേക്ക് താഴ്ന്നിറങ്ങിവന്നു. തുറന്ന ചർച്ചകളും സ്വതന്ത്രമായ പഠനങ്ങളും കർമ്മപദ്ധതികളും ഉണ്ടായി. കൊച്ചുകേരളത്തിലെ പ്രാദേശികതലങ്ങളിൽ തുടങ്ങി സംസ്ഥാനതലത്തോളമെത്തി നവീകരണശ്രമങ്ങൾ. കേരളസഭാ സെമിനാറുകൾ കേരള കത്തോലിക്കരുടെ വിശ്വാസൈക്യവും പരിവർത്തനദാഹവും വെളിപ്പെടുത്തുന്നതായിരുന്നു. പള്ളിയിലെ ചർച്ചാവേദികളിൽ സാധാരണനിലയിൽ പ്രത്യക്ഷപ്പെടാത്ത രാഷ്ട്രീയനേതാക്കൾ, വനിതകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ, യുവാക്കൾ, ബുദ്ധിജീവികൾ എന്നിവരുടെയെല്ലാം പങ്കാളിത്തമുണ്ടായപ്പോൾ വലിയൊരു 'ആൾക്കൂട്ട'മായി മാറി സഭാനവീകരണവേദികൾ. 'ആൾക്കൂട്ട'ത്തിനു സഹജമായ ശക്തികളും ദൗർബല്യങ്ങളുമുണ്ട്. തത്ത്വനിഷ്ഠമായി എല്ലാം ചെയ്യാൻ ആൾക്കൂട്ടത്തിനു കഴിഞ്ഞെന്നുവരില്ല. പക്ഷേ കൗൺസിൽ അവരുടെ നിഷ്കളങ്കതയും നൈസർഗ്ഗികതയും വകവച്ചു കൊടുക്കണം. ശാസ്ത്രങ്ങൾ നൽകിയ പുതിയ അറിവുകളുടെ വെളിച്ചം മതവിജ്ഞാനത്തിലേക്കും സാമൂഹികനടപടികളിലേക്കും കടത്തിക്കൊണ്ടുവന്നപ്പോൾ വല്ലാത്ത അങ്കലാപ്പുണ്ടായി. ചോദ്യം ചെയ്യപ്പെടാത്തവ എന്നു കരുതിയിരുന്ന പലതും ചർച്ചാവിഷയങ്ങളായി. വിശ്വാസം, സന്മാർഗ്ഗം, പാരമ്പര്യം തുടങ്ങിയവയെക്കൂടി സ്പർശിക്കുന്നവയായി പുതിയ അറിവുകൾ. സഭ ആധുനികലോകത്തിൽ എന്നതിന്റെ വിവക്ഷയും പ്രയോഗവും സൂചിപ്പിക്കാൻ ഇത്രയും മതിയാകും. അതേ, കൗൺസിൽ സഭ ലോകത്തിലാണ് എന്ന കാര്യം ആവർത്തിച്ചുറപ്പിച്ചു. ഇതു അലോസകരമെങ്കിലും ആരോഗ്യകരമായ വ്യതിയാനമായിരുന്നു. ആൾക്കൂട്ട ത്തിൽനിന്നു അറിവു നേടുക എന്ന പുതിയ ശൈലിയാകട്ടെ പാരമ്പര്യത്തിന്റെ ഉരുക്കുകോട്ടകളിൽപ്പോലും വിള്ളലുകൾ ഉണ്ടാക്കി.

എന്തായിരുന്നു ഫലം? സഭയെ രക്ഷിക്കാൻ ഒരു കൂട്ടർ വാതിലുകളെല്ലാം കൊട്ടിയടയ്ക്കാൻ ശ്രമം തുടങ്ങി. അതിന്നും തുടരുന്നു. ആൾക്കൂട്ടത്തിൽനിന്നു അറിവു നേടുന്നതിൽ രോഷം പൂണ്ടവർ എന്തിനും ഏതിനും 'ദൈവനിശ്ചയത്താൽ' എന്ന വിശേഷണം ചേർത്തു സർവാധിപത്യമായി സഭയെ മാറ്റി. ഈ പ്രവണത ഇന്നു ശക്തി പ്രാപിക്കുകയാണ്. സഭാഭരണസംവിധാനങ്ങളും ചർച്ചാവേദികളും പരിശീലനക്കളരികളുമെല്ലാം ഏകപക്ഷീയമായ പ്രബോധനത്തിനുള്ള വേദികളായി മാറി. എന്നാൽ ഇതു മാത്രമാണ് സഭ എന്ന ലളിതധാരണ നന്നല്ല. സഭയ്ക്കുള്ളിൽ വത്തിക്കാൻ കൗൺസിൽ തുറന്നിട്ട പരിവർത്തനത്തിന്റെ കാറ്റ് ഇപ്പോഴും വീശുന്നുണ്ട്. അധികാരവികേന്ദ്രീകരണം, വൈവിധ്യവൽക്കരണം, തദ്ദേശീകരണം തുടങ്ങിയ ആശയാവലികൾ പഴഞ്ചരുടെയും പുതുമക്കാരുടെയും ഇടപെടലുകളിലൂടെ വ്യാപിക്കുകയാണ്.

കേരളത്തിൽ കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ സഭാഘടനയിലുണ്ടായ മാറ്റങ്ങൾ കണ്ടില്ലെന്നു നടിക്കാനാവില്ല. ഇത്രയും കൊണ്ടു തൃപ്തിപ്പെടാനാവില്ല എന്നതു മറ്റൊരു കാര്യം. ദൈവജനത്തിന്റെ കൂട്ടായ്മ, പ്രാദേശികസഭകളുടെ തനിമ തുടങ്ങിയ ആശയങ്ങൾ എല്ലാ തലങ്ങളിലും അംഗീകരിക്കപ്പെടുന്നു. എന്നാൽ മാറ്റങ്ങളെയെല്ലാം അനുഷ്ഠാനങ്ങളിൽ ഒതുക്കി അധികാരഘടന സർവാധിപത്യപരമായി നിലനിറുത്താൻ തീവ്രശ്രമം നടക്കുന്നു. പുതിയ കാലഘട്ടത്തിൽ സഭയടക്കമുള്ള സംഘടനകൾ നേരിടുന്ന അച്ചടക്കപ്രശ്നങ്ങൾ ഏകാധിപത്യപരമായ അധികാരശ്രേണീകരണംകൊണ്ടു പരിഹരിക്കാനാവുമോ? മാത്രമല്ല, അത്തരം സംവിധാനങ്ങൾ കോർപ്പറേറ്റ് വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തന മാതൃകയിൽ ലാഭേച്ഛമാത്രം മുൻനിർത്തി പ്രവർത്തിക്കുകയും ചെയ്യുന്നു. അല്മായരും വൈദികരും ഇക്കാര്യത്തിൽ പരസ്പരം മത്സരിക്കുകയാണ്. ഏറ്റവും കൂടുതൽ തുക കോഴ വാങ്ങി മെഡിക്കൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന സംഘടന എന്ന ദുഷ്കീർത്തി എത്ര പെട്ടെന്നാണ് കത്തോലിക്കസഭ സമ്പാദിച്ചത്. കാര്യക്ഷമതയുടെ പേരിൽ എങ്ങനെ തിന്മ ഇടം പിടിക്കുന്നു എന്നതിന്റെ മാതൃകയാണിത്. ഇത്തരം രംഗങ്ങളിൽ തിരുത്തൽ ശക്തിയായി അല്മായർക്ക് എങ്ങനെ ഇടപെടാം എന്നത് പ്രസക്തമായ ചോദ്യമാണ്. പരമ്പരാഗത കേരളകത്തോലിക്കരുടെ സഭാസങ്കല്പത്തിൽ 'ഇണങ്ങാ'ണ് അടിസ്ഥാനകൂട്ടായ്മ. അതിലെ അംഗങ്ങളാ

ണ് പട്ടക്കാരും മറ്റ് ഇണങ്ങരും. രണ്ടാം വത്തിക്കാൻ സൂനഹദോസ് താത്ത്വികമായി അവതരിപ്പിച്ച ദൈവജനത്തിന്റെ കൂട്ടായ്മ എന്ന ആശയം നൂറ്റാണ്ടുകളോളം നസ്രാണികൾ പ്രയോഗത്തിൽ നിലനിറുത്തിയിരുന്നു എന്നു സാരം. പാരമ്പര്യത്തിന്റെ ഭാഗമായി സഭാഭരണക്രമം നവീകരിച്ചുപയോഗിക്കേണ്ടതിന്റെ ആവശ്യകത വെളിവാക്കാൻ ഈ സൂചന മതി.

ലോകത്തിന്റെ മാറ്റങ്ങൾ, കാലത്തിന്റെ അടയാളങ്ങൾ മാനവസമൂഹത്തെ ഒരു തുറന്ന സമൂഹമാക്കി മാറ്റിയിരിക്കുന്നു. ഇതിനിടയിൽ ഒട്ടകപ്പക്ഷിയെപ്പെലെ തല പൂഴ്ത്തിയിരിക്കാൻ സഭയ്ക്കു കഴിയില്ല. സഭ വിശിഷ്യ ലോകത്തിലായിരിക്കുന്ന അല്മായസഭ ലോകത്തെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. പഠനവും അന്വേഷണവും ആവശ്യമുള്ള രംഗമാണിത്. അനിശ്ചിതത്വത്തിലേക്കു തുറക്കുന്നവയാണ് പല അന്വേഷണവഴികളും. വിശ്വാസപരിശീലനം, വിദ്യാഭ്യാസം, ധാർമ്മികത തുടങ്ങിയ മർമ്മപ്രധാനമായ വിഷയങ്ങളിലെല്ലാം അറിവിന്റെ അജ്ഞേയത വലിയ വെല്ലുവിളി ഉയർത്തുന്നു. മാധ്യമങ്ങളും മൂലധനവും സൃഷ്ടിക്കുന്ന ഭ്രമകരമായ ചക്രവാളങ്ങൾ മൂല്യനിഷ്ഠമായ ചിന്തയെത്തന്നെ അലങ്കോലപ്പെടുത്തുന്നു. ഇവിടെ ഇനി മുന്നോട്ടു പോകാൻ, അറിയാനും അറിയിക്കാനും ഉദാരത കാട്ടുന്ന വിജ്ഞാനസമൂഹമുണ്ടാകണം. മതവിജ്ഞാനം ഏറ്റെടുക്കേണ്ട വെല്ലുവിളിയാണിത്. വാദിക്കാനും ജയിക്കാനുമുള്ള ക്ഷുദ്രകൗതുകം ഉപേക്ഷിച്ച്, സ്വതന്ത്രവും നിർഭയവും കാര്യക്ഷമവുമായ അന്വേഷണത്തിലേക്കുള്ള 'ദൈവവിളി' ഏറ്റെടുക്കാൻ വിജ്ഞാനയുഗത്തിൽ അല്മായർക്കു കഴിയണം. അത്തരം അറിവുകൾ പങ്കുവയ്ക്കാൻ വേദികളുണ്ടാവണം. നിർഭാഗ്യവശാൽ സഭയുടെ ഔദ്യോഗികവേദികൾക്ക് ദാസഭാവമാണ് ഏറെ പ്രീതികരം. അത്തരം സംഘങ്ങൾക്കും കൂട്ടായ്മകൾക്കും ഒന്നും സംഭാവന ചെയ്യാനാവില്ല. പരസ്പരബന്ധങ്ങളിൽ ആത്മവിശ്വാസത്തോടെ ഇടപെടാൻ കഴിയുന്ന താൻപോരിമബോധമുള്ള അല്മായർക്ക് കേരളസഭയുടെ സുസ്ഥിതിയിൽ വലിയ പങ്കു വഹിക്കാനുണ്ട്. സഭയ്ക്കുള്ളിൽ മാത്രമല്ല, സഭയ്ക്കു പുറത്തു വിശാലമായ ലോകത്തിലും അവർക്കു പുതിയ കർമ്മമണ്ഡലങ്ങളുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്കസഭയക്കു നൽകിയ മാർഗ്ഗദർശനത്തിലാണ് ഇതരമതങ്ങളുമായുള്ള സംവാദം സജീവചർച്ചാവിഷയമായത്.

പോർത്തുഗീസുകാർ കേരളത്തിൽ വരുന്നകാലത്ത് ഇതര മതങ്ങളെക്കുറിച്ച് നസ്രാണികൾ പുലർത്തിയിരുന്ന കാഴ്ചപ്പാട് ഇന്നത്തെ നിലയിൽ ഏറെ പ്രസക്തമാണ്. അതു ലോക ക്രൈസ്തവസമൂഹത്തിന്റെ പൈതൃകമായി അവതരിപ്പിക്കാൻ കേരളത്തിലെ കത്തോലിക്ക മതവിജ്ഞാനികൾക്കു കഴിയണം. കാലോചിതമായി പരിഷ്കരിക്കണമെങ്കിൽ അതിനും തയ്യാറാകണം. അത്തരം ധീരമായ ചുവടുവയ്പുകൾ മതങ്ങൾ തമ്മിലുള്ള സംവാദങ്ങൾ സുഗമമാക്കും. ഇക്കാര്യത്തിൽ മതവൈവിധ്യമുള്ള ഏഷ്യക്കാണ് നേതൃത്വം നൽകാൻ കഴിയുക,. കേരളം പോലെയുള്ള നാടുകൾക്കു മതവൈവിധ്യത്തിന്റെയും മതസൗഹൃദത്തിന്റെയും സവിശേഷ ജൈവമാതൃകകളുണ്ട്. ചിന്തകളിലൂടെയും കർമ്മങ്ങളിലൂടെയും മതാന്തരസൗഹൃദം വളർത്തുക അല്മായരുടെ നിയോഗമാണ്.

അനുസ്മരണം പഴമ കൊറിക്കാനുള്ള അവസരമല്ല. പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ ഒരുങ്ങുന്നതിനുള്ള അവസരമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഓർമകൾ ഒട്ടേറെ സന്തോഷവും ഇച്ഛാഭംഗവും നൽകുന്നു. എങ്കിലും നമുക്കു മുന്നോട്ടു പോയേ തീരൂ. സഭാത്മകമായ ജീവിതവും പഠനപരിശ്രമങ്ങളും ഈ ശുഭചിന്ത നമ്മിൽ വളർത്തട്ടെ. അതാണ് കളരിക്കലച്ചന്റെ ജീവിതമാതൃക. വിടാതെ പോരടിക്കുക.

3

## രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിദ്യാഭ്യാസദർശനം

പ്രൊഫ. രാജൻ കെ. അമ്പൂരി

**ആമുഖം**

മനുഷ്യജീവിതത്തിലും സാമൂഹ്യപുരോഗതിയിലും വിദ്യാഭ്യാസത്തിനുള്ള സ്വാധീനം ഏറ്റുപറഞ്ഞുകൊണ്ടാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ച പ്രഖ്യാപനം ആരംഭിക്കുന്നത്. 1965 ഒക്ടോബർ 28നാണ് ഈ പ്രമാണരേഖ പ്രഖ്യാപനമായി പുറപ്പെടുവിച്ചത്. ദൈവരാജ്യസൃഷ്ടിക്കായി അഹോരാത്രം പണിയെടുത്ത യേശുവിന്റെ കാൽപാടുകൾ പിൻതുടരുവാനും ലോകത്തെ സകലവിധ അടിമത്തങ്ങളിൽനിന്നും മോചിപ്പിക്കുവാനും അടിയന്തിരമായും അടിസ്ഥാനപരമായും ചെയ്യേണ്ടത് വിദ്യാഭ്യാസമണ്ഡല പരിഷ്ക്കരണമാണെന്ന് കൗൺസിൽ സാക്ഷ്യപ്പെടുത്തുന്നു. നിലവിലിരിക്കുന്ന ജീവിതസാഹചര്യങ്ങളാണ് ഇത്തരത്തിലൊരു നിരീക്ഷണത്തിലേക്ക് കൗൺസിലിനെ നയിച്ചത്.

തങ്ങളുടെ മഹത്ത്വവും ചുമതലകളും വിവേചിച്ചറിയുന്ന ആധുനികതലമുറ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സജീവമായി പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നതായി കൗൺസിൽ നിരീക്ഷിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യകളുടെയും വളർച്ച ഇത്തരത്തിലുള്ള സാമൂഹിക ഇടപെടലുകളെ സഹായിക്കുന്നതായും സൂചനയുണ്ട്. അടിസ്ഥാനപരമായ ചില കണ്ടെത്തലുകളും നിർദ്ദേശങ്ങളും പ്രാരംഭത്തിൽ കൊടുത്തിരിക്കുന്നത് പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു.

(i) ലോകമാകമാനം വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്.

(ii) വിദ്യാഭ്യാസത്തിനുള്ള മനുഷ്യന്റെ മൗലികാവകാശം പ്രഖ്യാപിക്കപ്പെടുന്നുണ്ട്.

(iii) വിദ്യാർത്ഥികളുടെ വർദ്ധനയ്ക്കൊപ്പം വിദ്യാലയങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുകയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(iv) കുട്ടികളുടെ പരിശീലനവും അദ്ധ്യാപനരീതികളും കാലോചിതമായി പരിഷ്ക്കരിക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

(v) പ്രാഥമിക വിദ്യാഭ്യാസംപോലും ലഭിക്കാത്ത വളരെയധികം കുട്ടികളും യുവാക്കളുമുണ്ട്.

(vi) സനാതനമൂല്യങ്ങളായ സത്യവും സ്നേഹവും നീതിയുമൊക്കെ വളർത്തുന്ന ശരിയായ വിദ്യാഭ്യാസം ബഹുഭൂരിപക്ഷം പേർക്കും ലഭിക്കുന്നില്ല.

(vii) വിദ്യാഭ്യാസത്തിന്റെ വളർച്ചയിലും പുരോഗതിയിലും സഭയും ഭാഗഭാക്കാകണം. ഇതുവഴി ക്രിസ്തുവിൽ എല്ലാം നവീകരിക്കുക — രക്ഷയുടെ രഹസ്യം എല്ലാവരോടും പ്രഖ്യാപിക്കുക എന്ന സഭയുടെ ആത്യന്തികലക്ഷ്യം നേടിയെടുക്കാൻ സാധിക്കുമെന്ന പ്രത്യാശയും കൗൺസിൽ പ്രകടിപ്പിക്കുന്നുണ്ട്. പന്ത്രണ്ട് തലക്കെട്ടുകളിലായി അവതരിപ്പിച്ചിരിക്കുന്ന വിദ്യാഭ്യാസദർശനം ലഘുവായി അവതരിപ്പിക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

## വിദ്യാഭ്യാസം - മൗലികാവകാശം

മനുഷ്യവ്യക്തിത്വത്തിന്റെ മാഹാത്മ്യം ഏറ്റുപറയുന്ന കൗൺസിൽ ഏതവസ്ഥയിലുള്ളവർക്കും വിദ്യാഭ്യാസം നേടാനുള്ള അവകാശം ഉണ്ടെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട്. മനുഷ്യന്റെ പരമാന്ത്യം മുന്നിൽ കണ്ടുകൊണ്ട് അവന്റെ വ്യക്തിത്വത്തിനു രൂപം കൊടുക്കുകയാണ് ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതുവഴി അവനുൾപ്പെടുന്ന സമൂഹത്തിന്റെ അഭിവൃദ്ധിയും വിദ്യാഭ്യാസം ഉന്നം വെയ്ക്കുന്നു. സയൻസിലും ടെക്നോളജിയിലും ഉണ്ടായിട്ടുള്ള പുരോഗതിക്കനുസൃതമായി കുട്ടികളുടെയും യുവാക്കളുടെയും കഴിവുകൾ വികസിപ്പിക്കാൻ വിദ്യാഭ്യാസം സഹായകരമാകണം. പ്രതികൂല സാഹചര്യങ്ങളിൽ കാലിടറാതെ ധീരതയോടും സ്ഥിരപരി

ശ്രമത്തോടുംകൂടി സ്വജീവിതം കരുപ്പിടിപ്പിക്കുവാൻ ശക്തി സമാർജ്ജിക്കാനുള്ള വിദ്യാഭ്യാസം അവർക്കു നല്കേണ്ടതാണ്. സാമൂഹികജീവിതത്തിൽനിന്നും ഒഴിഞ്ഞുമാറുന്ന പ്രവണത അവസാനിപ്പിച്ചുകൊണ്ട് മനുഷ്യസമൂഹത്തിന്റെ ആകമാനവളർച്ചയിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത വളർത്തിയെടുക്കാൻ ഉപയുക്തമായ വിദ്യാ ഭ്യാസമാണ് നല്കപ്പെടേണ്ടത്. വിവിധ കലകൾ അഭ്യസിക്കാനുള്ള അവസരം ഒരുക്കുകവഴി വിവിധ സാമൂഹികസംഘടനകളോട് ചേർന്നു പ്രവർത്തിക്കാനും മറ്റു മനുഷ്യരുമായി ആശയസമ്പർക്കം പുലർത്താനും പൊതുനന്മ വളർത്താനും പരമാവധി പരിശ്രമിക്കാൻ അവരെ സഹായിക്കണം. ഏറ്റം പ്രധാനമായി ശരിയായ മനസ്സാക്ഷിരൂപീകരണത്തിലൂടെ ധാർമ്മികമൂല്യങ്ങളെ വിലയിരുത്താനും ഈ ധാർമ്മികമൂല്യങ്ങളെ വ്യക്തിപരമായി സ്വായത്തമാക്കാനും ദൈവത്തെ ശരിയായി അറിഞ്ഞു സ്നേഹിക്കാനും സഹായിക്കുന്ന വിദ്യാഭ്യാസപരിശീലനം ലഭിക്കാൻ കുട്ടികൾക്കും യുവജനങ്ങൾക്കും അവകാശമുണ്ടെന്ന് കൗൺസിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ഈ അവകാശം ഒരു കാരണവശാലും യുവാക്കൾക്ക് നിഷേധിക്കുവാൻ പാടില്ലായെന്ന് വിദ്യാഭ്യാസഏജൻസികളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വിദ്യാഭ്യാസമേഖലകളിൽ ഉദാരമായി പ്രവർത്തിക്കണമെന്നും കൗൺസിൽ ആഹ്വാനം ചെയ്യുന്നു. വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും ലഭിക്കുന്ന നേട്ടങ്ങൾ സർവ്വജനത്തിനും അവകാശപ്പെട്ടതാണെന്നും കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു.

## ക്രിസ്തീയ വിദ്യാഭ്യാസവും - ലക്ഷ്യങ്ങളും

ജലത്താലും പരിശുദ്ധാത്മാവിനാലും ജനിച്ച് ഒരു പുതിയ സൃഷ്ടിയാകുകവഴി ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അതിനാൽതന്നെ അവർക്ക് ക്രിസ്തീയവിദ്യാഭ്യാസത്തിന് അവകാശവുമുണ്ട്. മാമോദീസാ സ്വീകരിച്ചവരെ സാവധാനം രക്ഷാകരരഹസ്യത്തിലേക്ക് നയിക്കാൻ ക്രിസ്തീയവിദ്യാഭ്യാസത്തിനു കഴിയണം. ക്രിസ്തുവിന്റെ പൂർണ്ണതയ്ക്കു യോജിച്ചവിധത്തിൽ (എഫേ.4:13) പരിപൂർണ്ണമായ മനുഷ്യവ്യക്തിത്വം നേടിയെടുക്കുക, മൗതികശരീരത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക തുടങ്ങിയ കാര്യങ്ങളും ക്രിസ്തീയവിദ്യാ

ഭ്യാസം ലക്ഷ്യമാക്കുന്നു. ലോകത്തെ ക്രൈസ്തവാരൂപിയിൽ പരിവർത്തനം ചെയ്യാൻ സഹായിക്കുന്ന തരത്തിലുള്ള പരിശീലനമാണ് നല്കപ്പെടേണ്ടത്. ചുരുക്കത്തിൽ, ക്രിസ്തീയവിദ്യാഭ്യാസമെന്നത് സാധാരണ വിദ്യാഭ്യാസത്തിനു പുറമേ വച്ചുപിടിപ്പിക്കുന്ന മതവിജ്ഞാനമല്ല. അതുകൊണ്ടു തന്നെ എല്ലാ വിശ്വാസികൾക്കും, പ്രത്യേകിച്ചു സഭയുടെ പ്രതീക്ഷയായ യുവജനങ്ങൾക്ക് ക്രിസ്തീയവിദ്യാഭ്യാസം നല്കുന്നതിനു വേണ്ടതെല്ലാം സജ്ജീകരിക്കുവാനുള്ള കടമ ആത്മപാലകർക്കുണ്ടെന്നും കൗൺസിൽ ഓർമ്മപ്പെടുത്തുന്നു.

### വിദ്യാഭ്യാസവും കുടുംബവും

കുട്ടികൾക്കു വിദ്യാഭ്യാസം നല്കാനുള്ള പ്രഥമ കടമ മാതാപിതാക്കൾക്കു തന്നെയാണ്. സ്രഷ്ടാവായ ദൈവത്തോടുള്ള ബന്ധം വളർത്തുന്നതോടൊപ്പം സഹജീവികളോട് സ്നേഹാദരങ്ങളോടെ പെരുമാറാൻ സഹായിക്കുന്നതരത്തിലുള്ള ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കുവാൻ മാതാപിതാക്കൾ ബോധപൂർവ്വം ശ്രമിക്കേണ്ടതാണ്. കുടുംബമാണ് പ്രഥമവിദ്യാലയം എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുവേണം മാതാപിതാക്കൾ വർത്തിക്കേണ്ടത്. വിവാഹമെന്ന കൂദാശയുടെ പ്രസാദവരത്തിൽ ധന്യമായ ഒരു കുടുംബാന്തരീക്ഷം നിലനിർത്തുന്നതോടൊപ്പം വിശ്വാസത്തിനിണങ്ങുന്നവിധം ദൈവത്തെ അറിഞ്ഞാരാധിക്കാനും അയൽക്കാരനെ സ്നേഹിക്കാനും, ആവശ്യമുള്ളവർക്കു സഹായമെത്തിക്കാനും കുട്ടികളെ ചെറുപ്പം മുതലേ പഠിപ്പിക്കേണ്ടതാണ്. ക്രൈസ്തവസ്നേഹത്തിൽ അടിയുറച്ച കുടുംബങ്ങൾവഴിയാണ് സഭയേയും സമൂഹത്തേയും കുട്ടികൾ പരിചയപ്പെടേണ്ടത്. ദൈവജനത്തിന്റെ ജീവിതത്തിനും അഭിവൃദ്ധിക്കും വേണ്ടി ക്രിസ്തീയകുടുംബങ്ങൾ സഹിക്കേണ്ട സുപ്രധാനമായ പങ്കിനെക്കുറിച്ചും കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു.

### വിദ്യാഭ്യാസവും രാഷ്ട്രവും

പൊതുജനക്ഷേമത്തിന് ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കേണ്ടതിന്റെ ഉത്തരവാദിത്വം രാഷ്ട്രത്തിനാണ്. അതിനാൽ പൊതുവിദ്യാഭ്യാസമേഖലയിലൂടെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ട ചുമതല പ്രഥമമായി രാഷ്ട്രത്തിന്റേതാണ്. മാത്രമല്ല മാതാപിതാക്കളുടെയും മറ്റു വിദ്യാഭ്യാസപ്രവർത്തകരുടെയും

അവകാശങ്ങൾ രാഷ്ട്രം സംരക്ഷിക്കണമെന്നും കൗൺസിൽ നിഷ്കർഷിക്കുന്നു. ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് പാപ്പായുടെ ക്വാഡ്രജേസിമോ ആനോ എന്ന വിശ്വലേഖനത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന Principle of Subsidiarity — സമൂഹജീവിതത്തിൽ കീഴ്ഘടകങ്ങൾക്ക് ചെയ്യാവുന്നവ മേൽഘടകങ്ങൾ ഏറ്റെടുക്കരുത് എന്ന തത്ത്വം — സ്വീകാര്യമായി തോന്നാമെങ്കിലും നീതിയുക്തമായ പ്രവർത്തനം നടത്തുന്ന ഏജൻസികളുടെ അഭാവത്തിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുവാനുള്ള ഉത്തരവാദിത്വം രാഷ്ട്രം തന്നെ ഏറ്റെടുക്കണമെന്ന് കൗൺസിൽ നിർബന്ധിക്കുന്നു. സർവ്വോപരി പൊതുനന്മ ആവശ്യപ്പെടുന്നിടത്തോളം പൊതുവിദ്യാലയങ്ങളും, ഇതര വിദ്യാഭ്യാസസ്ഥാപനങ്ങളും നിർമ്മിക്കേണ്ടതിന്റെ ഉത്തരവാദിത്വം രാഷ്ട്രത്തിൽ നിക്ഷിപ്തമാണ്.

## വിദ്യാഭ്യാസവും സഭയും

വിദ്യാഭ്യാസം നല്കാനുള്ള ചുമതല ഒരു പ്രത്യേകവിധത്തിൽ സഭയുടേതും കൂടിയാണെന്ന് കൗൺസിൽ അഭിപ്രായപ്പെടുന്നു. രക്ഷയുടെ മാർഗ്ഗം എല്ലാവരിലും എത്തിക്കേണ്ട ഉത്തരവാദിത്വം സഭയിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ, സഭാമക്കളുടെ ജീവിതം മുഴുവനും ക്രിസ്തുവിന്റെ ചൈതന്യത്താൽ പ്രബുദ്ധമാക്കാനുള്ള ചുമതല സഭ ഏറ്റെടുക്കേണ്ടതാണ്. അതോടൊപ്പം മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണമായ വളർച്ച ഉറപ്പുവരുത്താനും, ഭൗതികസമൂഹത്തിന്റെ നന്മ ലക്ഷ്യംവെച്ചുകൊണ്ട് ഉത്കൃഷ്ടമായ മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന മെച്ചപ്പെട്ടൊരു ലോകം കെട്ടിപ്പടുക്കുവാനുള്ള സഹായം സഭ നല്കുകയും വേണം. ചുരുക്കത്തിൽ, ചൂഷണരഹിതവും നീതിയുക്തവുമായ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സഭ നേതൃത്വം കൊടുക്കുകയും വേണം. ഇതുവഴി വിദ്യാഭ്യാസമേഖലയിലും സഭയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്നാണ് കൗൺസിൽ വിവക്ഷിക്കുക. കത്തോലിക്കാവിദ്യാലയങ്ങൾ കാലത്തിനനുസൃതമായി സ്വയം അനുരൂപപ്പെടുത്തുമ്പോൾ ഭൗമികരാജ്യത്തിന്റെ മേന്മയ്ക്കായി പ്രയത്നിക്കാൻ കുട്ടികളെ പഠിപ്പിക്കുകയും, ദൈവരാജ്യസൃഷ്ടിക്കായി അവരെ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സുവിശേഷ ചൈതന്യത്താൽ പ്രബുദ്ധമായ ഒരന്തരീക്ഷം വിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് സ്വന്തം വ്യക്തിത്വം വളർത്തി

യെടുക്കാൻ സഹായിക്കുന്നതോടൊപ്പം മാമോദീസാവഴി ലഭിച്ച നവജീവനു യോജിച്ചവിധത്തിൽ വളരാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും വേണം. ഏറ്റവും പ്രധാനമായി, ദരിദ്രരുടെയും കുടുംബത്തിൽനിന്നു ലഭിക്കേണ്ട സഹായങ്ങളും സ്നേഹവാത്സല്യങ്ങളും ലഭിക്കാത്തവരുടെയും, വിശ്വാസമെന്ന ദാനം സ്വീകരിച്ചിട്ടില്ലാത്തവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ വിദ്യാലയങ്ങളെ എന്തു ക്ലേശം സഹിച്ചും സഹായിക്കാൻ അജപാലകർക്കും, വിശ്വാസികൾക്കും ശക്തമായ ഉദ്ബോധനം കൗൺസിൽ നല്കുന്നുണ്ട്.

## സ്കൂൾ വിദ്യാഭ്യാസവും – ഉന്നതവിദ്യാഭ്യാസവും

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഇടയിൽ വിദ്യാലയങ്ങൾക്കു പ്രത്യേക പ്രാധാന്യം നല്കണം. വിവിധങ്ങളായ ജീവിതപശ്ചാത്തലങ്ങളോടും വാസനകളോടും കൂടിയ വിദ്യാർത്ഥികളിൽ സുഹൃദ്ബന്ധം പുലർത്തി അവരിൽ പരസ്പരധാരണയുടെ ചൈതന്യം വളർത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാവണം. കത്തോലിക്കാസ്കൂളുകൾ സ്ഥാപിച്ചുനടത്തുന്നതിൽ ആധുനികകാലത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കേണ്ടതാണ്. അതോടൊപ്പം തൊഴിൽപരവും സാങ്കേതികവുമായ വിദ്യാലയങ്ങളും ഈ കാലഘട്ടത്തിന്റെ ആവശ്യമായി കൗൺസിൽ കാണുന്നുണ്ട്.

ശാസ്ത്രവും സാങ്കേതികവിദ്യയും അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലഘട്ടത്തിൽ കലാലയങ്ങളും സർവ്വകലാശാലകളും സ്ഥാപിക്കേണ്ടത് സഭയുടെ ഉത്തരവാദിത്തമായി കൗൺസിൽ ചൂണ്ടിക്കാട്ടുന്നു. ഇതുവഴി അനുദിനം കൂടുതൽ അഗാധമായ അറിവു സമ്പാദിക്കാനും ആധുനികപ്രശ്നങ്ങളും കണ്ടുപിടുത്തങ്ങളും കൃത്യമായി പഠിച്ചറിഞ്ഞ് ശാസ്ത്രവും വിശ്വാസവും എങ്ങനെ ഒരേ സത്യത്തിലേക്ക് നയിക്കുന്നുവെന്ന് ഗ്രഹിക്കാനും സാധിക്കും. അതോടൊപ്പം സാംസ്കാരികോന്നമനത്തിനുള്ള ശ്രമങ്ങളിൽ സ്ഥായിയും സർവ്വവ്യാപകവുമായ ക്രിസ്തീയവീക്ഷണം ഉണ്ടായിരിക്കണമെന്നും കൗൺസിൽ നിഷ്കർഷിക്കുന്നു. ഇപ്രകാരം സ്ഥാപിക്കപ്പെടുന്ന സ്ഥാപനങ്ങളിൽ സാധുക്കളായ വിദ്യാർത്ഥികളുടെ പ്രവേശനം സുഖകരമാക്കി തീർക്കാൻ ശ്രദ്ധിക്കണമെന്നും കൗൺസിൽ ആഗ്രഹിക്കുന്നു. കാരണം സമുദായത്തിന്റെയും സഭയുടെതന്നെയും ഭാവി ഉന്നതവിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്ന

യുവജനങ്ങളുടെ പുരോഗതിയുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. കൂടുതൽ സമീകൃതവും, സംഘടിതവുമായ ഒരു രീതി വളർത്തിയെടുക്കുകവഴി ഈ ലക്ഷ്യങ്ങൾ സാധിക്കാൻ കഴിയുമെന്നും കൗൺസിൽ പ്രത്യാശിക്കുന്നു.

**അദ്ധ്യാപകർ**

മാതാപിതാക്കളെ അവരുടെ ദൗത്യനിർവ്വഹണത്തിൽ സഹായിക്കുവാനുള്ള കടമ അധ്യാപകന്റേതാണ്. അതുകൊണ്ടുതന്നെ അധ്യാപകരുടെ ദൈവവിളി മഹത്തരവും അതേസമയം ഗൗരവതരവുമാണ്. ഇവിടെ അദ്ധ്യാപകന്റെ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം കൗൺസിൽ സൂചിപ്പിക്കുകയാണ്. അതേസമയം അധ്യാപകരുടെ യോഗ്യതകളും പരിശീലനത്തിന്റെ മേന്മയും ഉറപ്പുവരുത്താൻ രാഷ്ട്രം മേൽനോട്ടം വഹിക്കണമെന്നും കൗൺസിൽ അഭിപ്രായപ്പെടുന്നു. കാലഘട്ടത്തിന് അനുയോജ്യമായ പഠനപദ്ധതികളും, അധ്യയനമാർഗ്ഗങ്ങളും കണ്ടുപിടിക്കാനും സമർത്ഥരായ അധ്യാപകരെ കണ്ടെത്തി വേണ്ട പരിശീലനം നല്കാനും വിശ്വാസികൾ തയ്യാറാവണമെന്നു കൗൺസിൽ ആവശ്യപ്പെടുന്നു.

**ഉപസംഹാരം**

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ചുള്ള കൗൺസിലിന്റെ വീക്ഷണം തികച്ചും സ്വീകാര്യമാണ്. സ്വഭാവരൂപവത്ക്കരണവും ജനസേവനവുമാണ് വിദ്യാഭ്യാസത്തിലൂടെ അടിസ്ഥാനമായി രൂപപ്പെടേണ്ടത്. എന്നാൽ നമ്മുടെ നിലവിലിരിക്കുന്ന വിദ്യാഭ്യാസപദ്ധതിയിലൂടെ ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നുണ്ടോ? ഭാരത കത്തോലിക്കാസഭയും, വിശിഷ്യാ കേരളകത്തോലിക്കാ സഭയും ഈ ചോദ്യത്തിന് പ്രത്യേകമായ മറുപടി പറയേണ്ടതാണ്. കാരണം, വിദ്യാഭ്യാസരംഗത്തെ വൻശക്തികൾ കത്തോലിക്കാ സമൂഹം തന്നെയാണ്. ഇന്ന് സേവന മനോഭാവവും സ്വഭാവരൂപവത്ക്കരണവും മാറി ബിസിനസ്സ് മനസ്ഥിതിയും, സ്വജനപക്ഷപാതവും കോഴയും അഴിമതിയുമൊക്കെ ആധിപത്യം പുലർത്തുന്ന പ്രവണത കൂടിവരുന്നത് കണ്ടില്ലെന്ന് നടിക്കാനാവുമോ? വിദ്യാഭ്യാസമെന്നത് പ്രൊഫഷണൽ വിദ്യാഭ്യാസം മാത്രമായി ചുരുക്കി കാണുവാനുള്ള പ്രവണതയും കൂടി വരുന്നില്ലേ?

ഹൈടെക് വിദ്യാഭ്യാസം നൽകുമ്പോൾ ചെലവുകൾ കൂടുമെന്ന് വാദിക്കുമ്പോൾത്തന്നെ, സമൂഹത്തിലെ പാവപ്പെട്ടവർ പാർശ്വവൽക്കരിക്കപ്പെടുന്നുവെന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ. 100 ശതമാനം വിജയത്തിനായി സ്കൂളുകൾ മത്സരിക്കുമ്പോൾ, മാനുഷിക മൂല്യങ്ങളും ക്രൈസ്തവദർശനങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുന്നതിൽ ഇന്ന് കത്തോലിക്ക വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്തു ചെയ്യുന്നുവെന്നും എത്രകണ്ടു വിജയിക്കുന്നുവെന്നും വിലയിരുത്തപ്പെടേണ്ടതുണ്ട്. മറ്റുള്ളവരും ഇങ്ങനെയൊക്കെയല്ലേ ചെയ്യുന്നത് എന്ന ഒരു ദുർബലവാദം നാം ഉന്നയിക്കുമ്പോൾ, ക്രൈസ്തവ നീതിയെ അവഹേളിക്കുകയാണ് ചെയ്യുന്നത്. നിലവിലുള്ള സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുന്നു. പക്വതയും, വിവേകവും മൂല്യബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കൂടുതൽ അർപ്പണമനോഭാവത്തോടും നിശ്ചയദാർഢ്യത്തോടുംകൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അടിസ്ഥാന ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിക്കാതെ, കൗൺസിൽ മുന്നോട്ടുവെച്ച വിദ്യാഭ്യാസദർശനം സ്വാംശീകരിച്ചുകൊണ്ട് കത്തോലിക്ക സമൂഹം നിസ്വാർത്ഥമായി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഫ്രാൻസീസ് പാപ്പായുടെ സുവിശേഷത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക പ്രബോധനത്തിലെ ഒരു നിരീക്ഷണത്തോടെ (231) ഈ പ്രബന്ധം അവസാനിപ്പിക്കട്ടെ.

ആശയങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിലും നിരന്തരമായ ഒരു സംഘർഷമുണ്ട്. സ്വയമേ ആയിരിക്കുന്നവയാണ് യാഥാർഥ്യങ്ങൾ. ആശയങ്ങളാവട്ടെ അദ്ധ്വാനിച്ചുണ്ടാക്കുന്നവയാണ്. രണ്ടും തമ്മിൽ നിരന്തരമായ സംഭാഷണം വേണം. അല്ലെങ്കിൽ ആശയങ്ങൾ യാഥാർത്ഥ്യങ്ങളിൽനിന്ന് വേർപെട്ട് നിൽക്കും. വാക്കുകളുടെയോ പ്രതീകങ്ങളുടെയോ വാചാടോപത്തിന്റെയോ മണ്ഡലത്തിൽമാത്രം കഴിയുക അപകടകരമാണ്.

# 4

## സഭയുടെ ലോകജാലകം

### സെർജി ആന്റണി

രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്കാസഭയെ സംബന്ധിച്ചു മാത്രമല്ല, സഭയുമായി അഭേദ്യം ബന്ധപ്പെട്ടു കിടക്കുന്ന ലോകത്തെ പൊതുസമൂഹത്തെയും ഏറെ സ്വാധീനിച്ച ചരിത്രസംഭവമാണ്. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള സഭ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളുന്നില്ലെന്ന് മധ്യകാലഘട്ടങ്ങളിൽ വിശേഷിച്ചും പരക്കെ വിമർശനമുയർന്നിരുന്നു. എന്നാൽ ആധുനിക കാലഘട്ടം സഭയുടെചിന്തകളിലും പരിചിന്തനങ്ങളിലും വലിയ മാറ്റങ്ങൾക്കു വിധേയമായി. പുണ്യചരിതരും പണ്ഡിതരുമായ മാർപാപ്പാമാർ ഈ മാറ്റങ്ങൾക്കു ചുക്കാൻ പിടിച്ചു. സഭയുടെ അടിസ്ഥാനവിശ്വാസങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടുതന്നെ സഭാമക്കളെ നയിക്കാൻ അവർക്കു സാധിച്ചു.

വത്തിക്കാൻ കൗൺസിൽ ഈ ദിശയിൽ വലിയൊരു പ്രചോദനമായിരുന്നു. 1962 ഒക്ടോബർ 11 നാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന് ഔദ്യോഗികമായി തുടക്കമായത്. ദീർഘമായ ചർച്ചകളും മറ്റും നടക്കുന്നതുകൊണ്ട് കൗൺസിലിന്റെ പഠനരേഖകൾ പുറത്തുവരുന്നതിന് ഏറെ താമസമുണ്ടാകുമെന്നു പലരും കരുതി. എന്നാൽ വളരെ ലളിതവും അതേസമയം കാര്യഗൗരവം നിറഞ്ഞതുമായ ചർച്ച സംബന്ധിച്ച രേഖകൾ വളരെ വേഗം ലഭ്യമായിത്തുടങ്ങി. കൗൺസിൽ തുടങ്ങി ഒമ്പതാം നാൾ ഒരു രേഖ പ്രസിദ്ധീകരിച്ചു. ജോൺ ഇരുപത്തിമൂന്നാം മാർപാപ്പ നേരിട്ടാണ് ഇതു കൗൺസിൽ മുമ്പാകെ വച്ചത്. സ്വതന്ത്രവും വിശദവുമായ ചർച്ച നടത്തി ആവശ്യമായ ഭേദഗതികൾ വരുത്തി രേഖ അന്തിമമായി

തയാറാക്കണമെന്നു ജോൺ പാപ്പ നിർദ്ദേശിച്ചു. വത്തിക്കാൻ കൗൺസിലിന്റെ തുറവിയെക്കുറിച്ചുള്ള ഏറ്റവും നല്ല സൂചന ഈ നടപടിയിലുണ്ട്. പിന്നീടിങ്ങോട്ടുള്ള ചർച്ചകളിലും ഈ ദിശ വ്യക്തമാണ്.

തികച്ചും ആകസ്മികമായാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ സംബന്ധിച്ച പ്രഖ്യാപനം ഇരുപത്തിമൂന്നാം ജോൺ മാർപാപ്പ നടത്തുന്നത്. മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ട് വെറും 90 ദിവസങ്ങൾക്കു ശേഷം 1959 ജനുവരി 25 നായിരുന്നു ആ പ്രഖ്യാപനം. ഒന്നാം വത്തിക്കാൻ കൗൺസിൽ നടന്നിട്ട് 90 വർഷം പിന്നിട്ടിരുന്നു. നാലുവർഷം നീണ്ടുനിന്ന വളരെ വിപുലമായ ഒരുക്കങ്ങൾക്കു ശേഷം 1962 ഒക്ടോബർ 11 നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഔപചാരികമായി തുടക്കം കുറിക്കുന്നത്. പിന്നീടു ചെറിയൊരു കാലയളവിലേ ജോൺ മാർപാപ്പ പത്രോസിന്റെ സിംഹാസനത്തിൽ ഉണ്ടായിരുന്നുള്ളൂ. പിന്നീടു പോൾ ആറാമൻ മാർപാപ്പ സ്ഥാനമേറ്റു. രണ്ടു പാപ്പാമാരുടെ ഭരണകാലങ്ങളിലായി നടന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയുടെ ദർശനങ്ങളെക്കുറിച്ചു വളരെ വിപ്ലവകരമായ ബോധ്യങ്ങളാണ് നല്കിയത്. സഭയെ ആധുനികലോകവുമായി സമരസപ്പെടുത്താനും വിശ്വാസജീവിതം കൂടുതൽ ശക്തമാക്കാനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാവും അരനൂറ്റാണ്ടു പിന്നിട്ടിട്ടും രണ്ടാം വത്തിക്കാൻ കൗൺ സിലിനെക്കുറിച്ചുള്ള പഠനങ്ങളും പരിചിന്തനങ്ങളും ഇന്നും സജീവമായി നിൽക്കുന്നത്.

സാമൂഹ്യസമ്പർക്കമാധ്യമങ്ങളെക്കുറിച്ചു വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച ഡിക്രി കൗൺസിൽ പാസാക്കിയ ഒമ്പതു ഡിക്രികളിൽ ഒന്നാണ്. പൗരസ്ത്യസഭകൾ, വൈദികർ, മെത്രാന്മാർ, മതാത്മകജീവിതത്തിന്റെ മെച്ചപ്പെടുത്തൽ, അത്മായ പ്രേഷിതത്വം, മിഷൻ പ്രവർത്തനം, വൈദികപരിശീലനം, എക്യുമെനിസം എന്നിവയുമായി ബന്ധപ്പെട്ടായിരുന്നു മറ്റു ഡിക്രികൾ. ഇതു വെറുമൊരു പ്രബന്ധമല്ല. പ്രായോഗിക പ്രാധാന്യമുള്ള രേഖകളാണിവ. ഇതുകൂടാതെ ദൈവശാസ്ത്രവിഷയങ്ങളെക്കുറിച്ചുള്ള രേഖകളും പ്രഖ്യാപനങ്ങളും പ്രസ്താവനകളുമൊക്കെ വത്തിക്കാൻ കൗൺസിലിന്റെ ഭാഗമായി പുറത്തുവന്നിട്ടുണ്ട്.

ആദ്യം അംഗീകരിച്ച രണ്ടു സുപ്രധാന രേഖകളിലൊന്നാണ് സമ്പർക്കമാധ്യമങ്ങളെ സംബന്ധിച്ച പ്രഖ്യാപനം. രണ്ടാമത്തെ സെഷന്റെ അവസാനയോഗത്തിലാണ് ഇതുസംബന്ധിച്ച രേഖ പാസാക്കിയത്. 1963 ഡിസംബർ നാലിനു നടന്ന വോട്ടെടുപ്പിൽ പ്രഖ്യാപനത്തിന് അനുകൂലമായി 1963 വോട്ടും പ്രതികൂലിച്ച് 164 പേരും വോട്ടു ചെയ്തു. ഈ ഡിക്രിയുടെ പ്രഖ്യാപനത്തോടനുബന്ധിച്ച് പോൾ ആറാമൻ മാർപാപ്പ പറഞ്ഞ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. മാധ്യമങ്ങളുടെ പ്രാധാന്യം ശരിക്കും ബോധ്യമാക്കുന്ന വാക്കുകളായിരുന്നു അത്. ആന്തരികവും ബാഹ്യവുമായ ജീവിതത്തെ ഐക്യപ്പെടുത്തുന്ന പ്രാർത്ഥനയിലും സജീവമായ സാക്ഷ്യത്തിലും അധിഷ്ഠിതമായ ഈ ഡിക്രി ചെറിയ മൂല്യമുള്ളതല്ലെന്ന് പോൾ ആറാമൻ മാർപാപ്പ പറയുകയുണ്ടായി. തിരുസഭയുടെ ആഭ്യന്തരവും ബാഹ്യവുമായ ഘടകങ്ങളും പ്രവർത്തനവും പ്രാർത്ഥനയും തമ്മിൽ അനുനയിപ്പിക്കാൻ ഈ ഡിക്രിക്കു കഴിയുമെന്ന പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകൾ എത്രയോ അർഥവത്താണ്.

സാമൂഹ്യസമ്പർക്കമാധ്യമങ്ങളെ എപ്രകാരം ഉപയോഗിക്കാമെന്നതിനെക്കുറിച്ചു സഭ ആദ്യമായി നല്കുന്ന ഒരു ഔദ്യോഗിക പൊതുനിർദ്ദേശമായി കൗൺസിൽ ഡിക്രിയെ കണക്കാക്കുന്നു. ഇന്റർ മിറിഫിക്ക(Inter Mirifica)എന്ന പേരിലാണ് ഈ രേഖ അറിയപ്പെടുന്നത്. അത്ഭുതാവഹമായ കണ്ടുപിടുത്തങ്ങൾ എന്നാണ് ഈ ലത്തീൻ വാക്കിന്റെ അർഥം. മാധ്യമങ്ങൾ സുവിശേഷപ്രഘോഷണത്തിന് എങ്ങനെ ക്രിയാത്മകമായി ഉപയോഗിക്കാം, മാധ്യമരംഗത്തു പ്രവർത്തിക്കുന്നവർ പാലിക്കേണ്ട ധർമങ്ങൾ, സഭയുടെ നിലപാടുകൾ എന്നിവയാണ് 24 ഖണ്ഡികകളുള്ള ഈ ഡിക്രിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സഭയുടെ ആശയവിനിമയത്തിന്റെ കേന്ദ്രബിന്ദു ഈശോ എന്ന വ്യക്തിയും അവിടുത്തെ പ്രബോധനങ്ങളും അവിടുന്നു കാട്ടിയ ജീവന്റെ മാർഗ്ഗവുമാണ്. ഇതൊരു വിശുദ്ധനിയോഗമാണ്. വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ട് അരനൂറ്റാണ്ടു പിന്നിട്ടെങ്കിലും ഈ ദിശയിൽ സഭയ്ക്ക് എന്തു മുന്നേറ്റമുണ്ടായി എന്നു വിലയിരുത്തുമ്പോൾ അഭിമാനിക്കത്തക്കതായി കാര്യമായൊന്നുമുണ്ടെന്നു തോന്നുന്നില്ല.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളിലൊന്നായിരുന്നു സഭയും ലോകവും തമ്മിലുള്ള സ്നേഹസംവാദം. ഇതിന് ഏറ്റവും യോജിച്ച മാർഗം ആശയവിനിമയ മാധ്യമങ്ങൾതന്നെ. അവയെ ഏറെ വിവേകത്തോടും ഉത്തരവാദിത്വത്തോടും കൂടി ഉപയോഗിക്കുക എന്നതാണു പ്രധാനം.

പ്രബോധനപരമായ ഒരു പ്രമാണരേഖ ഉണ്ടാക്കാനാണു കൗൺസിൽ ആഗ്രഹിച്ചതെങ്കിലും കടുത്ത ചില വിമർശനങ്ങളും മറ്റു ചില പരിമിതികളും മൂലം ഇതൊരു ഡിക്രിയായി മാറുകയായിരുന്നു. 114 ഖണ്ഡികകളിലുണ്ടായിരുന്ന രൂപരേഖയാണ് 24 ഖണ്ഡികകളാക്കി ചുരുക്കിയത്. നാലു കർദ്ദിനാൾമാരുൾപ്പെടെ 90 കൗൺസിൽ പിതാക്കന്മാർ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ രൂപരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും പിതാക്കന്മാരുടെ മുമ്പിൽ സമർപ്പിച്ചു.

മാധ്യമങ്ങളെ പൊതുവിൽ മാസ് മീഡിയ അല്ലെങ്കിൽ ബഹുജനമാധ്യമങ്ങൾ എന്നാണു വിശേഷിപ്പിക്കുന്നത്. എന്നാൽ വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച ഡിക്രിയെ മീൻസ് ഓഫ് സോഷ്യൽ കമ്യൂണിക്കേഷൻ അഥവാ സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ എന്നാണ് വിശേഷിപ്പിച്ചത്. ഈ രണ്ടു സംജ്ഞകളും തമ്മിലുള്ള പ്രസക്തമായ ചില വ്യത്യാസങ്ങൾ രേഖയിൽ വ്യക്തമാകുന്നുമുണ്ട്.

ശാസ്ത്രസാങ്കേതികരംഗങ്ങളിലെ അത്ഭുതാവഹമായ കണ്ടുപിടുത്തങ്ങളെ സഭ അംഗീകരിക്കുന്നതായി ഡിക്രിയിൽ അർഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കുന്നുണ്ട്. ഇത്തരം ചില കാര്യങ്ങളിൽ ആദ്യമധ്യകാലഘട്ടങ്ങളിൽ നടന്ന ചില സംഭവങ്ങൾ സഭയ്ക്ക് ഉണ്ടാക്കിയ കളങ്കം ആധുനികസഭ ശരിക്കും മനസ്സിലാക്കിയിരിക്കുന്നു എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ഇത്തരം ശാസ്ത്രീയമായ നേട്ടങ്ങൾ മനുഷ്യന്റെ ബൗദ്ധികവും ആധ്യാത്മികവുമായ മണ്ഡലങ്ങളിൽ ആശയവിനിമയത്തിനു പുതിയ പാത തുറന്നുകൊടുക്കുമെന്നു കൗൺസിൽ അഭിപ്രായപ്പെട്ടു.

മാധ്യമരംഗത്തെ അടിസ്ഥാനതത്ത്വങ്ങൾക്ക് ക്രൈസ്തവികമായൊരു മാനം നല്കാനും രണ്ടാം വത്തിക്കാൻ കൗൺസിൽ ശ്രമിച്ചിട്ടുണ്ട്. മാധ്യമങ്ങളുടെ ദുരുപയോഗത്തിനുള്ള സാധ്യതയും

ഡിക്രിയിൽ സൂചിപ്പിക്കുന്നുണ്ട്. ഇത്തരം സാധ്യതകളെക്കുറിച്ചുള്ള ഉത്കണ്ഠ പങ്കുവയ്ക്കുമ്പോൾത്തന്നെ അപ്രകാരം സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ചും രേഖ പ്രതിപാദിക്കുന്നു. മാധ്യമങ്ങളെ സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ ക്രൈസ്തവരുടെ മാത്രമല്ല മാനവവംശത്തിന്റെ മുഴുവൻ മാർഗനിർദ്ദേശത്തിനുതകുന്നതാകണം എന്ന വിശാലമായ ലക്ഷ്യവും കൗൺസിൽ വ്യക്തമാക്കിയിരുന്നു. നന്മയെ വളർത്താനും രാജ്യസ്നേഹം ഉയർത്തിപ്പിടിക്കാനും ഉദ്ഘോഷിക്കുന്ന ഡിക്രി ഏതു രാജ്യത്തിന്റെയും സമൂഹത്തിന്റെയും വ്യത്യസ്ത സാഹചര്യങ്ങളുമായും ഇന്നും ഒത്തുപോകുന്നതുതന്നെ.

ഈ നൂറ്റാണ്ടിൽ നമ്മുടെ കാര്യങ്ങൾ നടത്താനുള്ള സുനിശ്ചിതമായ മാർഗനിർദ്ദേശങ്ങൾ വത്തിക്കാൻ കൗൺസിൽ പ്രബോധനരേഖകളിലുണ്ടെന്നും സ്ഥാനത്യാഗം ചെയ്ത ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞതും ഇതു ബോധ്യമായതിനാലാണ്. ഇരുപതാം നൂറ്റാണ്ടിൽ സഭയ്ക്കു നല്കപ്പെട്ട മഹത്തായ കൃപാവരമാണു വത്തിക്കാൻ കൗൺസിലെന്നും ബനഡിക്ട് പാപ്പാ പറഞ്ഞു.

മാധ്യമങ്ങളുടെ ഉപയോക്താക്കൾ, പ്രത്യേകിച്ച് യുവാക്കൾ വിവേകത്തോടും വിവേചനത്തോടുംകൂടെ ഇവയെ സമീപിക്കണമെന്നും നന്മയ്ക്കും വിജ്ഞാനത്തിനും ഉതകുന്നവമാത്രം സ്വീകരിക്കണമെന്നുമുള്ള കൗൺസിലിന്റെ ഉദ്ബോധനത്തിന് ഇന്നാണ് ഏറെ പ്രസക്തിയുള്ളത്. എന്നാൽ കൗൺസിൽ നിർദ്ദേശം ഉൾക്കൊണ്ട് യുവജനങ്ങൾക്കും കൗമാരപ്രായക്കാർക്കും വേണ്ട മാർഗനിർദ്ദേശം നല്കാൻ സഭയ്ക്ക് എത്രമാത്രം സാധിക്കുന്നു എന്നത് വളരെ ഗൗരവത്തോടെ വിലയിരുത്തേണ്ടതുണ്ട്.

മാധ്യമരംഗത്തു പ്രവർത്തിക്കുന്നവർക്കു മനുഷ്യരാശിയോട് ഭാരിച്ച ചുമതലയുണ്ടെന്നും ആയതിനാൽ ഒരിക്കലും സ്വാർത്ഥേച്ഛയാലും ലാഭേച്ഛയാലും നയിക്കപ്പെടാതെ നന്മയെ വളർത്താനുതകുംവിധം ധാർമികമൂല്യങ്ങളിലധിഷ്ഠിതമായി പ്രവർത്തിക്കണമെന്നും വത്തിക്കാൻ കൗൺസിൽ നിർദ്ദേശിക്കുന്നു. പൊതുനന്മയ്ക്കായി പ്രവർത്തിക്കാൻ മാധ്യമങ്ങൾക്ക് ഉത്തരവാദിത്വമുള്ളതിനാൽ രാജ്യത്തെ ഗവണ്മെന്റ് ഇവയ്ക്കു നീതിപൂർവകമായ സ്വാതന്ത്ര്യം നല്കണമെന്നു അഭിപ്രായപ്പെട്ട കൗൺസിൽ മാധ്യമ

ങ്ങൾ ധാർമികമൂല്യങ്ങളിലധിഷ്ഠിതമായാണു പ്രവർത്തിക്കുന്ന തെന്നു രാഷ്ട്രം ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെടുന്നു. ഇന്ത്യ യെപ്പോലുള്ള ജനാധിപത്യരാജ്യത്ത് മാധ്യമസ്വാതന്ത്ര്യത്തിനു ചില നിയന്ത്രണങ്ങൾ വേണമെന്ന ചർച്ച സജീവമാണ്.

നല്ല പ്രസിദ്ധീകരണങ്ങളെ, പ്രത്യേകിച്ച് ക്രിസ്തീയ ചൈതന്യം പകരുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെ ട്ടിരുന്നു. പൊതുജനാഭിപ്രായം രൂപപ്പെടുത്തുക എന്ന വ്യക്തമായ ലക്ഷ്യം എല്ലാ പ്രസിദ്ധീകരണങ്ങൾക്കും ഉണ്ടായിരിക്കണമെന്നും കൗൺ സിൽ നിർദ്ദേശിച്ചു. ഓരോ രൂപതയിലെയും മാധ്യമപ്രവർത്ത നങ്ങളുടെ മേൽനോട്ടത്തിനും പ്രവർത്തനത്തിനും മെത്രാ ന്മാർക്കുള്ള ഉത്തരവാദിത്വവും ഡിക്രിയിൽ എടുത്തുപറയുന്നുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രാധാന്യം കുറഞ്ഞ പ്രമാണരേഖയാണ് ഇന്റർ മിർഫിക്ക എന്നു വിമർശിക്കുന്നവരുണ്ട് പ്രബോധനപരമായ പരിമിതികൾ ഇത്തരമൊരു വിമർശനത്തിന് ഇട നല്കി. എന്നിരുന്നാലും സാമൂഹ്യസമ്പർക്കമാധ്യമങ്ങളെക്കുറിച്ചു കാലാതീതമായ ചില ദർശനങ്ങളാണ് കൗൺസിൽ അരനൂറ്റാണ്ടു മുമ്പ് നല്കിയത്. അതിന്റെ ചുവടുപിടിച്ച് നമുക്ക് എത്രമാത്രം പ്രവർത്തിക്കാനായി എന്നതാണ് വലിയ ചോദ്യം. അതിനുള്ള ഉത്ത രവും നാംതന്നെ കണ്ടെത്തണം.

# 5

## കൗൺസിൽ രേഖകൾ സഭാജീവിതത്തിലും പ്രയോഗത്തിലും

### ഫാ. ജോയി പാലാക്കുന്നേൽ

സൂര്യൻ അസ്തമിച്ചാലും അതിന്റെ പ്രകാശം കുറേനേരം കൂടി നിലനിൽക്കും. പിന്നീടാണ് ഇരുട്ടു വ്യാപിക്കുന്നത്. നീതിസൂര്യനായ യേ[illegible] രണത്തിനുശേഷം യേശുചൈതന്യത്തിന്റെ പ്രകാശം ശിഷ്യത്തലമുറകളിൽ ഒരു മൂന്നു നൂറ്റാണ്ടുകാലം നിലനിന്നു. പിന്നീട്, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലം മുതൽ സഭയിൽ ഇരുട്ടു പടരുവാൻ തുടങ്ങി. "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്ക് അറിയാമല്ലോ. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെ ആകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ." (മാർക്ക് 10 42-45). ശക്തവും വ്യക്തവുമായ ഈ കല്പന ഏതാണ്ട് പൂർണ്ണമായി മറന്നുപോയതു കാരണം, വിജാതീയരുടെ (റോമാക്കാരുടെ) അധികാരവ്യവസ്ഥ സഭയിലേക്ക് നുഴഞ്ഞുകയറി. രാജവാഴ്ചയുടെയും ഫ്യൂഡലിസത്തിന്റെയും അതിപ്രസരംമൂലം സമ്പത്തും സ്ഥാനമാനങ്ങളും പദവികളും വേഷഭൂഷാധികളും സഭയിൽ സ്ഥാനം പിടിച്ചു. ഇവയെല്ലാം തേടിത്തേടി സഭാധികാരികളും സഭാംഗങ്ങളും മാമോന്റെ യജമാനത്വം അറിയാതെ സ്വീകരിച്ചു. സഭ അധികാരത്തർക്കംമൂലം വിഭജിക്കപ്പെട്ടു. ആചാരങ്ങളും അനുഷ്ഠാ

നങ്ങളും നിയമങ്ങളും ഡോഗ്മകളും സഭയെ വരിഞ്ഞുമുറുക്കി.

ഈ അന്ധകാരത്തിൽനിന്ന് സഭയെ യേശുവിന്റെ പ്രകാശത്തിലേക്ക് വീണ്ടും ആനയിച്ചത് രണ്ടാം വത്തിക്കാൻ കൗൺസിലാണ് (1962-1965). അതു വിളിച്ചുകൂട്ടിയത് വിശുദ്ധനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പയാണ് സഭയുടെ നവീകരണത്തിനും ഐക്യത്തിനും വേണ്ടി സമ്മേളിച്ച ഈ കൗൺസിലിൽ സഭയ്ക്കു മുന്നിൽ അതിവിശാലമായ ചക്രവാളങ്ങൾ തുറന്നിട്ടു. സഭയെക്കുറിച്ചും ലോകത്തെക്കുറിച്ചും ആഴമായ ഉൾക്കാഴ്ചകൾ നല്കി പഠനത്തിനും പ്രയോഗത്തിനുമായി 16 പ്രമാണരേഖകളാണ് സഭയ്ക്ക് സംഭാവന നൽകിയത്. സഭയുടെ ആത്മബോധത്തിനായി നാലു മൗലികപ്രബോധനങ്ങൾ (തിരുസ്സഭ, ദൈവാവിഷ്കരണം, ആരാധനക്രമം, സഭ ആധുനികലോകത്തിൽ); സഭാനവീകരണം ലക്ഷ്യമാക്കി 9 ഡിക്രികൾ (മാധ്യമങ്ങൾ, എക്യുമേനിസം, പൗരസ്ത്യസഭകൾ, മെത്രാന്മാരുടെ അജപാലനം, വൈദികപരിശീലനം, വൈദികജീവിതവും ശുശ്രൂഷയും, സന്ന്യാസജീവിതം, അൽമായ പ്രേഷിതത്വം, സഭയുടെ പ്രേഷിതവൃത്തി) പൊതുവിഷയങ്ങളെ സംബന്ധിച്ച് 3 പ്രഖ്യാപനങ്ങൾ (അക്രൈസ്തവമതങ്ങൾ, മതസ്വാതന്ത്ര്യം, ക്രൈസ്തവവിദ്യാഭ്യാസം) ഇവയാണ് സൂനഹദോസിന്റെ രേഖകൾ.

ഈ 16 രേഖകളും മൂന്നു മേഖലകളിലുള്ള മുന്നേറ്റമാണ് ലക്ഷ്യമാക്കുന്നത്.

1) സഭയ്ക്ക് അതിനോടുതന്നെയുള്ള ബന്ധം, സഭയുടെതന്നെ ആന്തരികതയിലേക്കുള്ള ഉൾക്കാഴ്ചകൾ. സഭ പ്രഥമവും പ്രധാനവുമായി ദൈവജനമാണ്. വിശ്വാസികളുടെ കൂട്ടായ്മാസമൂഹമാണ്. എല്ലാ സഭാധികാരികളും ദൈവജനസേവനത്തിനുള്ളവരാണ്. ഒന്നാം വത്തിക്കാൻ കൗൺസിൽ റോമിലെ പോപ്പിന്റെ പരമാധികാരം കേന്ദ്രീകരിച്ചായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ബിഷപ്പുമാരുടെ കൂട്ടായ്മയിൽ കേന്ദ്രീകരിച്ചാണ്. ഈ വികേന്ദ്രീകരണം മറ്റു തലങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. പക്ഷേ സഭയിൽ നിലനിന്നിരുന്ന അധികാരഘടനകളും കേന്ദ്രീകരണശക്തികളും പ്രബലമായതുകൊണ്ട് വികേന്ദ്രീകരണം എളുപ്പമല്ല. പ്രയോഗത്തിൽ മറന്നുപോയ ഒരു കൗൺസിൽ ഉൾക്കാഴ്ചയാണ് ഹയരാർക്കിക്കു മുമ്പിലാണ്

ദൈവജനത്തെ പ്രതിഷ്ഠിച്ചിരിക്കുന്നത് എന്നുള്ളത്. എങ്കിലും അധികാരകേന്ദ്രീകരണവും ഏകാധിപത്യപ്രവണതയും ഇന്നും ശക്തമായിത്തന്നെ നിലനിൽക്കുന്നു.

2) വിവിധ സഭകൾ തമ്മിലുള്ള ബന്ധം. പ്രാദേശികസഭകളുടെ ഒരു കൂട്ടായ്മയാണ് സാർവത്രികസഭ. സഭകൾ അവയുടെ ഉറവിടങ്ങളിലേക്കു മടങ്ങിച്ചെന്ന് സ്വയം നവീകരിക്കേണ്ടതാണ്. പക്ഷേ, സഭകൾ പൂർണ്ണമായും നവീകരിക്കപ്പെടാൻ ധൈര്യം കാണിച്ചിട്ടില്ല. പല സഭകളും വിദേശ അടിമത്തമനോഭാവത്തിൽനിന്നും കൊളോണിയൽ കോംപ്ലക്സുകളിൽനിന്നും ഇന്നും വിമോചിതരായിട്ടില്ല.

3) സഭയക്ക് ഇതരസഭകളുടോും മറ്റു മതങ്ങളോടും ലോകത്തോടുമുള്ള ഡയലോഗ്ബന്ധം.

1981-ൽ പുന പേപ്പൽ അത്തീനിയത്തിൽ റിസേർച്ചു ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ ഞങ്ങളെ കൗൺസിൽ രേഖകൾ വിശകലനം ചെയ്ത് പഠിപ്പിച്ചത് വത്തിക്കാൻ II ലെ ഏറ്റം വലിയ ഔദ്യോഗിക ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളായ ഈശോസഭാ വൈദികൻ നോയ്നറാണ് (Neuner). അദ്ദേഹം അന്ന് അഭിപ്രായപ്പെട്ടത് കൗൺസിലിന്റെ പല ഡോക്കുമെന്റുകളും കുറെയൊക്കെ കാലഹരണപ്പെട്ടതാണെന്നും ഒരു പുനർവിചിന്തനത്തിനു വിധേയമാക്കാൻ കാലമായെന്നുമാണ്. കാരണം കൗൺസിൽ കാലത്ത് യാഥാസ്ഥിതികരും ഉല്പതിഷ്ണുക്കളും മറ്റുമായ ഗ്രൂപ്പുകളെ സമന്വയിപ്പിക്കാൻ പല വിട്ടുവീഴ്ചകൾ ചെയ്യേണ്ടിയിരുന്നു. അങ്ങനെ നടത്തിയ പല ഒത്തുതീർപ്പുകളുടെയും അനുരഞ്ജനങ്ങളുടെയും നിഴലാട്ടങ്ങൾ കൗൺസിൽ രേഖകളിൽ കാണാം.

ഇപ്പോൾ 50 വർഷം കഴിഞ്ഞ്, ഈ സുവർണ്ണജൂബിലിവർഷത്തിൽ കേരളസഭ കൗൺസിൽ രേഖകൾ വായിക്കാനും നടപ്പിലാക്കാനും ശ്രമിക്കുന്നതേയുള്ളു അതിനർത്ഥം കഴിഞ്ഞ അരനൂറ്റാണ്ടു കാലം കൗൺസിലിന്റെ വെളിച്ചത്തിൽ മുന്നോട്ടുപോകാനായില്ല എന്നാണല്ലോ. പലയിടങ്ങളിലും സഭാധികാരികൾ അവരുടെ സ്ഥാപിതതാല്പര്യങ്ങൾക്കനുസരിച്ച് കൗൺസിൽ രേഖകൾ വ്യാഖ്യാനം ചെയ്ത് സഭാവഞ്ചിയെ ഇപ്പോഴും തിരുനക്കരെത്തന്നെ കെട്ടിയിട്ടിരിക്കുകയാണ്! 23-ാം യോഹന്നാൻ മാർപ്പാപ്പയുടെ

കാലത്ത് എന്തെല്ലാം നവീകരണങ്ങൾ സഭയിൽ കൊണ്ടുവരുവാൻ സഭാപിതാക്കന്മാർ ആവശ്യപ്പെട്ടുവോ, അവയൊന്നും ശരിയായി നടന്നിട്ടില്ല. ഉദാഹരണത്തിന്, ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയിൽനിന്ന് സഭയിലേക്കു സംക്രമിച്ച ക്രിസ്തുവിരുദ്ധമായ അധികാര ആഡംബരങ്ങളും അഭിസംബോധനാരൂപങ്ങളുമൊക്കെ തിരുത്തപ്പെട്ടില്ലെന്നു മാത്രമല്ല, കൂടുതൽ ശക്തമാവുകയാണുണ്ടായത്. രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളിൽ ഒരു വിജയമായിരുന്നുവെങ്കിലും സഭാജീവിതത്തിലും പ്രയോഗത്തിലും ഒരു പരാജയംതന്നെയായിരുന്നു.

2013 മാർച്ച് 13-ാം തീയതി വത്തിക്കാനിൽ നടന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ തെരഞ്ഞെടുപ്പ് ഒരു വലിയ വഴിത്തിരിവാണ്. ഈ പാപ്പായുടെ പ്രസംഗങ്ങളും ജീവിതമാതൃകകളും "വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം" എന്നു കരുതി ഉറങ്ങിക്കിടക്കുന്ന സഭയെ തട്ടിയുണർത്തി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിലേക്ക് വീണ്ടും കടത്തിക്കൊണ്ടിരിക്കുന്നു. ഒരു മൂന്നാം വത്തിക്കാൻ കൗൺസിലിനു സമയമായി എന്ന സൂചനയും ഫ്രാൻസീസ് പാപ്പയുടെ വാക്കുകളിലും പ്രവൃത്തികളിലും നമുക്കു കാണാൻ സാധിക്കും. പുതുതായി സ്വാംശീകരിച്ചിട്ടുള്ള മാനുഷികമൂല്യങ്ങളും ദൈവശാസ്ത്രഉൾക്കാഴ്ചകളും കൂടി ഉൾപ്പെടുത്തി രേഖകൾ തിരുത്തി എഴുതേണ്ടതുണ്ട്.

# 6

## സഭയും സംസ്ക്കാരവും

### റ്റി. എം. നമ്പിമഠം

സഭയുടെ അസ്തിത്വം ലോകത്തിലാണ്; എന്നാൽ അവളുടെ ദൗത്യം ലോകത്തിന്റേതല്ല. അസ്തിത്വത്തിന്റെയും ദൗത്യത്തിന്റെയും ഈ വൈരുദ്ധ്യം സഭയുടെ സ്വഭാവത്തിന്റെ സവിശേഷതയാണ്. രക്ഷയുടെ കൂദാശയാണ് സഭ. അതിനാൽ അവളുടെ ഉറവിടം പരിശുദ്ധ ത്രിത്വമാണ്. ഇതാണ് അവൾ ലോകത്തിന്റേതല്ല എന്നു പറയാൻ കാരണം. ഈ ലോകത്തിലാണ് രക്ഷയുടെ കൂദാശയായി അവൾ വർത്തിക്കുന്നത്. ലോകത്തിന് സമഗ്രരക്ഷ നല്കുകയാണ് അവളുടെ ദൗത്യം. അതുകൊണ്ട് അവളുടെ അസ്തിത്വം ലോകത്തിലാണെന്നതിനു സന്ദേഹമില്ല.

സഭയും ലോകവും തമ്മിലുള്ള ബന്ധം രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. "നിത്യപിതാവിന്റെ സ്നേഹത്തിൽനിന്ന് പുറപ്പെട്ട് രക്ഷകനായ മിശിഹായാൽ സമയത്തിൽ സ്ഥാപിക്കപ്പെട്ട് പരിശുദ്ധാത്മാവിൽ ഒന്നിച്ചുകൂടപ്പെട്ട സഭയ്ക്ക് രക്ഷാകരവും അന്ത്യാത്മകവുമായ ലക്ഷ്യമാണുള്ളത്. ഭാവികാലഘട്ടത്തിൽ മാത്രം പൂർണ്ണമായി പ്രാപിക്കാൻ കഴിയുന്ന ലക്ഷ്യമാണിത്: ഈ സഭ ഒന്നിച്ചുകൂട്ടപ്പെട്ട മനുഷ്യരിൽ അതായത്, കർത്താവിന്റെ പുനരാഗമനംവരെ എപ്പോഴും വർദ്ധമാനമാക്കപ്പെടേണ്ട ദൈവമക്കളുടെ കുടുംബത്തിന് മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ രൂപം കൊടുക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ട ഭൗമികനഗരത്തിന്റെ അംഗങ്ങളിൽ, ഇന്ന് ഈ ഭൂമിയിൽ സന്നിഹിതയാണ്. സ്വർഗ്ഗീയനന്മകൾക്കുവേണ്ടി ഒന്നിച്ചുകൂടപ്പെട്ടതും അവയാൽ ത്തന്നെ സമ്പന്നവുമായ ഈ കുടുംബം മിശിഹായാൽ ഈ ലോകത്തിൽ ഒരു സമൂഹമായി സംഘടിതവും ക്രമവത്കൃതവുമാണ്.

ദൃശ്യവും സാമൂഹികവുമായ ഐക്യത്തിന് അനുരൂപമായ സംവിധാനങ്ങളാൽ സജ്ജീകൃതവുമാണ്. അങ്ങനെ ഒരേസമയം ദൃശ്യസംഘടനയും ആധ്യാത്മിക സമൂഹവുമായ സഭ മനുഷ്യസമൂഹം മുഴുവനോടുംകൂടെ മുന്നോട്ടു നീങ്ങുകയും ലോകത്തോടൊത്ത് ഒരേ ഭൗമികഭാഗധേയം അനുഭവിക്കുകയും ചെയ്യുന്നു. മിശിഹായാൽ നവീകരിക്കപ്പെടേണ്ടതും ദൈവകുടുംബത്തിൽ രൂപാന്തരപ്പെടേണ്ടതുമായ മനുഷ്യസമൂഹത്തിന്റെ പുളിമാവുപോലെയും ആത്മാവുപോലെയും അവൾ നിലകൊള്ളുന്നു" (സഭ ആധുനികയുഗത്തിൽ 40).

സഭ ലോകവുമായി ബന്ധപ്പെടുന്നത് സംസ്കാരവുമായി താദാത്മ്യം പ്രാപിച്ചുകൊണ്ടാണ്. സംസ്കാരം എന്ന പദം കൊണ്ട് പൊതുവായ അർത്ഥത്തിൽ മനുഷ്യന്റെ മനസ്സിന്റെയും ശരീരത്തിന്റെയും ദാനങ്ങളെ സംസ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യാൻ ഉപയോഗിക്കുന്ന എല്ലാ കാര്യങ്ങളും സൂചിപ്പിക്കപ്പെടുന്നു. (സഭ ആധുനികയുഗത്തിൽ 53) എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിലയിരുത്തൽ. സംസ്കാരം മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. ലോകത്തിൽ വിവിധ സംസ്കാരങ്ങൾ നിലവിലുണ്ട്. ഓരോ സംസ്കാരത്തിന്റെയും നല്ല വശങ്ങളുമായി താദാത്മ്യം പ്രാപിച്ച് അതിലൂടെ സുവിശേഷദൗത്യം നല്കുകയാണ് സഭയുടെ ധർമ്മം. തന്റെ നാഥനായ യേശുവിന്റെ ജീവിതവും ദൗത്യനിർവ്വഹണവുമാണ് ഇക്കാര്യത്തിൽ സഭയ്ക്ക് മാതൃക. വചനം മറിയത്തിന്റെ ഉദരത്തിൽ വിതയ്ക്കപ്പെട്ടു. ആ വചനം മനുഷ്യശിശുവായി പിറന്നു. അമ്മയായ മറിയം യഹൂദസ്ത്രീയായിരുന്നതുകൊണ്ട് അവൻ യഹൂദനായി. അവൻ യഹൂദസംസ്കാരം ഉൾക്കൊണ്ടു വളർന്നു. അറമായ ഭാഷ സംസാരിച്ചു. ആ സംസ്കാരവും ആ ഭാഷയും ദൈവരാജ്യത്തിന്റെ സുവിശേഷം വിളംബരം ചെയ്യാൻ അവൻ ഉപാധിയാക്കി. അത് ഫലവത്തായി. അവിടെ ഒരു ശിഷ്യഗണം രൂപംകൊണ്ടു.

സഭ രക്ഷയുടെ സാർവലൗകിക കൂദാശ ആണ്. വിവിധ സംസ്കാരങ്ങളുമായുള്ള അനുരൂപണത്തിലൂടെ മാത്രമേ സഭയ്ക്ക് രക്ഷയുടെ സാർവലൗകിക കൂദാശയായിത്തീരാൻ സാധിക്കൂ. എന്നാൽ ക്രിസ്തീയവിശ്വാസം യഹൂദസംസ്കാരവുമായി മാത്രം താദാത്മ്യപ്പെട്ടാൽ മതിയെന്ന കാഴ്ചപ്പാട് ആദിമസഭയിൽ ശക്ത

മായിരുന്നു. ജറുസലേം കൗൺസിൽ (എ.ഡി. 45) സഭ യഹൂദസം സ്കാരത്തോടുമാത്രം താദാത്മ്യപ്പെട്ടാൽ പോരെന്നും വിവിധ സംസ്കാരങ്ങളുമായി ബന്ധപ്പെടാമെന്നുമുള്ള തീരുമാനം കൈ ക്കൊണ്ടു. ഇത് സഭയുടെ വളർച്ചയിലെ ഒരു സുപ്രധാന നാഴികക്ക ല്ലായി.

സഭയും സംസ്കാരവും പരസ്പരബന്ധത്തിലൂടെ സമ്പന്ന മായിത്തീരുന്നു. സുവിശേഷം ആവിഷ്ക്കരിക്കാനുള്ള ഫലവത്തായ ഉപാധികൾ സംസ്കാരത്തിൽനിന്നു സഭയ്ക്കു ലഭിക്കുന്നു. സഭ സുവിശേഷചൈതന്യംകൊണ്ട് സംസ്കാരത്തെ വിശുദ്ധീകരിക്കു കയും ഏറെ മൂല്യസമ്പന്നമാക്കുകയും ചെയ്യുന്നു. ആദ്ധ്യാത്മി കചൈതന്യത്തെയും സംസ്കാരത്തെയുംപറ്റിയുള്ള ക്രിസ്റ്റോഫർ ഡ്വോസന്റെ അഭിപ്രായം വളരെ വിലപ്പെട്ടതാണ്. "ഇന്നലത്തെ ആധ്യാത്മികചൈതന്യമാണ് ഇന്നത്തെ സംസ്കാരത്തിനു നിദാനം. ഇന്നിനെ സ്വാധീനിക്കുന്ന ആധ്യാത്മികവീക്ഷണമാണ് നാളത്തെ സംസ്കാരത്തിനു രൂപം കൊടുക്കുന്നത്."

സുവിശേഷചൈതന്യം സംസ്കാരത്തെ സുവിശേഷീകരി ക്കുന്നതിലൂടെ ക്രിസ്തുമത സംസ്കാരത്തിൽനിന്ന് എല്ലാ വിശ്വാ സസങ്കരത്വത്തിന്റെയും തെറ്റായ സ്വകാര്യപരതയുടെയും രീതികൾ ഒഴിവാക്കാനും ക്രിസ്തീയജീവിതം ഏതു സംസ്കാരത്തിന്റെയും ജന്മവാസനയ്ക്കും സ്വഭാവത്തിനും അനുരൂപമാക്കാനും കഴിയും. പ്രത്യേക പാരമ്പര്യങ്ങൾ ഏതു ജനപഥത്തിന്റെയും പിതൃസ്വത്തി നോടു ചേർത്ത് സുവിശേഷവെളിച്ചത്താൽ പ്രകാശിതമാക്കി കത്തോലിക്കാ കൂട്ടായ്മയിലേക്കു സ്വീകരിക്കപ്പെടാവുന്നതാണ്(പ്രേ ഷിതപ്രവർത്തനം 22). സംസ്കാരം അതിന്റെ സ്വകീയമായ ലക്ഷ്യ ത്തിൽ നിന്ന് വ്യതിചലിപ്പിക്കപ്പെട്ട് രാഷ്ട്രീയശക്തികൾക്കോ സാമ്പ ത്തിക ശക്തികൾക്കോ സേവകവൃത്തി ചെയ്യാൻ നിർബന്ധിക്കപ്പെ ടരുതെന്നും (സഭ ആധുനികയുഗത്തിൽ - 59) രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിച്ചിട്ടുണ്ട്.

1974-ലെ ഏഷ്യൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ പ്രാദേ ശികസഭകളുടെ അനുസംസ്കരണത്തെപ്പറ്റിയുള്ള നിർദ്ദേശം സഭ യുടെ അനുസംസ്കരണത്തെക്കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച നല്കുന്നുണ്ട്. പ്രാദേശികസഭ ജനമധ്യത്തിൽ അവതീർണ്ണവും ദേശീ യവും അനുസംസ്കരണം സാധിച്ചതുമായിരിക്കണം. സ്വന്തം

നാട്ടിലെ പാരമ്പര്യങ്ങളോടും സംസ്കാരങ്ങളോടും മതങ്ങളോടും സദാ സംവാദത്തിലേർപ്പെട്ട് വിനയാന്വിതവും സ്നേഹസമ്പുഷ്ട വുമായ സമ്പർക്കം പുലർത്തുക എന്നതാണ് ഇതിന്റെ സാരം. ജന ങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്ക് ആഴ്ന്നിറങ്ങി അവരുടെ ചരിത്രവും ജീവിതശൈലികളും സന്തോഷപൂർവം സ്വന്തമാക്കുക എന്നത് ഈ സഭയുടെ ചൈതന്യവിശേഷമായിരിക്കണം. നാട്ടു കാരുടെ ജീവിതമൂല്യങ്ങളിലും ആശകളിലും പ്രത്യാശകളിലും ചിന്താരീതികളിലും ആവിഷ്ക്കാരമാധ്യമങ്ങളിലും കലയിലും കവി തയിലും ഒരുപോലെ പങ്കുപറ്റി എല്ലാം സാത്മീകരിച്ച്, വിശുദ്ധീക രിച്ച് സഭയിലേക്ക് ഉദ്ഗ്രഥിക്കുക എന്നതാണ് ഇതിന്റെ ധർമ്മം. പാപ മൊഴികെ എല്ലാറ്റിനും ദൈവസുതൻ അനുരൂപനായതുപോലെ ഒരു വൻ അവരുടെ വിനകളും വീഴ്ചകളും സഭ ഉൾക്കൊള്ളുകയും അവയെ വിശുദ്ധീകരിച്ച് പൂർണ്ണതയിലേയ്ക്ക് നയിക്കുകയും ചെയ്യ ണം.

സഭയുടെ ദൗത്യം ആധ്യാത്മിക മേഖലകളിൽമാത്രം കേന്ദ്രീ കരിച്ചിരുന്ന കാലഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അതുപോലെ പാപങ്ങ ളുടെയും പീഡിതരുടെയും കണ്ണീരും കരൾനോവും സന്തോഷ ങ്ങളും സ്വപ്നങ്ങളും ഉൾക്കൊള്ളേണ്ട സഭ അതവഗണിച്ച് ശക്ത ന്മാർക്ക് അവരുടെ സിംഹാസനങ്ങളിൽ ഉറച്ചിരിക്കാനുള്ള താങ്ങാ യിത്തീർന്ന സന്ദർഭങ്ങളും വിരളമല്ല. ഈ തെറ്റുകൾ തിരുത്താനുള്ള വലിയ വെളിച്ചവും വെളിപാടും നല്കിയെന്നതാണ് രണ്ടാം വത്തി ക്കാൻ കൗൺസിലിന്റെ പ്രാധാന്യത്തിന്റെയും പ്രസക്തിയുടെയും ഒരു തലം. സാമൂഹിക രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക തല ങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് സമഗ്രരക്ഷ ലോകത്തിന് പ്രദാനം ചെയ്യാൻ സഭ കടപ്പെട്ടവളാണെന്ന് കൗൺസിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

സഭയുടെ ദൗത്യനിർവ്വഹണത്തിൽ സംസ്കാരനുരൂപണ ത്തിനുള്ള പ്രാധാന്യത്തെപ്പറ്റിയുള്ള ജോൺ പോൾ രണ്ടാമൻ പാപ്പാ യുടെ വാക്കുകൾ അനുധ്യാനാർഹമാണ്. “ജനതകളുടെ സംസ്കാ രങ്ങളിലുള്ള സഭയുടെ ഉൾച്ചേരൽ നീണ്ട ഒരു പ്രക്രിയയാണ്. ബാഹ്യമാത്രമായ അനുരൂപണമല്ലത്. ആധികാരികമായ സാംസ്കാ രികമൂല്യങ്ങൾ ക്രിസ്തുമതത്തിൽ സമന്വയിപ്പിച്ചുകൊണ്ടും വിവി ധങ്ങളായ നാഗരികതകളിൽ ക്രിസ്തീയതയെ സംക്രമിപ്പിച്ചു കൊണ്ടും ഗാഢമായ രൂപാന്തരീഭാവം വരുത്തുകയെന്നതാണ് ഈ

അനുരൂപണത്തിന്റെ അർത്ഥം. അനുരൂപണംമൂലം വിവിധ സംസ്കാരങ്ങളിൽ സുവിശേഷം അവതരിക്കുവാൻ സഭ ഇടയാക്കുന്നു. അതേസമയം അവരുടെ സംസ്ക്കാരങ്ങളോടുകൂടിത്തന്നെ സ്വന്തം സമൂഹത്തിലേക്ക് ജനതകളെ ആനയിക്കുകയും ചെയ്യുന്നു. സ്വന്തമായ മൂല്യങ്ങളെ അവർക്കു പ്രദാനം ചെയ്യുന്നതോടൊപ്പം ആ സംസ്കാരങ്ങളിൽ നിലനിന്നുപോരുന്ന നല്ല ഘടകങ്ങളെ സ്വാംശീകരിക്കുകയും ഉള്ളിൽനിന്നുതന്നെ അവയുടെ നവീകരണം സാധ്യമാക്കുകയും ചെയ്യുന്നു (റെഡംതോറിസ് മിസിയോ – 52)

അത്യധികം അഴിമതികളും അക്രമങ്ങളും തിന്മകളും ഭീകരപ്രവർത്തനങ്ങളും അരങ്ങേറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് സഭ തീർത്ഥാടനം ചെയ്യുന്നത്. ഇവയ്ക്കെതിരെ അതിശക്തമായി പോരാടേണ്ടത് സഭയുടെ ധർമ്മമാണ്. ഈ പോരാട്ടത്തിൽ സഭയ്ക്ക് വലിയ കഷ്ടനഷ്ടങ്ങളുണ്ടാകാം. സുവിശേഷാത്തെ പ്രതിയുള്ള ഈ കഷ്ടനഷ്ടങ്ങളാണ് ഒരു ബദൽസംസ്കാരത്തിന് രൂപഭാവങ്ങൾ നല്കാനുള്ള സഭയുടെ മൂലധനം. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാൻ ത്യാഗവും സഹനവും കൂടാതെ സാധ്യമല്ല. ലോകമാകുന്ന മാവിനെ മുഴുവൻ പുളിപ്പിക്കാൻ കഴിയുക എന്നതാണ് സഭയാകുന്ന പുളിമാവിന്റെ ദൗത്യം. സംസ്കാരാനുരൂപണത്തിന്റെ പൊരുൾ ഇതിലടങ്ങിയിരിക്കുന്നു.

ബഹുമാനപ്പെട്ട കളരിക്കലച്ചന്റെ ദളിത് ക്രൈസ്തവ സമുദ്ധാരണത്തിനുവേണ്ടിയുള്ള പോരാട്ടം ആ വിഭാഗത്തിന്റെ സംസ്കാരത്തെ സുവിശേഷചൈതന്യംകൊണ്ട് വിശുദ്ധീകരിക്കുകയും ആ സംസ്കാരത്തിലെ നല്ലവശങ്ങളെ സഭ ഉൾക്കൊള്ളുകയും വേണമെന്ന ദർശനം കൂടി ഉൾക്കൊള്ളുന്നതായിരുന്നു.

7

## സുവിശേഷവത്കരണം സഭയിലൂടെ

**ജോസഫ് സാം**

ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുനാഥൻ ലോകത്തിൽ വന്നത് സ്വജനത്തെ പാപത്തിൽനിന്നു സമുദ്ധരിക്കാനും എല്ലാ മനുഷ്യരുടെയും വിശുദ്ധീകരണം സാധിക്കാനുമാണ്. പിതാവു തന്നെ അയച്ചതുപോലെ ക്രിസ്തുവും ശ്ലീഹന്മാരെ അയച്ചു. പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്തുകൊണ്ട് ക്രിസ്തു അവരെ പവിത്രീകരിച്ചു.(1) സഭയാകുന്ന തന്റെ ശരീരത്തെ പടുത്തുയർത്തിക്കൊണ്ട് അവർ ഭൂമിയിൽ പിതാവിനെ മഹത്ത്വപ്പെടുത്താനും മനുഷ്യരെ രക്ഷിക്കാനും വേണ്ടിയായിരുന്നു അവിടുന്ന് ഇപ്രകാരം ചെയ്തത്.

ക്രിസ്തു ലോകത്തിലേക്കു കൊണ്ടുവന്ന രക്ഷയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമാണ് സഭയിലൂടെ, സഭാപ്രവർത്തനങ്ങളിലൂടെ ഇന്ന് സാധ്യമായിക്കൊണ്ടിരിക്കുന്നത്. മാമ്മോദീസാവഴി ദൈവമക്കൾ എന്ന പദവി നേടുന്ന നാമോരോരുത്തരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണ്. ആത്മാവിന്റെ വിശദ്ധീകരണം സാധ്യമാക്കുന്നതിന് സഭാപ്രവർത്തനങ്ങളോടു സഹകരിക്കാൻ ഓരോ വിശ്വാസിയും തയ്യാറാണെങ്കിൽ മാത്രമേ ഈ വിശുദ്ധീകരണം യഥാർത്ഥത്തിൽ ഫലപ്രാപ്തി നേടുകയുള്ളൂ.

വിശ്വാസം, പ്രതീക്ഷ (പ്രത്യാശ), സ്നേഹം ഇവയുടെ ആകെത്തുകയായ സഭയെ ദൃശ്യഘടനയോടുകൂടിയാണ് ക്രിസ്തു പടുത്തുയർത്തിയിരിക്കുന്നത്. സകല വിശ്വാസികളും പ്രസാദവരങ്ങൾ സ്വീകരിക്കുന്നത് ഈ ദൃശ്യസഭയിലൂടെയാണ്. ക്രിസ്തുനാഥൻ ദാരിദ്ര്യത്തിന്റെയും സഹനത്തിന്റെയും പാതയിലൂടെയാണ് രക്ഷാകർമ്മം പൂർത്തീകരിച്ചത്. സഭയും ഈ മാർഗ്ഗത്തിലൂടെ മുന്നേ

റാൻ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു. ക്രിസ്തു സമാഗതനായത് മനുഷ്യരാശിയുടെ പാപത്തിനു പരിഹാരം ചെയ്യാനാണല്ലോ. പാപികളെ തന്റെ മാറോടണയ്ക്കുന്ന സഭ ഒരേസമയം പരിശുദ്ധയും സദാ ശുദ്ധീകരിക്കപ്പെടുന്നവളുമാണ്. അതിനാൽ പശ്ചാത്താപത്തിന്റെയും നവീകരണത്തിന്റെയും സുവിശേഷവത്കരണത്തിന്റെയും പാതസഭ നിരന്തരം പിന്തുടരുന്നു.

## എന്താണു സുവിശേഷവത്കരണം

ഓരോ ക്രൈസ്തവനും ലോകമെങ്ങും പോയി, ഇനിയും ക്രിസ്തുവിൽ വിശ്വസിക്കാത്ത ജനതകളോടും സമൂഹങ്ങളോടും സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും വേണം. പ്രേഷിതപ്രവൃത്തിയുടെ പ്രത്യേക ലക്ഷ്യം സഭ ഇനിയും വേരുപിടിച്ചിട്ടില്ലാത്ത ജനതകളുടെയും സമൂഹങ്ങളുടെയും ഇടയിൽ സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്യുകയെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രേഷിതപ്രവർത്തനം എന്ന പ്രമാണരേഖയിലൂടെ സുവിശേഷവത്കരണത്തിന് നൽകുന്ന മാനം ഇതാണ്. സുവിശേഷവത്കരണം എന്നത് ആരുടെയെങ്കിലും വ്യക്തിപരമോ, കേവലം ഒറ്റതിരിഞ്ഞതോ ആയ ഒരു പ്രവർത്തനമല്ല. തികച്ചും സഭാത്മകമായ പ്രവർത്തനമാണ്. സഭ, ദിവ്യനാഥനിൽനിന്നു ലഭിച്ചിട്ടുള്ള കല്പനയനുസരിച്ച് പ്രവർത്തിക്കുമ്പോൾ ഓരോ സുവിശേഷപ്രഘോഷകനും സഭയുടെ നാമത്തിൽ തന്റെ ദൗത്യം നിർവഹിക്കുന്നു. ആരും സുവിശേഷവത്കരണത്തെ സംബന്ധിച്ചിടത്തോളം പരമാധികാരിയല്ല. തന്മൂലം തന്റെ വ്യക്തിഗതമായ വീക്ഷണങ്ങൾക്കോ നിഗമനങ്ങൾക്കോ അനുസരിച്ചുമാത്രം ആ കൃത്യം നിർവ്വഹിക്കുക സാധ്യമല്ല. അയാൾ പ്രവർത്തിക്കേണ്ടത് സഭയുടെയും സഭാതലവന്മാരുടെയും ദൗത്യമനുസരിച്ചായിരിക്കണം.

സൃഷ്ടപ്രപഞ്ചം മുഴുവൻ ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു (റോമാ 8 19). ആയതിനാൽ ദൈവവചനം പ്രഘോഷിക്കുമ്പോൾ സത്യത്തിൽനിന്നു വ്യതിചലിക്കാതെ, വചനത്തോട് ഒരക്ഷരംപോലും കൂട്ടിച്ചേർക്കാതെയും നഷ്ടപ്പെടുത്താതെയും പ്രഘോഷിക്കാൻ ശ്രദ്ധിക്കണം. ഹൃദയത്തിന്റെ നിറവിൽനിന്നായിരിക്കണം അധരം സംസാരിക്കേണ്ടത്. പരി

ശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലുംസമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളാ യിരിക്കുകയും ചെയ്യും (അപ്പ. പ്രവർത്തനങ്ങൾ 1 8) എന്ന യേശു വിന്റെ വാക്കുകൾ ശിഷ്യന്മാർ നടത്തേണ്ടിയിരുന്ന പ്രവർത്തനങ്ങ ളുടെ രൂപരേഖയായിരുന്നു.

ദൈവത്തിലേക്കുള്ള മനഃപരിവർത്തനത്തെക്കുറിച്ചും ന മ്മുടെ കർത്താവായ യേശുവിലുള്ള വിശ്വാസത്തെക്കുറിച്ചും സാക്ഷ്യം നൽകലാണ് യഥാർത്ഥ സുവിശേഷവത്കരണം. ലോക മെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗി ക്കാൻ യേശുവിനാൽ നിയുക്തരാക്കപ്പെട്ടശിഷ്യഗണത്തിന്റെ പിൻഗാ മികളായ അഭിഷിക്തരാൽ ഓരോ സുവിശേഷപ്രഘോഷകനും സഭാ ത്മകമായി തുടർന്നുവരുമ്പോൾ തന്റെ അജഗണത്തോട് ദൈവം തന്റെ വാഗ്ദാനം നിറവേറ്റുമെന്ന പ്രതീക്ഷ വീണ്ടും ശക്തമായി ഉറ പ്പിക്കുകയാണു ചെയ്യുന്നത്. ജീവന്റെ ജലം മതിയാവോളം ആസ്വ ദിക്കാൻ, അറിവില്ലായ്മയിൽനിന്നു വിശ്വാസനിറവിലേക്കു നയിക്ക പ്പെടാൻ ഈ സഭാതനയരെ പ്രാപ്തരാക്കുന്നു. ഒരേ ശരീരത്തിന്റെ അംഗങ്ങളും സുവിശേഷത്തിലൂടെ യേശുക്രിസ്തുവിന്റെ വാഗ്ദാ നത്തിന്റെ ഭാഗഭാക്കുകളുമായ നാം ഓരോരുത്തരും നമ്മുടെ കൂട്ട വകാശികളായ വിജാതീയരിൽ സുവിശേഷം എത്തിക്കാൻ നിയോ ഗിക്കപ്പെട്ടവരാണ്. ദൈവത്തിന്റെ കൃപാവരത്താൽ സുവിശേഷ ത്തിന്റെ ശുശ്രൂഷകനായി അവിടുത്തെ ശക്തിയുടെ പ്രവർത്തനങ്ങ ളുടെ ഫലമായി ഈ കൃപാവരം പങ്കുവെയ്ക്കപ്പെടുവാൻ നാം യോഗ്യ രായിത്തീരണം.

മിശിഹായിലൂടെ സംഭവിച്ചതും പൂർത്തീകരിക്കപ്പെട്ടതുമായ ദൈവത്തിന്റെ രക്ഷാകരപദ്ധതയിൽ എല്ലാ മനുഷ്യരെയും ഭാഗഭാ ക്കാക്കുവാനും മിശിഹാനുഭവത്തിലേക്ക് എല്ലാപേരെയും ഉൾച്ചേർക്കാനും മിശിഹായിലൂടെ കരഗതമായ രക്ഷയുടെ ഫലങ്ങൾ മാനുഷികതയുടെ എല്ലാ മേഖലകളിലും പ്രസരിപ്പിക്കാനും സഭ യുടെ സുവിശേഷവത്കരണത്തിലൂടെ സാധിക്കുന്നുണ്ട്. വിജാതീ യരോട് ക്രിസ്തുവിന്റെ ദുർഗ്രഹമായ സമ്പന്നതയെക്കുറിച്ച് പ്രസം ഗിക്കാനും സകലത്തിന്റെയും സൃഷ്ടാവായ ദൈവത്തിൽ യുഗങ്ങ

ളോളം നിഗൂഢമായി സ്ഥിതിചെയ്തിരുന്ന രഹസ്യത്തിന്റെ പ്രവർത്തനങ്ങൾ എല്ലാവർക്കും വ്യക്തമാക്കിക്കൊടുക്കുവാനും ഉതകുന്ന വരം സഭയിലൂടെ ഓരോ സുവിശേഷപ്രഘോഷകനും ലഭിക്കുന്നണ്ട്. ആത്മീയശ്രേഷ്ഠന്മാരും അജപാലകരും അല്മായരുമടങ്ങുന്ന സുവിശേഷപ്രഘോഷകർ ദൃശ്യമായ സഭയുടെ അദൃശ്യമായ കൃപാവരങ്ങളാൽ നിറഞ്ഞ് ദൈവത്തിന്റെ സ്നേഹവും കരുതലും രക്ഷയും പങ്കുവയ്ക്കുമ്പോൾ സവിശേഷവത്കരണം സഭയുടെ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുകയാണ്.

ഒരാത്മാവ് തന്റെ ഉപേക്ഷയാൽ ഈശോയെ അറിയാതെ മരിക്കാനിടയായാൽ ആ ആത്മാവിനുകൂടി ഞാൻ ദൈവതിരുമുമ്പിൽ കണക്ക് കൊടുക്കണം എന്ന ബോധ്യം മാത്രമേ ഒരു സുവിശേഷ പ്രഘോഷകൻ വെല്ലുവിളിയായി സ്വീകരിക്കേണ്ടതുള്ളൂ. കാരണം വിമർശനങ്ങളും പരിഹാസങ്ങളും അവഹേളനങ്ങളും ഒന്നും വിശ്വാസസമൂഹത്തെ തകർക്കാൻ പോന്നവയല്ല. നിരന്തരമായ പൈശാചിക പരീക്ഷണങ്ങൾ ദൈവസാന്നിധ്യംകൊണ്ട് തകർത്തെറിയാൻ തക്കവിധം ആത്മാവിന്റെ സംരക്ഷണം നമ്മുടെ സഭയ്ക്കും നാമോരോരുത്തർക്കുമുണ്ട്. പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ജനതകളുടെയും രാജ്യങ്ങളുടെയും മേൽ ദൈവം സുവിശേഷപ്രഘോഷകരെ അവരോധിച്ചിരിക്കുകയാണ്. ഞാൻ കല്പിക്കുന്നതെന്തും നീ സംസാരിക്കണം. നീ ഭയപ്പെടേണ്ട, നിന്റെ രക്ഷയ്ക്ക് ഞാൻ നിന്നോടുകൂടെയുണ്ട് എന്ന് ജറമിയായോട് അരുളിച്ചെയ്ത ദിവ്യനാഥന്റെ ഈ വാഗ്ദാനം സഭയിലെ ഓരോ സുവിശേഷപ്രഘോഷകനും രക്ഷാകരദൗത്യത്തിൽ നേരിടുന്ന വെല്ലുവിളികൾക്കുള്ള കർത്താവിന്റെ മറുപടിയാണ്.

സുവിശേഷവത്ക്കരണത്തിലൂടെ ജനതകളെ ജീവവൃക്ഷത്തിന്റെ ശാഖകളാക്കുവാൻ സഭാപ്രവർത്തനങ്ങൾക്കു സാധിക്കണമെങ്കിൽ ഈ സഭയിലെ അംഗങ്ങളായ നാമോരോരുത്തരും ആത്മീയവും ഭൗതികവുമായ ഏകീകരണം നേടേണ്ടതുണ്ട്. സുവിശേഷവത്ക്കരണത്തിലൂടെ വെളിവാക്കപ്പെടുന്ന ദൈവവചനം ഈ ഏകീകരണത്തിലൂടെ ഹൃദയങ്ങളുടെ അഗാധതലങ്ങളിൽ എത്തിച്ചേരുമ്പോൾ സഭാത്മകമായ സുവിശേഷവത്ക്കരണം പൂർത്തീകരിക്ക

പ്പെടുന്നു. വിശുദ്ധ കുർബന ഒരു അനുഭവമായിത്തീരുന്നത് ഈ സുവിശഷവത്ക്കരണത്തിന്റെ ഏറ്റവും വലിയ പൂർണ്ണതയാണ്. മനുഷ്യാവതാരം ചെയ്ത ദിവ്യനാഥന്റെ ശരീരവും രക്തവും ഭക്ഷണ പാനീയങ്ങളായി നമുക്കു ലഭിച്ചു എന്നതാണ് സുവിശേഷവത്ക്കരണത്തിന്റെ കാതൽ.

ആഗോളക്രൈസ്തവസഭയിൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന വിശുദ്ധ കുർബാനയാണ് പ്രഥമവും പ്രധാനവുമായ സുവിശേഷവത്കരണം എന്ന ഉത്തമബോധ്യം സഭാതനയർക്കു ലഭിച്ചെങ്കിൽ മാത്രമേ ക്രിസ്തുവിന്റെ മൗതികശരീരത്തിൽ പങ്കാളികളാകുന്നത് വിശുദ്ധിയുടെ നിറവിലൂടെ മാത്രമായിരിക്കണം എന്ന നിത്യസത്യം ഫലമണിയൂ. ഇതാവണം ഓരോ സുവിശേഷപ്രഘോഷകന്റെയും ആത്യന്തികമായ ലക്ഷ്യവും. ഓരോ ആത്മാവിനെയും ക്രിസ്തുവിലേക്കു ചേർക്കുവാൻ ഈ നിത്യസത്യത്തിനു സാധിക്കണമെങ്കിൽ പ്രഘോഷകർ വിശുദ്ധിയുടെ നിറവുള്ളവരായിരിക്കണം എന്നതാണ് വ്യംഗ്യാർത്ഥം. ഈ വിശുദ്ധി കാത്തുസൂക്ഷിക്കാൻ ഓരോ സുവിശേഷപ്രഘോഷകനെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ എന്ന് നമുക്കോരോരുത്തർക്കും പ്രാർത്ഥിക്കാം. ഒപ്പം സഭയുടെ സുവിശേഷവത്കരണത്തിലൂടെ വിശുദ്ധിയിലേക്കും ക്രിസ്തുവിന്റെ രക്ഷയിലേക്കും നയിക്കപ്പെടാൻ നമുക്ക് ഉണർന്നിരുന്നു പ്രാർത്ഥിക്കാം. ഈശോ നമ്മെ വ്യക്തിപരമായി അറിഞ്ഞതുപോലെ നമ്മുടെ സഹജീവികളെ — അവരുടെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും — പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ട് അവരെ ഈശോയിലേക്ക് നയിക്കാൻ സഭാപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നവർക്ക് നിരന്തരം സാധിക്കട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം.

# 8

## ജാതിപരമായ ചിന്ത-
## രണ്ടാം വത്തിക്കാൻ കൗൺസിൽ
## പ്രമാണരേഖാ വീക്ഷണത്തിൽ ശരിയോ?

**പി. ഒ. പീറ്റർ**

ഡി.സി.എം.എസ്. മുൻ സംസ്ഥാനപ്രസിഡന്റ്

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ സഭയിലെ ജാതിപരമായ ചിന്തയെക്കുറിച്ച് വ്യക്തമായ രീതിയിൽ ഒന്നും കാണുന്നില്ല. എന്നാൽ ബൈബിൾ വീക്ഷണത്തിൽ ജാതിപരമായോ, വർഗ്ഗപരമായോ, ദേശപരമായോ ഒരു ചിന്ത ഉണ്ടാകാൻ പാടില്ലെന്നു സൂചിപ്പിക്കുന്നു. ക്രിസ്തുവിൽ സ്നാനം സ്വീകരിച്ച് ദൈവജനം ഒരു സമൂഹമായി ജീവിച്ചു. തങ്ങൾക്കുള്ളതെല്ലാം പരസ്പരം പങ്കുവച്ചു. അവരുടെയിടയിൽ ഒരുകാര്യത്തിലും ദാരിദ്ര്യം അനുഭവിക്കുന്നവർ ഉണ്ടായിരുന്നില്ല (അപ്പ. പ്രവ. 2:44). ഇതായിരുന്നു ബൈബിൾവീക്ഷണത്തിൽ ക്രൈസ്തവസമൂഹം. പിന്നെ എന്തുകൊണ്ട് ജാതിപരമായ വിവേചനം സഭയിൽ ഇന്നും ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നു? അത് അവസാനിപ്പിക്കാൻ കഴിയില്ലേ? സഭ ഇന്ന് ആത്മീയതയിലും ഭൗതികതയിലും ധന്യവും സമൃദ്ധവുമാണ്. എന്നാൽ സഭയിലെ ഒരു വിഭാഗം ആത്മീയതയിലും ഭൗതികതയിലും ദാരിദ്ര്യം അനുഭവിക്കുന്നു. രണ്ടായിരം വർഷം കഴിഞ്ഞിട്ടും ക്രൈസ്തവസഭയിൽ എന്തുകൊണ്ടാണ് ഈ സ്ഥിതിവിശേഷം തുടരുന്നത്? സാംസ്കാരികമായ ഉന്നമനം സഭയിൽ സാധ്യമല്ലെന്നുണ്ടോ?

ദീർഘകാലം കഴിഞ്ഞപ്പോൾ സഭയുടെ പ്രവർത്തനത്തിന് ചില മാറ്റങ്ങളെക്കുറിച്ച് ആലോചിക്കുകയും സഭയിൽ അടിഞ്ഞു

കൂടിയിരിക്കുന്ന മാലിന്യങ്ങൾ എങ്ങനെ നിർമ്മാർജ്ജനം ചെയ്യാമെന്ന് ഗഹനമായി ചിന്തിക്കുകയും പരിഹാരത്തിന് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ഒന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. 1962 ഒക്ടോബർ 11 -ാം തീയതിയാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്തത്. 23-ാം ജോൺ മാർപ്പാപ്പ പറഞ്ഞതു ശ്രദ്ധിക്കൂ. നമുക്ക് സഭയുടെ ജനലുകളും വാതിലുകളും തുറന്നിടാം. കാറ്റും വെളിച്ചവും കടക്കട്ടെ. ഇവിടെയുള്ള പൊടിപടലങ്ങളും മാറാലകളും പുറത്തേക്കു പോകട്ടെ. ശുദ്ധമായ വെളിച്ചവും വായുവും പ്രവേശിക്കട്ടെ. ഇതാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പരമപ്രധാനമായ അന്തസ്സത്ത.

യേശു തന്റെ പരസ്യജീവിതകാലത്ത് 12 ശിഷ്യന്മാരെ തെരഞ്ഞെടുത്ത് ദൈവമാർഗ്ഗം അവരെ പഠിപ്പിച്ചു. (സമാധാനം, നീതി, സാഹോദര്യം) യേശുവിൽ സ്നാനം സ്വീകരിച്ച ദൈവജനം വിശുദ്ധപള്ളിയുടെ ശിലകളായിത്തീർന്നു. ആ ശിലകളെ കൂട്ടിയിണക്കിയ സിമന്റ് പരസ്പരസ്നേഹമായിരുന്നു. അന്നു സമൂഹത്തിൽ ഏകാധിപതികളോ, സമ്പന്നരുടെ പ്രത്യയശാസ്ത്രമോ സ്വാധീനമോ ഉണ്ടായിരുന്നില്ല. വിശ്വാസം സ്വീകരിച്ച് എല്ലാവരും ഒരു സമൂഹമായി ജീവിച്ചു. എന്നാൽ ഇന്ന് അതാണോ? സാഹോദര്യം പങ്കുവയ്ക്കപ്പെടുന്നുണ്ടോ? പ്രവൃത്തിയും പ്രസംഗവും പ്രബോധനവും ചേർന്നു പോകുന്നുണ്ടോ? ഉത്തരം ഇനിയും കണ്ടെടുക്കേണ്ടതുണ്ടോ?

കത്തോലിക്കാസഭയിൽ ഇന്നും കർക്കശമായ ജാതിസമ്പ്രദായം കൊടികുത്തിവാഴുന്നുണ്ട് എന്നതു തർക്കമില്ലാത്ത വസ്തുതയാണ്. അതനുസരിച്ചു മെത്രാന്മാർ ബ്രാഹ്മണരും വൈദികർ ക്ഷത്രിയരും സന്ന്യസ്തർ വൈശ്യരും അല്മായർ ശൂദ്രരും ദലിത്ക്രൈസ്തവർ പഞ്ചമരും (പുറംജാതികൾ) ആണ്.

നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് അറിയുന്നു (മത്താ. 6: 32). ആയതിനാൽ ഓരോ മനുഷ്യനും ആവശ്യമുള്ളത് ദൈവം ലോകത്തിനു നല്കിയിട്ടുണ്ട്. അങ്ങനെയെങ്കിൽ ലോകത്തുള്ള എല്ലാ വസ്തുക്കളും സൗകര്യങ്ങളും എല്ലാ വിഭാഗം മനുഷ്യർക്കും അവകാശപ്പെട്ടതാണ്. എല്ലാവർക്കുംകൂടിയാണ് ദൈവം അവ നൽകിയിരിക്കുന്നത്. ദൈവം ആവശ്യപ്പെടുന്നത് അതു തുല്യമായി പങ്കു വയ്ക്കണമെന്നായിരുന്നു. അത് ആദിമസഭാസമൂഹം കൃത്യമായും ചെയ്തിരുന്നു എന്നത്

തർക്കമില്ലാത്ത വസ്തുതയാണ്.

ലോകത്ത് ഉള്ളതെല്ലാം മനുഷ്യനു വേണ്ടിയാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ഉൽപ്പത്തി പുസ്തകത്തിൽ ലോകസൃഷ്ടിയെക്കുറിച്ച് പറയുന്നു. മനുഷ്യനൊഴിച്ച് മറ്റെല്ലാം അഞ്ചു ദിവസങ്ങൾകൊണ്ട് സൃഷ്ടിച്ചു. മനുഷ്യനു വേണ്ടതെല്ലാം ഒരുക്കിയ ശേഷം ആറാം ദിവസം മനുഷ്യനെ സൃഷ്ടിച്ചു. ലോകത്ത് ഒരു മനുഷ്യക്കുഞ്ഞ് ജനിക്കുമ്പോൾ അവന് ആവശ്യമുള്ളതുകൂടി ദൈവം ഒരുക്കിയിട്ടാണ് ജനിപ്പിക്കുന്നത്. ഇവിടെയുള്ളത് എല്ലാം അവനും അവകാശപ്പെട്ടതാണ്.

തുല്യനീതി, അവസരസമത്വം, തുല്യമായ പങ്കുവയ്ക്കൽ ഇവയാണ് ദലിത് ക്രൈസ്തവർ ആവശ്യപ്പെടുന്നത്. ഇതിനു വേണ്ടിയുള്ള മുറവിളിയാണ് അറുപത്തിമൂന്നു വർഷമായി ദലിത് ക്രൈസ്തവർ ഉയർത്തിക്കൊണ്ടിരിക്കുന്നത്.

നീതിക്കു വേണ്ടിയുള്ള ഈ ശബ്ദം ഉയർത്തുന്ന ദലിത്ക്രൈസ്തവരോടൊപ്പം പക്ഷം ചേരാനും ശബ്ദം ഉയർത്താനും ക്രൈസ്തവസമൂഹത്തിന്, പ്രത്യേകിച്ച് കത്തോലിക്കാസഭാസമൂഹത്തിന് ധാർമ്മിക ഉത്തരവാദിത്തവും ബാദ്ധ്യതയുമുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ പറയുന്നു, സകല മനുഷ്യരും വിവേകമുള്ള ആത്മാവോടുകൂടിയവരും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരുമെന്ന നിലയിൽ ഒരേ സ്വഭാവവും ഒരേ ഉത്ഭവവുമുള്ളവരായതുകൊണ്ടും മിശിഹായിൽ വീണ്ടെടുക്കപ്പെട്ടവരെന്ന നിലയിൽ ഒരേ വിളിയും അന്തിമലക്ഷ്യവും ഉള്ളവരായതുകൊണ്ടും എല്ലാവരും തമ്മിൽ അടിസ്ഥാനപരമായ സമത്വം കൂടുതൽ കൂടുതൽ അംഗീകരിക്കപ്പെടണം.

തീർച്ചയായും വിഭിന്ന ശാരീരിക കഴിവുകളാലും ബൗദ്ധികശക്തികളാലും ധാർമ്മിക വൈവിധ്യത്താലും എല്ലാ മനുഷ്യരും തുല്യരല്ല. എന്നാലും വ്യക്തിയുടെ സാമൂഹികമോ സാംസ്കാരികമോ ആയ അടിസ്ഥാനാവകാശങ്ങളിൽ ലിംഗപരമോ ജാതിപരമോ നിറത്തിന്റെയോ സാമൂഹിക പരിതഃസ്ഥിതിയോ ഭാഷയോ മതമോ കാരണമുള്ള എല്ലാത്തരത്തിലുമുള്ള വിവേചനവും ദൈവഹിതത്തിനു വിരുദ്ധമെന്ന നിലയിൽ പരാജയപ്പെടുത്തേണ്ടതും ഉന്മൂലനം ചെയ്യപ്പെടേണ്ടതുമാണ്. വ്യക്തിയുടെ ഈ മൗലികാവകാശ

ങ്ങൾ ഇന്നും എല്ലായിടത്തും അഭംഗുരം സംരക്ഷിക്കപ്പെടുന്നില്ല എന്നത് തീർച്ചയായും ഖേദകരമാണ്. സ്വതന്ത്രമായി ഭർത്താവിനെ തിരഞ്ഞെടുക്കുവാനുള്ള അവകാശമോ, പുരുഷന് തുല്യമായ വിദ്യാഭ്യാസത്തിനോ പരിഷ്കാരത്തിനോ ഉള്ള അവകാശമോ സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നതുപോലുള്ള കാര്യങ്ങൾതന്നെ. ഇതിനുപുറമേ മനുഷ്യർ തമ്മിൽ ഏതെല്ലാം നീതിയുക്തമായ വൈവിധ്യങ്ങൾ നിലവിലുണ്ടെങ്കിലും കൂടുതൽ മാനുഷികവും സമതുലിതവുമായ പരിതഃസ്ഥിതിയിലേക്കു വന്നുചേരുന്നത് വ്യക്തികളുടെ തുല്യമായ മഹത്ത്വത്തിന് ആവശ്യകമാണ്. കാരണം, ഒരു മനുഷ്യകുലത്തിലെ അംഗങ്ങളോ ജനതകളോ തമ്മിലുള്ള ക്രമാതീതമായ സാമ്പത്തിക സാമൂഹിക അസമത്വങ്ങളെന്നിവ ദുർമാതൃക ഉളവാക്കുകയും സാമൂഹികനീതിക്കും ന്യായബോധത്തിനും മനുഷ്യവ്യക്തിത്വത്തിനും മഹത്ത്വത്തിനും മാത്രമല്ല സാമൂഹികവും അന്താരാഷ്ട്രീയവുമായ സമാധാനത്തിനുതന്നെയും വിലങ്ങുതടിയാകുകയും ചെയ്യുന്നു.

സ്വകാര്യമോ പൊതുവായതോ ആയ മാനവിക പ്രസ്ഥാനങ്ങൾ മനുഷ്യന്റെ മഹത്ത്വത്തിനും സാമൂഹികലക്ഷ്യത്തിനും സർവ്വതോന്മുഖ സാമൂഹിക സേവനത്തിനും വേണ്ടി പരിശ്രമിക്കേണ്ടതാണ്. അതോടൊപ്പം സാമൂഹികമോ രാഷ്ട്രീയമോ ആയ ഏത് അടിമത്തത്തിനുമെതിരായി ശക്തിപൂർവ്വം സമരം ചെയ്യുകയും മനുഷ്യരുടെ മൗലികാവകാശങ്ങൾ എന്നും സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ ഇടപെടുകയും വേണം. പ്രസ്ഥാനങ്ങൾ സർവ്വതോന്മുഖമായ ആദ്ധ്യാത്മിക കാര്യങ്ങളോട് സാവകാശം അനുരൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഉദ്ദിഷ്ടലക്ഷ്യം പ്രാപിക്കുന്നതിന് അതിനിടെ ദീർഘകാലത്തെ പരിശ്രമം ആവശ്യമായി വന്നേക്കാമെങ്കിൽ തന്നെ (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ, പി.ഒ.സി. പ്രസിദ്ധീകരണം പേജ് 157, 158). രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയുടെ അടിസ്ഥാനത്തിൽ ദലിത് ക്രൈസ്തവരുടെ സാമൂഹികനീതിക്കുവേണ്ടി പോരാട്ടം നടത്താൻ കത്തിലോക്കാ സഭാസമൂഹത്തിന് ധാർമ്മിക ഉത്തരവാദിത്തമുണ്ട്. ഈ ആവശ്യമുന്നയിച്ചു നടത്തുന്ന സമരത്തിന് അറുപത്തിമൂന്നു വയസ്സു കഴിഞ്ഞു. പ്രശ്നപരിഹാരത്തിന്റെ ഒരു കിരണം കാണുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഏറ്റവും അവസാനമായി പ്രശ്നം പഠിച്ച്

റിപ്പോർട്ടു നൽകാൻ ആവശ്യപ്പെട്ട ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ ശുപാർശ ചെയ്യാതിരിക്കുന്നത് സംവരണം നൽകണമെന്നാണ്. 2005-ൽ തമിഴ്നാട് കുംഭകോണം സ്വദേശി ശ്രീ. ഫ്രാങ്കളിൻ സീസർ തോമസ് നൽകിയ ഹർജിയിൽ സുപ്രീം കോടതി പല പ്രാവശ്യം കേന്ദ്രഗവണ്മെന്റിന്റെ നിലപാടു ചോദിച്ചിട്ടും ഒരു മറുപടി നൽകാൻ ഏഴു വർഷമായിട്ടും തയ്യാറായിട്ടില്ല.

കത്തോലിക്കാസഭയിൽ 3 ലക്ഷത്തിൽ താഴെ ദലിത് കത്തോലിക്കരേ ഉള്ളൂ. സഭാസമൂഹം കൂട്ടായി പരിശ്രമിച്ചാൽ ഒരു പരിധി വരെയും ദലിത് കത്തോലിക്കരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. പക്ഷേ ഇതിനുള്ള ശ്രമം ഇതുവരെ ഉണ്ടായിട്ടില്ല. 1992 കാലഘട്ടത്തിൽ ഈ പ്രശ്നം കെ.സി.ബി.സി. യോഗത്തിൽ അന്ന് ഡി.സി.എം.എസ്. ഡയറക്ടർ ആയിരുന്ന റവ. ഫാ. ജോസഫ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ. വി.ജെ. ജോൺ, ജനറൽ സെക്രട്ടറി പീറ്റർ ആനക്കല്ല്, ഓർഗനൈസർ ശ്രീ. പി. ഒ. പീറ്റർ എന്നിവർ അവതരിപ്പിച്ചു. അന്ന് ബത്തേരി രൂപതാദ്ധ്യക്ഷനായിരുന്ന സിറിൾ മാർ ബസേലിയോസ് തിരുമേനി പറഞ്ഞു ഇപ്പോൾ ദലിത് കത്തോലിക്കർ ഉള്ള രൂപതകൾ അവരുടെ വിദ്യാഭ്യാസം, ജോലി, വീട്, ചികിത്സ, പെൺകുട്ടികളുടെ വിവാഹം തുടങ്ങിയ കാര്യങ്ങളിൽ എത്ര കുടുംബങ്ങളെ സംരക്ഷിക്കാൻ കഴിയുമെന്നു പറയുക. ബാക്കി വരുന്ന കുടുംബങ്ങളുടെ കാര്യം ഇല്ലാത്ത രൂപതകൾ ഏറ്റെടുക്കണം. മറ്റു തിരുമേനിമാർ ഒന്നും മിണ്ടിയില്ല. അല്പസമയം കഴിഞ്ഞപ്പോൾ യോഗാദ്ധ്യക്ഷൻ പറഞ്ഞു: നിങ്ങൾ പൊയ്ക്കോ, ഞങ്ങൾ ആലോചിക്കട്ടെയെന്ന്. യോഗം കഴിഞ്ഞ് വന്ന സിറിൾ മാർ ബസേലിയോസ് തിരുമേനിയെ ഞങ്ങൾ കണ്ടു. ഞങ്ങളുടെ വിഷയത്തിന്മേൽ എന്തെങ്കിലും തീരുമാനം ഉണ്ടായോയെന്ന് ആരാഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: ഒരു തീരുമാനവും ഉണ്ടായില്ല. ഈ വിഷയം പിന്നീട് ചർച്ച ചെയ്തില്ല. നിങ്ങൾ ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞ കാര്യം നിങ്ങൾ കേട്ടതല്ലേ, എല്ലാവരും മൗനം പാലിച്ചു. അതുതന്നെ വീണ്ടും ഉണ്ടായത്.

കത്തോലിക്കാസഭയും സമൂഹവും മനസ്സുവച്ചാൽ ദലിത് കത്തോലിക്കരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഒരുപിടി പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുവാൻ ക

ഴിയും. സഭയിലെ അല്മായർ ഉൾപ്പെടുന്ന സമിതികളിൽ പ്രാതിനിധ്യവും പദവികളും നല്കി അംഗീകരിക്കുക. ക്രൈസ്തവർക്കു ലഭിക്കുന്ന നിയമസഭ - പാർലമെന്റ് തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് ലഭിക്കുന്ന സീറ്റുകളിൽ കുറച്ചു ദലിത് ക്രൈസ്തവർക്കു കൂടി നൽകി അവരെ വിജയിപ്പിക്കുക. അധികാരതലങ്ങളിലക്കു കടന്നു വരുമ്പോൾ സാമൂഹിക അംഗീകാരം ലഭിക്കും. വിദ്യാഭ്യാസകോഴ്സുകൾക്ക് അപേക്ഷിക്കുന്ന അർഹതയുള്ള എല്ലാ കുട്ടികൾക്കും അഡ്മിഷൻ നൽകി, ഫീസ് ഇളവു നൽകി പഠിക്കാൻ അവസരം നൽകുക. അർഹതയുള്ളവർക്ക് എല്ലാ സഭാസ്ഥാപനങ്ങളിലും ജോലിക്കു മുൻഗണന നൽകുക, ഭൂമി, പാർപ്പിടം പെൺകുട്ടികളുടെ വിവാഹം, ചികിത്സ തുടങ്ങിയ കാര്യങ്ങളിൽ മുന്തിയ പരിഗണന നൽകുക തുടങ്ങിയ കാര്യങ്ങൾ ചെയ്ത് സഭാസമൂഹം അംഗീകരിക്കുമ്പോൾ സമൂഹവും അംഗീകരിക്കും. ഇതാണ് സഭാസമൂഹത്തിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ. ഇതിനായി സഭ പരിശ്രമിക്കുക. സാമൂഹികമായി പരിഗണിക്കപ്പെടുമ്പോൾ തങ്ങൾ മാറ്റിനിർത്തപ്പെടുന്നില്ല എന്ന വിശ്വാസം അവരിൽ ദൃഢമാകും.

തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്ന് ഓർമ്മപ്പെടുത്തിയ ക്രിസ്തുദേവന്റെ പാത പിൻതുടർന്ന് അശരണർക്കും ആലംബഹീനർക്കും അത്താണിയായി പ്രവർത്തിക്കുവാൻ സന്നദ്ധമായ സഭയുടെ ജനസംഖ്യയിൽ നല്ലൊരു വിഭാഗവും ദളിത് ക്രൈസ്തവരാണ്. വേണ്ടത്ര ഭൂസ്വത്തോ ഉദ്യോഗപാരമ്പര്യമോ ഇല്ലാത്ത ഈ ജനതയുടെ പിന്മുറക്കാർ വിദ്യാഭ്യാസത്തിലും മറ്റും ഉയർന്ന നിലവാരം നേടുന്നു. എന്നത് അവിതർക്കിതമായ വിഷയമാണ്. എന്നാൽ ഇത്തരത്തിൽ അക്കാദമിക്ക് നേട്ടങ്ങൾ ഉണ്ടാക്കിയവർപോലും അർഹതപ്പെട്ട സ്ഥാനങ്ങളിൽ പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസരംഗത്ത് എത്ര ദളിത്ക്രിസ്ത്യാനികളെ പരിഗണിച്ചിട്ടുണ്ട്? സാമൂഹികനീതിയുടെ പൂർത്തീകരണത്തിന് ഇതാവശ്യമല്ലേ? അധികാരസ്ഥാപനങ്ങളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ ദലിത് ക്രൈസ്തവജനതയ്ക്ക് അർഹമായ സ്ഥാനമാനങ്ങൾ കൊടുത്ത് പരിഗണിക്കാവുന്നതല്ലേ? വൈവാഹികബന്ധങ്ങളിലും തുറന്ന സമീപനം കൈക്കൊള്ളുവാൻ ഇന്നും ക്രൈസ്തവജനത തയ്യാറായിട്ടില്ലെന്ന സത്യം വിസ്മരിക്കാൻ പാടില്ല. ഇതു സഭ ഗൗരവമായി ചിന്തിക്കേണ്ടതാണ്.

# 9

## സ്ത്രീപങ്കാളിത്തം - സഭയിലും പൊതുമണ്ഡലത്തിലും

ഡെയിസമ്മ ജയിംസ്

സ്ത്രീപങ്കാളിത്തം സഭയിലും പൊതുമണ്ഡലത്തിലും എന്നു ചിന്തിക്കുമ്പോൾ സ്ത്രീ ഒരു പങ്കാളിയായിരിക്കേണ്ടതാണ് എന്ന ധ്വനി ഉണ്ട്. എന്നാൽ പുരുഷകേന്ദ്രീകൃതമായ ഒരു സമൂഹമാണ് ഇന്നും സ്ത്രീക്കു മുന്നിലുള്ളത് എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ പൊതുമണ്ഡലത്തിലും സഭയിലുംഒക്കെ തുല്യപങ്കാളിത്തത്തിനുവേണ്ടി അവൾ ഇന്നും പൊരുതേണ്ടിയിരിക്കുന്നു എന്നതാണ് എന്റെ അഭിപ്രായം.

ഈ വിഷയത്തെ ഞാൻ സമീപിക്കുന്നത് ഏതാണ്ട് മൂന്നു തലങ്ങളിലാണ്. ഒന്ന്, സ്ത്രീസത്തയുടെ സാമൂഹികചരിത്രം, പൊതുമണ്ഡലത്തിൽ സ്ത്രീയുടെ പ്രശ്നങ്ങൾ. രണ്ട്, ഫെമിനിസം – അതിന്റെ പ്രതിധ്വനി ചരിത്രത്തിലും സാഹിത്യത്തിലും. മൂന്ന്, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ സ്ത്രീ എന്ന യാഥാർത്ഥ്യത്തെ പുനർവായിക്കാനുള്ള ശ്രമം.

നമുക്കറിയാം വേദങ്ങളുടെയും ഇതിഹാസങ്ങളുടെയും കാലത്ത് സ്ത്രീ സംപൂജ്യയായിരുന്നു. ശക്തിയുടെ പ്രതീകങ്ങൾക്കെല്ലാം നാം സ്ത്രീത്വം നൽകി ആരാധിച്ചിരുന്നു. ഭാരതം നമുക്ക് ഭാരതാംബയാണ്, ഗംഗ ഗംഗാദേവിയാണ്, ഭൂമി ഭൂമീദേവിയാണ്... എന്നാൽ കാലത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ കായികശേഷികൊണ്ടു പുരുഷൻ പ്രബലനായപ്പോൾ, അവൻ കുടുംബത്തിനുവേണ്ടി അധ്വാനിക്കാൻ പുറംലോകത്തേക്കു പോയപ്പോൾ, സ്ത്രീ വീട്ടിലിരുന്ന് ആഹാരം പാകം ചെയ്യുക കുട്ടികളെ നോക്കുക എന്നിങ്ങനെ ഒരു തലത്തിലേക്കു ചുമതലപ്പെട്ടു.

പിന്നെ ചരിത്രം സ്ത്രീയോടു കാട്ടിയ ക്രൂരതകൾ എത്ര മനുഷ്യ വിചാരവികാരങ്ങൾ ഉൾക്കൊള്ളുന്ന സ്ത്രീജനങ്ങളെ ഭർത്താവിന്റെ ചിതയിൽ ദഹിപ്പിച്ചു. കേരളത്തിലെ നമ്പൂതിരി സ്ത്രീകൾ പണ്ട് അനുഭവിച്ച ദുരന്തങ്ങൾ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്നതാണ്. അങ്ങനെ സ്ത്രീയെ അപമാനിക്കുകയും അവഹേളിക്കുകയും ചെയ്തുകൊണ്ട് പുരുഷനിലെ പൈശാചികത നൃത്തമാടി. വീണ്ടും കാലം മുന്നോട്ടുപോയി. ഇത് ആധുനികയുഗം. ധാരണകൾ പാടേ മാറിയ പുതുലോകത്തിൽ, ആ പുതുലോകത്തിന്റെ സമുചിതനിർമ്മാണത്തിൽ സ്ത്രീക്കുള്ള പങ്കിന്റെ പ്രാധാന്യവും അനിവാര്യതയും കുറെയൊക്കെ ബോധ്യപ്പെട്ടുകഴിഞ്ഞു.

ഉപനിഷത്കാലങ്ങളിലെ സ്ത്രീത്വഗരിമയും ഇതിഹാസകാലങ്ങളിലെ ആദർശനൈർമ്മല്യവും കുരുക്ഷേത്രവീര്യം പകർന്ന് സ്ത്രീയുടെപ്രതിഭയിൽ ഉദയജ്വാലകൾ ആവേണ്ടിയിരിക്കുന്നു. നക്ഷത്രയുദ്ധ ഭീഷണികളിൽ വംശഹത്യയുടെ മഹാദുരന്തം നിഴൽ വീഴ്ത്തി നില്ക്കേ സ്ത്രീയുടെ ധർമ്മസങ്കടങ്ങൾക്ക് അറുതിയില്ലാ എന്ന അറിവോടെതന്നെ, കൂടുതൽ കൂടുതൽ ഒരു സ്ത്രീയായി ജീവിക്കാനും സ്ത്രീയെന്ന യാഥാർത്ഥ്യത്തിന്റെ പൊരുളിനെ തിരിച്ചറിയാനും സ്ത്രീക്കു കഴിയണം

ഇന്നും സ്ത്രീയുടെ ജീവിതം പ്രശ്നങ്ങളിൽനിന്ന് പൂർണ്ണമായും മുക്തമല്ല... ഭരണഘടന അവൾക്കു നൽകുന്ന അവകാശങ്ങൾ മറന്നുകൊണ്ടല്ല ഞാൻ പറയുന്നത്. ഈ അവകാശങ്ങൾ നിയമപരമായി അനുഭവിക്കാൻ പലപ്പോഴും അവൾക്കാകുന്നില്ല എന്നതാണ് സത്യം. ഇന്നും സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങൾ......

**നിരക്ഷരതയും അറിവില്ലായ്മയും**

ആൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചാൽ കുടുംബത്തിന് പ്രയോജനപ്പെടുമെന്നും പെൺകുട്ടിയെ വിദ്യാഭ്യാസം ചെയ്യിച്ചാൽ കുടുംബത്തിന് പ്രയോജനമില്ലെന്നുമുള്ള സമൂഹത്തിന്റെ ചിന്ത ഇന്നും മുഴുവനായി മാറിയിട്ടില്ല. പിന്നെ ഭാരവത്തായ വിവാഹച്ചെലവ്... സ്ത്രീയുടെ വിദ്യാഭ്യാസം പരമ്പരാഗതമായ സാംസ്കാരിക മൂല്യങ്ങളെ ബാധിക്കുമെന്നും വിദ്യാഭ്യാസമുള്ള സ്ത്രീകൾ കുടുംബത്തെ ധിക്കരിക്കുമെന്നുമുള്ള ചിന്ത... കുടുംബത്തിന്റെ കെട്ടുറപ്പിന് സ്ത്രീയുടെ വിധേയത്വം ആവശ്യമായി വരുന്നതുമൂലമാണിത്.

അറിവു നേടുന്ന സ്ത്രീ അസമത്വങ്ങളെ തിരിച്ചറിയുമെന്നും വിദ്യാഭ്യാസംമൂലം കിട്ടുന്ന തൊഴിലിലൂടെ സാമ്പത്തികസമത്വം നേടുന്ന സ്ത്രീ ഒരുപക്ഷേ കുടുംബത്തിലെ അധികാരഘടനയെ ചോദ്യം ചെയ്തേക്കുമെന്നും സമൂഹം ഭയപ്പെടുന്നു. 19-ാം നൂറ്റാണ്ടിൽത്തന്നെ സ്ത്രീസാക്ഷരതയിൽ ഉണ്ടായ മുൻതൂക്കം വച്ചു നോക്കുമ്പോൾ വിദ്യാഭ്യാസരംഗത്ത് വളരെയധികം മാറ്റങ്ങൾ ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ ഇന്നതില്ല. പുരോഗമനാശയമുള്ള സ്ത്രീ 'വാർപ്പുമാതൃകകളെ' തകർത്തെത്തുന്നവൾ എന്ന നിലയ്ക്ക് എപ്പോഴും ശ്രദ്ധാകേന്ദ്രമാകുന്നു.

**സ്ത്രീ അനുഭവിക്കുന്ന ദാരിദ്ര്യം.**

സ്ത്രീയുടെ ഏറ്റം വലിയ പ്രശ്നങ്ങളിലൊന്ന് അവൾ അനുഭവിക്കുന്ന ദാരിദ്ര്യമാണ്. വിശപ്പുമൂലം തന്റെ നാത്തൂനെ എഴുപതു രൂപയ്ക്കു വിറ്റ സംഭവം പത്രലേഖകരോടു വിവരിച്ച ഉത്തരേന്ത്യൻ വീട്ടമ്മയെ കണ്ടോർക്കുന്നു.

**സ്ത്രീയോടുള്ള അവഗണന**
**അവൾ ജനിക്കുന്നതിനു മുമ്പുതന്നെ ആരംഭിക്കുന്നു**

പെൺകുട്ടികളെ ഈ ലോകത്തു ജീവിക്കാൻപോലും അനുവദിക്കാത്തവിധം, പിറക്കാൻപോലും അനുവദിക്കാത്തവിധം കൂരമായി പെരുമാറുന്ന സമൂഹം ഇന്നും ഉണ്ട്. തമിഴ്നാട്ടിലെ ഉസ്ലംപെട്ടിയിൽ വിഷക്കായ് അരച്ചുകൊടുത്ത് പെൺകുഞ്ഞുങ്ങളെ കൊല്ലുന്നു. കുഞ്ഞു പിറന്നാലുടൻതന്നെ കട്ടിയുള്ള നനഞ്ഞ തുണി മുഖത്തിട്ട് ശ്വാസം മുട്ടിച്ചു കൊല്ലുന്നു, നെന്മണി ശ്വാസനാളത്തിൽ കുരുക്കി കൊല്ലുന്നു....

**യാത്രയ്ക്കിടയിൽ സംഭവിക്കുന്നത്**

ഷൊർണ്ണൂരിനടുത്ത് ചെറുതുരുത്തിയിൽ മനസ്സാക്ഷിയെ ഞെട്ടിച്ച ക്രൂരത - ഗോവിന്ദച്ചാമി എന്ന ഒറ്റക്കയ്യനാൽ ക്രൂരമായി കൊലചെയ്യപ്പെട്ട സൗമ്യ, ഡൽഹിയിൽ ബസിൽവച്ച് കൂട്ടമാനഭംഗത്തിനിരയായി ദയനീയമായി കൊല്ലപ്പെട്ട സമർത്ഥയായ വദ്യാർത്ഥിനി... പട്ടിക നീളുകയാണ്അട്ടപ്പാടിയിലെ നിരക്ഷരരും നിരാലംബരുമായ ആദിവാസിപെൺകുട്ടി മാത്രമല്ല, സെക്രട്ടറിയേറ്റിലെ ഉന്നതകുലജാതയും അഭ്യസ്തവിദ്യയുമായ വകുപ്പദ്ധ്യക്ഷപോലും ഈ പീഡനങ്ങൾക്ക് ഇരയാകുന്നു.

**വീടുകളിൽ സ്ത്രീ അനുഭവിക്കുന്നത്**

ഏറ്റം കൂടുതൽ അനുഭവിക്കുന്നത് വീടുകളിൽത്തന്നെയാണ്. വീടുകളിലെ പീഡനങ്ങൾക്കും ക്രൂരതകൾക്കുമെതിരേ ഗാർഹികപീഡനനിരോധനനിയമം ഉണ്ട്. എന്നാൽ പാലിക്കപ്പെടുന്നില്ല. ഭർത്താവിന്റെ ക്രൂരതകൾ സഹിച്ചു മടുത്ത് കേസു കൊടുക്കാൻ പോയ ഭാര്യയെ വഴിയിൽ തടഞ്ഞുനിർത്തി നഗ്നയാക്കിയ ഭർത്താവ് ഇവിടെയുണ്ട്. ഭർത്താവിനെ പുറകിലിരുത്തി സ്നേഹത്തോടെ സ്കൂട്ടർ ഓടിച്ചുപോയ ഭാര്യയെ പാതിവഴിയിൽ സ്കൂട്ടർ നിർത്തിച്ച് കഴുത്തറുത്തു കൊന്ന ക്രൂരനായ ഭർത്താവ് ഈ സമൂഹത്തിൽതന്നെ ഉണ്ട്. ഇങ്ങനെയുള്ള നരാധമന്മാർ ഇന്നത്തെ പെണ്ണിന്റെ ഏറ്റം വലിയ വെല്ലുവിളിയാണ്.

**പുരുഷന്മാരുടെ മദ്യപാനം**

മദ്യപാനം ഏറ്റം വലിയ സാമൂഹികവിപത്താണ്. കുടുംബസമാധാനത്തെ തകർക്കുന്ന മദ്യപാനം നിയമംമൂലം നിരോധിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഏതു സർക്കാർ അധികാരത്തിൽ വന്നാലും മാറ്റുവാൻ തന്റേടമില്ലാത്ത ഒരു ദുരന്തമായി മദ്യം മാറുമ്പോൾ ഏറ്റം വലിയ ബലിയാടുകൾ കുടിയനോടൊപ്പം ജീവിക്കേണ്ടിവരുന്ന സ്ത്രീകളാണ്, കുടുംബിനികളാണ്.

സ്ത്രീസമൂഹം നൂറ്റാണ്ടുകളായി അനുഭവിച്ച അസമത്വങ്ങൾക്കും അനീതികൾക്കും എതിരായി സ്ത്രീകൾക്കിടയിൽനിന്ന് ഉയർന്നുവന്ന പ്രതിഷേധത്തിന്റെ സ്വരം, പ്രവർത്തനങ്ങൾ. . . ലോകചരിത്രത്തിൽ ഫെമിനിസം എന്നറിയപ്പെടുന്നു. മനുഷ്യവംശത്തിന്റെ വികാസചരിത്രത്തിലൂടെ, നൂറ്റാണ്ടുകളേല്പിച്ച പുരുഷപീഡനത്തിന്റെ വടുക്കളും പേറി അതിജീവനത്തിന്റെ പാതയിലെ ഏറ്റം ക്ലിഷ്ടമായ അരികുകളിലേക്ക് തള്ളപ്പെട്ട സ്ത്രീസമൂഹം വിമോചനത്തിന്റെ ശംഖൊലി മുഴക്കിയതും അതിനു മറ്റുള്ളവർ ചെവി കൊടുത്തതും ചരിത്രമാണ്. ഫെമിനിസം എന്ന സിദ്ധാന്തം ഒരു ആശയസമുച്ചയമാണ്. സ്ത്രീവിമോചനം അതിന്റെ കേന്ദ്രപ്രചോദനവും ലക്ഷ്യവും ആണ്. സ്വാതന്ത്ര്യത്തോടു ബന്ധപ്പെട്ട അനേകം ചിന്താതരംഗങ്ങൾ അതിൽ ഉൾച്ചേർന്നിട്ടുണ്ട്.

മലയാളത്തിലെ സ്ത്രീപക്ഷ എഴുത്തുകാരിൽ ശ്രദ്ധേയരായ സാറാ ജോസഫ്, മാധവിക്കുട്ടി, അഷിത, ഗ്രേസി എന്നീ കഥാ

കാരികളും വിജയലക്ഷ്മി, സാവിത്രീ രാജീവൻ, റോസ് മേരി, വി. ഗിരിജ മുതലായ കവയിത്രികളും ശ്രദ്ധിക്കപ്പെടുന്നവരാണ്. വിജയ ലക്ഷ്മിയുടെ 'മൃഗശിക്ഷകൻ' എന്ന കവിതയിൽ പരിശീലകന്റെ മുൻപിൽ 'ഞാൻ അങ്ങയെ അനുസരിച്ചുകൊള്ളാം' എന്നു പറയു ന്നിടത്ത് പുരുഷന്റെ മുമ്പിൽ 'ഞാൻ അങ്ങയെ അനുസരിച്ചു കൊള്ളാം' എന്നു പേടിച്ചു പറയുന്ന പെണ്ണിനെ 'പറയാതെ പറഞ്ഞ്' അവതരിപ്പിക്കുന്നു.

സാവിത്രീ രാജീവന്റെ 'പ്രതിഷ്ഠ' എന്ന കവിത "ഒരേസ മയം കോവിലും പ്രതിഷ്ഠയുമായിത്തീർന്ന വെറുമൊരു വീട്ടുപക രണമാണു ഞാൻ" എന്ന തിരിച്ചറിവ്...."അടുക്കളയിലെ തേഞ്ഞു തീരുന്ന വീട്ടുപകരണമാണു ഞാൻ" എന്ന് കവിത ആരംഭിക്കുന്നു.

എണ്ണമറ്റ ഗൃഹജോലികളുടെ വിരസമായ ആവർത്തനത്തി ലൂടെ അഭിലാഷങ്ങളുടെയും സ്വപ്നങ്ങളുടെയും ഉറവ വറ്റിയ ഒരു യന്ത്രമായത്തീരുകയാണവൾ. സ്ത്രീയെ വലയം ചെയ്യുന്ന സമൂഹ ശാസനകളുടെ ദാക്ഷിണ്യരാഹിത്യമാണ് തുടർന്നു കവിതയിൽ വിവ രിക്കുന്നത്.

ഇങ്ങനെ പെണ്ണെഴുത്തിലൂടെ, മറ്റു ചിന്താധാരകളിലൂടെ, സ്ത്രീക്കു വേണ്ടിയുള്ള പുതിയ നിയമനിർമ്മാണഘടകങ്ങളി ലൂടെയെല്ലാം... സ്ത്രീശാക്തീകരണത്തിന്റെ തൂവെളിച്ചം ഇടയ്ക്കു കാണാൻ സാധിക്കുന്നു എന്നത് സന്തോഷകരമായ കാര്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ ഇന്നത്തെ സ്ത്രീജീവിതത്തെ നോക്കിക്കാണാൻകൂടി ശ്രമിക്കണം എന്ന് എന്നോട് ആവശ്യപ്പെട്ടു. അതിനുള്ള ഉത്തരം ഏറെ ശ്രമകര മായിരുന്നു എന്നു പറയാതിരിക്കാൻ ആവില്ല. രണ്ടാം വത്തിക്കാൻ കൗൺസിലിനെ 'സഭയുടെ വസന്തം' എന്നാണു വിശേഷിപ്പിക്കു ന്നത്. സഭയുടെ ആധുനികചരിത്രത്തിലെ ഏറ്റവും വലിയ സംഭവ മായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണജൂബിലി സഭ യിലെങ്ങും കൊണ്ടാടുകയാണ്. ആധുനികസഭയിലെ പെന്ത ക്കുസ്താ പോലെ രണ്ടാമത്തെ സാർവത്രികസൂനഹദോസായ രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നത്. ഈ കൗൺസിൽ വിളി ച്ചുകൂട്ടിക്കൊണ്ട് പരിശുദ്ധ പിതാവ് ജോൺ 23-ാമൻ പാപ്പാ പറഞ്ഞു, ഈ സൂനഹദോസിൽനിന്നും ചൈതന്യമുൾക്കൊണ്ട് സഭ നവചൈ തന്യത്താൽ പ്രശോഭിതയാകുമെന്ന്. രണ്ടാം വത്തിക്കാൻ

കൗൺസിൽ സമാപിച്ച് അരനൂറ്റാണ്ടു പിന്നിടുമ്പോഴും കൗൺസിലിന്റെ ദർശനവും വീക്ഷണങ്ങളും ഇന്നും വേണ്ടവിധം സഭയ്ക്കുള്ളിലും പുറത്തും എത്തിയിട്ടില്ലെന്ന് ബെനഡിക്ട് പതിനാറാമൻ പാപ്പാ വീക്ഷിച്ചിട്ടുണ്ട്.

സ്ത്രീകൾക്കു മാത്രമായി ഒന്നും എഴുതിയിട്ടില്ല. എങ്കിലും രണ്ടു പ്രതിപാദനങ്ങളെ ബന്ധപ്പെടുത്തി 'രണ്ടാം വത്തിക്കാൻ കൗൺസിലും സ്ത്രീകളും' എന്ന വിഷയത്തോട് നീതി പുലർത്താൻ ഞാൻ ശ്രമിക്കുകയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അദ്ധ്യായം 8-ൽ പരിശുദ്ധ കന്യകാമറിയത്തെ സഭയുടെ മാതാവും ശക്തിയുമായി അവതരിപ്പിച്ചിരിക്കുന്നു. രക്ഷാകരപദ്ധതിയിൽ മാതാവിനുള്ള വലിയ പങ്കിനെ വ്യക്തമാക്കുന്നതിലൂടെ, മരിയഭക്തിയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, മാതാവിനെ മഹത്ത്വീകരിക്കുന്നതിലൂടെ വാസ്തവത്തിൽ സ്ത്രീത്വംതന്നെയാണ് ബഹുമാനിക്കപ്പെടുന്നത്.

അതുപോലെതന്നെ അല്മായരുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച ഡിക്രിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാണെന്ന് തിരിച്ചറിയുമ്പോഴും കുടുംബത്തിൽ, സമൂഹത്തിൽ, മറ്റു പ്രവർത്തനരംഗങ്ങളിൽ കൗൺസിൽ വിഭാവനം ചെയ്ത അവകാശങ്ങളോ അംഗീകാരങ്ങളോ ഒരു പരിധിവരെ മാത്രമേ അല്മായരായ സ്ത്രീജനങ്ങൾക്കു ലഭിക്കുന്നുള്ളൂ എന്നതാണു സത്യം.

ദൈവപുത്രനു ജനിക്കാൻ ദൈവം ഒരു സ്ത്രീയോടു സമ്മതം ചോദിക്കുന്നു - ബൈബിളിൽ നാം കാണുന്നു. 'ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടുകൂടെ' ഒരു ദൂതനും ഒരു സ്ത്രീയോടും അതുവരെ പറയാതിരുന്ന വാക്കുകൾ. അബ്രാഹത്തോടും മോശയോടുമെല്ലാം ദൈവം കല്പിക്കുകയാണ്. എന്നാൽ ഒരു സ്ത്രീയോട് അവളുടെ സമ്മതം ചോദിക്കുന്നു. അതും തന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരാൻ. പുരുഷനാണ് ദൈവത്തിന്റെ ഭൂമിയിലെ പ്രതിരൂപം എന്നു വിശ്വസിച്ചിരുന്ന ഒരു സമൂഹത്തിലാണ് ദൈവം സ്ത്രീയെ ഇത്രമാത്രം ഉന്നതമായി കരുതുന്നത്. ചിന്തിച്ചാൽ മനസ്സിലാകുന്ന മറ്റൊരു കാര്യം, ക്രിസ്മസ് മറ്റു പലതിനുമൊപ്പം സ്ത്രീയുടെ സ്വാതന്ത്ര്യത്തെ, സ്ത്രീത്വത്തെ ദൈവം

മനുഷ്യനു മുമ്പിൽ മഹത്ത്വപ്പെടുത്തുന്ന അതിമനോഹരമായൊരു ചരിത്രസംഭവമാണ് എന്നാണ്.

ഒരു ജനത രണ്ടായിരം വർഷം കാത്തിരുന്ന രക്ഷകന്റെ ജനനത്തിന്, ഒരു സ്ത്രീയുടെ സ്വതന്ത്രമായ തീരുമാനത്തിനുവേണ്ടി ദൈവംപോലും അവൾക്കുമുൻപിൽ കാത്തുനിൽക്കുന്നു. അത്രമാത്രം ബഹുമാനിക്കപ്പെടേണ്ടവളാണ് സ്ത്രീ എന്ന്, പുരുഷകേന്ദ്രിതമായ ലോകത്തിനു ദൈവം നൽകിയ സന്ദേശമാണ് ക്രിസ്മസ്. ഒരു സ്ത്രീയോട് പുരുഷൻ എങ്ങനെ പെരുമാറണമെന്ന് ചരിത്രത്തിലൂടെ ദൈവം നൽകിയ പാഠമായി ഈ ബൈബിൾഭാഗത്തെ കാണാം. മറിയത്തെ ദൈവത്താൽ നിഷ്ക്രിയയായി ഉപയോഗിക്കപ്പെട്ടവളായല്ല, പ്രത്യുത, സ്വതന്ത്രമായ വിശ്വാസത്തോടും അനുസരണത്തോടുംകൂടെ മനുഷ്യരക്ഷയ്ക്കു സഹകരിച്ചവളായി സഭ കരുതുന്നു എന്ന് 8-ാം പ്രമാണരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈശോയുടെ പരസ്യജീവിതത്തിൽ മാതാവ് വ്യക്തമായി ആരംഭത്തിൽത്തന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്. അവൾ തന്റെ മാധ്യസ്ഥ്യം വഴി കാനായിലെ കല്യാണവിരുന്നിൽ ഈശോമിശിഹായുടെ ആദ്യത്തെ അത്ഭുതംചെയ്യാൻ കരുണയാൽ ആർദ്രചിത്തയായി പ്രേരിപ്പിക്കുന്നു (യോഹ, 2 1 11) എന്ന സുവിശേഷഭാഗം വളരെ പ്രാധാന്യത്തോടെ അവതരിപ്പിക്കുമ്പോൾ മാതാവിലൂടെ ഒരു മാതൃകയാണ് സ്ത്രീജനങ്ങൾ പഠിക്കേണ്ടത് എന്ന ധ്വനി കൂടിയുണ്ട്. ഇവിടെ സമൂഹത്തിന്റെ ആവശ്യങ്ങളും ദുഃഖങ്ങളും കണ്ടറിഞ്ഞു പ്രതികരിക്കാനും സാമൂഹിക പ്രതിബദ്ധത ഉള്ളവരായി മാറാനും സ്ത്രീകൾക്കു സാധിക്കണം എന്ന പാഠമാണ് നാം ഉൾക്കൊള്ളേണ്ടത്.

ഭാഗ്യപ്പെട്ട കന്യകയെ തിരുസഭ, അഭിഭാഷക, സഹായക, ഉപകാരിണി, മദ്ധ്യസ്ഥ എന്നീ പേരുകളാൽ വിളിച്ചപേക്ഷിക്കുന്നതായി പറയുന്നു. സഭയുടെ ശ്ലൈഹികദൗത്യത്തിൽ സഹകരിക്കുന്നവരെയെല്ലാം മനുഷ്യരുടെ പുനർജനിക്കുവേണ്ട ചൈതന്യമുള്ളവരാക്കാൻ ആവശ്യമായ മാതൃവാത്സല്യത്തിന്റെ മാതൃകയായി കന്യക ജീവിതത്തിൽ നിലകൊണ്ടു എന്നാണ് മാതവിനെക്കുറിച്ചു പറയുന്നത്. മാതാവിന്റെ മാതൃവാത്സല്യത്തിന്റെ തണലിൽ ചൈതന്യമുള്ളവരായി പുനഃസൃഷ്ടിക്കപ്പെടുക എന്ന ആശയവും ലോകത്തിലെങ്ങുമുള്ള സ്ത്രീജനങ്ങളുടെ മാതൃത്വത്തിന്റെയും മാതൃവാത്സല്യത്തിന്റെയും ഓർമ്മപ്പെടുത്തലുകളായി വായിക്കാം.

സഭയിൽ ഭാഗ്യവതിയായ കന്യകയുടെ വണക്കത്തിന്റെ സ്വാസ്ഥ്യത്തിന്റെയും പ്രത്യാശയുടെയുംഉറപ്പുള്ള അടയാളം എന്നു വിശേഷിപ്പിക്കുന്നിടത്തും പരിശുദ്ധ കന്യകാമാതാവ് മഹത്ത്വീക രിക്കപ്പെടുകയാണ്.

**അല്മായരോട് – വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്ത്വം സംരക്ഷിക്കപ്പെടണം**

വ്യക്തിയുടെയും മനുഷ്യസമൂഹത്തിന്റെയും ക്രിസ്തീയ സമൂഹത്തിന്റെയും സ്വാസ്ഥ്യം വൈവാഹിക കുടുംബസുസ്ഥിതി യോട് അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഈ ജീവിതാ ന്തസിന്റെ മഹത്ത്വം ഒരേ തെളിമയോടെ എല്ലായിടത്തും പ്രകാശ മാനമാകു ന്നില്ല. അതുപോലെ ബഹുഭാര്യാത്വം, വിവാഹമോചന മെന്ന സാംക്രമികരോഗം, സ്വതന്ത്രമെന്നു പറയപ്പെടുന്ന പ്രേമം, ഇതര വൈകൃതങ്ങൾ എന്നിവകൊണ്ട് അതിനു മങ്ങലേൽക്കുന്നു. കൂടാതെ, വൈവാഹികബന്ധം പലപ്പോഴും സ്വാർത്ഥപരത, ഭോഗാ സക്തി എന്നിവവഴി ദൂഷിതമാകുന്നു. കൂടാതെ, സാമ്പത്തികവും സാമൂഹികവും മനഃശാസ്ത്രപരവും രാഷ്ട്രീയവുമായ ആധു നികസാഹചര്യങ്ങൾ കുടുംബങ്ങളിൽ അനല്പമായ അസ്വാസ്ഥ്യ ങ്ങൾ വളർത്തുന്നു. ഇക്കാരണത്താൽ, ഈ സൂനഹദോസ് വൈവാ ഹികാന്തസ്സിന്റെ നിസർഗമഹത്ത്വവും അതിന്റെ ഉദാത്തമായ പവി ത്രമൂല്യവും സംരക്ഷിക്കാനും വളർത്താനും പരിശ്രമിക്കുന്ന സ്ത്രീപുരുഷന്മാരെ പ്രബുദ്ധരാക്കുന്നതിനും ധൈര്യപ്പെടുത്തു ന്നതിനും ആഗ്രഹിക്കുന്നു. വിവാഹത്തിന്റെയും കുടുംബത്തിന്റെ യും പരിശുദ്ധി പുരുഷനും സ്ത്രീയും വിവാഹ ഉടമ്പടിയിൽ പിന്നീ ടൊരിക്കലും രണ്ടല്ല, ഒരു ശരീരമായി (മത്താ. 19 6) വ്യക്തികളു ടെയും പ്രവർത്തനങ്ങളുടെയും അവഗാഢമായ യോജിപ്പിൽ പര സ്പരം സഹായവും ശുശ്രൂഷയും നൽകുകയും തങ്ങളുടെ ഐക്യ ത്തിന്റെ മനോഭാവം അനുഭവിക്കുകയും നാൾക്കുനാൾ കൂടുതൽ വർദ്ധിതമാകുകയും ചെയ്യണം.

ഇങ്ങനെ മാതാപിതാക്കൾ സന്മാതൃക വഴിയും കുടുംബ പ്രാർത്ഥനവഴിയും മുന്നേറുമ്പോൾ മക്കൾ മാത്രമല്ല, കുടുംബവല യത്തിൽ നിവസിക്കുന്നവരെല്ലാം മനുഷ്യത്വത്തിന്റെയും രക്ഷയു ടെയും വിശുദ്ധിയുടെയും വഴി കൂടുതൽ എളുപ്പം കണ്ടെത്തും.

ഇവിടെ മാതാവിനും പിതാവിനും സന്മാതൃക കാട്ടാൻ ഒരേ പങ്കാണ് ഉള്ളതെന്നു വ്യക്തമാകുന്നു.

**ദാമ്പത്യസ്നേഹം**

കർത്താവിനാൽ സ്ഥിരീകൃതമായ വിവാഹത്തിന്റെ ഐക്യം സ്ത്രീകളുടയും പുരുഷന്മാരുടെയും തുല്യമായ വ്യക്തിമാഹാത്മ്യത്തോടെ പരസ്പരമുള്ള സമ്പൂർണ്ണസ്നേഹത്തിൽ അംഗീകരിക്കപ്പെടേണ്ടതാണെന്ന് വ്യക്തമാണ്. ഈ ക്രിസ്തീയവിളിയുടെ കടമകൾ നിരന്തരം നിർവ്വഹിക്കുന്നതിന് അസാമാന്യമായ നന്മ ആവശ്യമാണ്. അതിനാൽ ദമ്പതികൾ കൃപയാലും വിശുദ്ധജീവിതത്താലും ശക്തി പ്രാപിച്ച് സ്നേഹത്തിന്റെ ഉറപ്പും ഹൃദയത്തിന്റെ വിശാലതയും പരിത്യാഗമനഃസ്ഥിതിയും താല്പര്യപൂർവം പരിശീലിക്കുകയും പ്രാർത്ഥനയിൽ യാചിക്കുകയും ചെയ്യണം എന്ന് വത്തിക്കാൻ സൂനഹദോസ് വ്യക്തമാക്കുന്നു. ക്രിസ്തീയ ദമ്പതികൾ തങ്ങളുടെ പ്രവർത്തനരീതിയിൽ തന്നിഷ്ടംപോലെ പോകാൻ പാടില്ല എന്നും ദൈവനിയമത്തിന് എപ്പോഴും വിധേയരായി ജീവിക്കണമെന്നും സൂനഹദോസ് ഉറപ്പിച്ചു പറയുമ്പോൾ സ്ത്രീപുരുഷസമത്വം ആണ് ലക്ഷ്യം വയ്ക്കുന്നത്.

മക്കളെ വളർത്തുന്നതിൽ പരിശീലനത്തിൽ പിതാവിന്റെ ക്രിയാത്മകസാന്നിധ്യം ഏറെ ആവശ്യമെന്നു പറയുന്ന സൂനഹദോസ് തുടർന്നു പറയുന്നു, അതോടൊപ്പം ശിശുക്കൾക്ക് പ്രത്യേകവിധത്തിൽ ആവശ്യമായ കുടുംബത്തിലെ മാതാവിന്റെ ശുശ്രൂഷ തീർച്ചയായും ഉറപ്പാക്കണം. എന്നാൽ അവിടെ സ്ത്രീയുടെ സാമൂഹിക വളർച്ച ഒരിക്കലും അവഗണിച്ചുകൂടാതാനും. സ്ത്രീ സാമൂഹികജീവിയായിത്ത്നെ ജീവിക്കണം എന്ന കാഴ്ചപ്പാട്, അവൾ പ്രതികരണശേഷി ഉള്ളവളായിരിക്കണംഎന്നവീക്ഷണം, സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ ഒക്കെ നിർമ്മിതിയിൽ സ്ത്രീയുടെ വലിയ പങ്കിനെ മനസ്സിലാക്കിയുള്ള താക്കീത് എന്നിങ്ങനെയൊക്കെ ഈ സൂനഹദോസ് ഭാഗത്തെ വായിച്ചെടുക്കാം.

സ്ത്രീയും പുരുഷനും വികാരങ്ങളിൽ ഒന്നായി, മനസ്സിൽ തുല്യരായി, പരസ്പരവിശുദ്ധിയിൽ സംയോജിതരായി ജീവിക്കണം എന്ന സൂനഹദോസ്ഭാഗവും സ്ത്രീക്കൊപ്പംതന്നെയാണ്. സ്ത്രീ ഏറ്റവും കൂടുതൽ മാനസികസംഘർഷം അനുഭവിക്കുന്ന വേദിക

ളിലൊന്ന് കുടുംബംതന്നെയാണ്. ഗാർഹികപീഡനസംരക്ഷണനിയമം സ്ത്രീസുരക്ഷയ്ക്ക് ഏറെ ആവശ്യമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ സൂനഹദോസിന്റെ കാഴ്ചപ്പാട് അർത്ഥവത്താണ്.

പുരുഷന്മാരുടെയും സ്ത്രീകളുടെയും സുപ്രധാന കടമ കുടുംബത്തിലും സ്വന്തം സാമൂഹിക കൂട്ടായ്മയിലും സ്വന്തം ജോലിയുടെ ചുറ്റുപാടുകളിലും ജീവിതവും വാക്കുംവഴി മിശിഹായ്ക്കു സാക്ഷ്യ വഹിക്കുകയാണ് എന്ന് ഉറപ്പിച്ചു പറയുന്ന സൂനഹദോസ് സ്ത്രീയുടെ സാമൂഹികപ്രതിബദ്ധതയെ അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്കുമുള്ള അവളുടെ പുരോഗമനപരമായ നീക്കത്തെ പ്രോത്സാഹിപ്പിക്കുകയാണ്. സ്വന്തം കുടുംബത്തിൽ കുടുംബാംഗങ്ങളുടെ എല്ലാം സഹകരണം ഉദ്യോഗസ്ഥരായ വീട്ടമ്മയ്ക്ക് ഉണ്ടാകണം. എങ്കിൽമാത്രമേ അവൾക്ക് ഒരു സാമൂഹികജീവി എന്ന നിലയിലും അർത്ഥവത്തായ നിലയിൽ പ്രവർത്തിക്കാനാവൂ എന്ന യാഥാർത്ഥ്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് തിരിച്ചറിഞ്ഞിട്ടുണ്ട്.

**സ്ത്രീക്കു സ്വാതന്ത്ര്യമുണ്ടാവുക എന്നാൽ അവൾ സ്വയമറിയുക എന്നാണർത്ഥം**

ഊഷ്മളമായ സ്നേഹത്തിന്റെയും ആർദ്രമായ സഹാനുഭൂതിയുടെയും നൈതികലോകം നേടിയെടുക്കുന്നതിലൂടെ സാമൂഹികാധിപത്യവ്യവസ്ഥയ്ക്ക് അവൾ പുതിയ നിർവചനം നൽകും.

ഈ ആധുനികയുഗത്തിൽ ജ്ഞാനതൃഷ്ണയിൽനിന്ന് ഭോഗതൃഷ്ണയിലേക്കു സ്ത്രീ കടന്നാൽ ചരിത്രത്തിൽനിന്ന് എന്നതുപോലെ ജീവിതത്തിൽനിന്നും അവൾ അപ്രത്യക്ഷയായി ത്തീരും. മതവും രാഷ്ട്രീയവും പരസ്പരാശ്രിതത്വം പുലർത്തുന്ന ഇന്നത്തെ കാലഘട്ടത്തിൽ, സ്വത്വാധിഷ്ഠിതമായ ഒരു സാംസ്കാരിക ഭൂമിക സ്ത്രീ സ്വന്തമാക്കേണ്ടതുണ്ട്. സ്ത്രീയുടെ ധർമ്മസങ്കടങ്ങൾക്ക് അറുതിയില്ല എന്ന അറിവോടെതന്നെ കൂടുതൽ കൂടുതൽ ഒരു സ്ത്രീയായി ജീവിക്കുവാനും സ്ത്രീ എന്ന യാഥാർത്ഥ്യത്തിന്റെ പൊരുളിനെ തിരിച്ചറിയാനും നമുക്കു കഴിയണം.

# 10

## കുടുംബം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കാഴ്ചപ്പാടിൽ

മിനി തോമസ് അത്തിക്കളം

സാർവത്രിക സൂനഹദോസുകൾ മെത്രാന്മാരുടെ സമ്മേളനമാണ്.

സഭയ്ക്കു ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ പ്രകാശനമാണ് ഓരോ സാർവത്രികസൂനഹദോസും.

ഇരുപത്തൊന്നു സാർവത്രിക സൂനഹദോസുകൾ സഭ ഇതുവരെയായി നടത്തിയിട്ടുണ്ട്. ഇരുപത്തൊന്നാം സാർവത്രിക സൂനഹദോസാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ എന്നറിയപ്പെടുക. 1962 ഒക്ടോബർ 11 ന് പോപ്പ് ജോൺ 23-ാമനാൽ ഉദ്ഘാടനം ചെയ്യപ്പെട്ട കൗൺസിൽ 1965 ഡിസംബർ 8 ന് പോപ്പ് പോൾ ആറാമന്റെ കാലത്താണു സമാപിച്ചത്.

ക്രിസ്തുവിന്റെ പ്രകാശം ജനതകളുടെ പ്രകാശം എന്നതായിരുന്നു കൗൺസിലിന്റ മുദ്രാവാക്യം. പല പ്രത്യേകതകളുംകൊണ്ട് മറ്റു സൂനഹദോസുകളേക്കാൾ സ്വീകാര്യത രണ്ടാം വത്തിക്കാൻ കൗൺസിലിന് ലഭിച്ചു. ഒന്നാമത്തെ പ്രത്യേകത, സകല മനുഷ്യർക്കും വേണ്ടിയുള്ള സന്ദേശമായിരുന്നു കൗൺസിൽ നല്കിയത്. സാധാരണഗതിയിൽ സാർവത്രിക സൂനഹദോസുകൾ കത്തോലിക്കാലോകത്തോടു മാത്രമായിരുന്നു സംസാരിച്ചിരുന്നത്. ഇതിൽ പങ്കെടുത്ത പിതാക്കന്മാരുടെ സംഖ്യ പരിഗണിച്ചാൽ ഏറ്റവും വലിയ കൗൺസിലായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. അകത്തോലിക്കാ പ്രതിനിധികൾ അതിഥികളായി വന്നതും കത്തോലിക്കാ

സ്ത്രീപുരുഷന്മാർ ശ്രോതാക്കളായി വന്നതും ഈ കൗൺസിലിന്റെ ഒരു പ്രത്യേകതയായിരുന്നു.

16 പ്രമാണരേഖകളാണ് ഉരുത്തിരിഞ്ഞുവന്നത്. 'സഭ ആധുനിക ലോകത്തിൽ' എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷനിലാണ് കുടുംബത്തെ പ്രതിപാദിക്കുക.

കുടുംബത്തെ സംബന്ധിക്കുന്ന പ്രധാന പ്രതിപാദ്യവിഷയങ്ങൾ ചുവടെ കുറിക്കട്ടെ.

സ്രഷ്ടാവായ ദൈവം മനുഷ്യസമൂഹത്തിന്റെ അടിത്തറയായി ദാമ്പത്യബന്ധത്തെ സ്ഥാപിച്ചു. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ സജീവഘടകമെന്ന നിലയിലുള്ള ദൈവികദൗത്യമാണ് കുടുംബത്തിനുള്ളത്. സമൂഹത്തിന്റെ നന്മയ്ക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ വ്യവസ്ഥിതി മാനുഷിക നിശ്ചയങ്ങളെമാത്രം ആശ്രയിച്ചുനിൽക്കുന്ന ഒന്നല്ല. കാരണം, ദൈവംതന്നെയാണ് കുടുംബത്തിന്റെ സ്ഥാപകൻ.

കുടുംബജീവിതത്തിന്റെ സുസ്ഥിതിയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു, മനുഷ്യസമുദായത്തിന്റെയും അതോടൊപ്പം ഓരോ വ്യക്തിയുടെയും സുസ്ഥിതി.

കുടുംബങ്ങൾ തമ്മിലുള്ള പരസ്പരസ്നേഹവും പ്രാർത്ഥനയും വഴി കുടുംബം ഒരു ചെറുദേവാലയമാക്കി മാറ്റുക.

ഒരു ദേവാലയത്തെ സങ്കല്പിച്ചാൽ

- ദൈവത്തിന്റെ ആലയം
- പരിശുദ്ധി.....
- എല്ലാവരും ഒരുപോലെ
- എല്ലാവർക്കും സ്വീകാര്യമായ ഇടം
- വെറുപ്പ്, വിദ്വേഷം, മാത്സര്യം ഇതിനൊന്നും സ്ഥാനമില്ല.
- തെറ്റുകളൊക്കെ ഏറ്റുപറയാനും അതുവഴി ആശ്വാസം ലഭിക്കാനുമുള്ള ഇടം.

പരസ്പരസ്നേഹവും കരുതലും പരിഗണനയും പ്രാർത്ഥനയുമുള്ള ഇടമാകണം നമ്മുടെ കുടുംബങ്ങൾ. ഓരോരുത്തരും അവ

രുടേതായ മേഖലയിൽ പ്രാധാന്യമർഹിക്കുന്നു എന്ന ചിന്തയും കുടുംബത്തിലുണ്ടാകേണ്ടിയിരിക്കുന്നു.

- സഭയുടെ ആരാധനക്രമത്തിൽ കുടുംബം മുഴുവൻ പങ്കെടുക്കുക.

ഇന്ന് ആരാധനക്രമം ആചാരാനുഷ്ഠനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതായി പലപ്പോഴും അനുഭവപ്പെടുന്നു. വിശ്വാസത്തിന്റെ അനുഭവത്തിലേക്ക് ഭാവിതലമുറയെ നയിക്കുവാൻ സഭയും കുടുംബവും ഒഴുക്കിനെതിരേ നീങ്ങുന്നത് ഒരു സാഹസികത തന്നെയാണ്.

ആചാരാനുഷ്ഠാനങ്ങൾക്കപ്പുറം ക്രിസ്തുവിന്റെ മാതൃക പിന്തുടരുന്ന ജീവിതശൈലി സഭയ്ക്കും കുടുംബത്തിനും ഉണ്ടാവേണ്ടിയിരിക്കുന്നു. ലാളിത്യത്തിന്റെയും വിട്ടുവീഴ്ചയുടെയും പരിഗണനയുടെയും കൈത്താങ്ങലിന്റെയുമായ ക്രിസ്തുമാതൃക നൽകി സ്വാധീനിക്കുമ്പോഴേ ആരാധനക്രമചൈതന്യം കുടുംബത്തിലും സഭയിലും ഉണ്ടാവൂ.

- അരിഷ്ടതയിലും ദാരിദ്ര്യത്തിലും കഴിയുന്ന സഹോദരങ്ങൾക്ക് നീതി ലഭിക്കുന്നതിനും സഹായങ്ങൾ കിട്ടുന്നതിനും ശ്രമിക്കുക.

ഇന്ന് ദരിദ്രർ തങ്ങൾക്ക് അർഹതപ്പെട്ടതുപോലും ധനത്തിന്റെ അഭാവത്തിൽ ലഭിക്കില്ലാ എന്ന ഭയത്തിലാണു കഴിയുക. അവർക്കുവേണ്ടി ശബ്ദിക്കാൻ കുടുംബാംഗങ്ങൾക്കു കഴിയേണ്ടിയിരിക്കുന്നു. എല്ലാ മനുഷ്യരിലും ദൈവത്തെ കാണാൻ തക്ക വെട്ടം നമുക്കുണ്ടാവുമ്പോൾ ദരിദ്രരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാൻ നമുക്കു സാധിക്കും.

- താല്പര്യപൂർവം ആതിഥ്യം നൽകുക.

ഞാൻ, എന്റെ, എനിക്ക് എന്ന സ്വാർത്ഥചിന്താഗതിയിൽ ആതിഥ്യം നല്കാനും ആതിഥ്യം കൊടുക്കാനും നാമിന്നു മടിക്കുകയാണ്.

മറ്റുള്ളവരെ വിശ്വാസത്തിലെടുക്കാൻ നാമിന്നു മടിക്കുന്നു. അങ്ങനെയുള്ള നിറം പിടിപ്പിച്ച കഥകൾ നമുക്കു ചുറ്റുമുണ്ടെങ്കിൽപോലും മറ്റുള്ളവരിലെ നന്മ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

**ആതിഥ്യത്തിലെ നല്ല വശങ്ങൾ**

- കൂട്ടായ്മയെ പരിപോഷിപ്പിക്കാൻ
- ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ
- പാരമ്പര്യം കൈമാറാൻ
- പങ്കുവയ്ക്കുന്ന മനോഭാവം വളർത്താൻ
- സന്തോഷം, സ്നേഹം ഇവ കൂട്ടാൻ
- ആശയവിനിമയം വർദ്ധിപ്പിക്കാൻ
- റ്റീം വർക്കിന്റെ ബാലപാഠങ്ങൾ പഠിക്കാൻ
- പരിഗണനയുടെ, കരുതലിന്റെ ഒരു ചിന്ത നല്കാൻ

തിരസ്കൃതശിശുക്കളെ ദത്തെടുക്കുക

തിരസ്കൃതശിശുക്കൾക്ക് ഒരു നല്ല ഭാവി കിട്ടത്തക്കരീതിയിൽ പ്രവർത്തിക്കുക. വിദേശരാജ്യങ്ങളിൽ സെലിബ്രറ്റികൾ ശിശുക്കളെ ദത്തെടുക്കുന്ന പതിവുണ്ട്.

മക്കളില്ലാത്തവർക്കു മാത്രമല്ല, സൗമനസ്യവും കാരുണ്യവും ധനസ്ഥിതിയും ഉള്ള സുമനസ്സുകൾക്കും ശിശുക്കളെ ദത്തെടുത്ത് തിരസ്കൃതശിശുക്കളുടെ ഭാവി ശോഭനമാക്കാം.

- പരദേശികളെ ആദരപൂർവം സ്വീകരിക്കുക.
- വളരുന്ന തലമുറയ്ക്കു വേണ്ട ഉപദേശവും സാമ്പത്തികസഹായവും നൽകുക.
- വധൂവരന്മാരെ വേണ്ടവിധം വിവാഹത്തിനൊരുങ്ങാൻ സഹായിക്കുക.
- മതബോധനത്തിനാവശ്യമായ ആനുകൂല്യങ്ങൾ നൽകുക.
- സാമ്പത്തികവും സാന്മാർഗ്ഗികവുമായ പ്രശ്നങ്ങളാൽ വലയുന്ന ദമ്പതിമാരെയും കുടുംബത്തെയും സഹായിക്കുക.
- വൃദ്ധജനങ്ങൾക്കു ജീവിതാവശ്യങ്ങൾ സാധിച്ചുകൊടുക്കുക. സാമ്പത്തികാഭിവൃദ്ധി കൊണ്ടുള്ള നേട്ടങ്ങൾ അവർക്ക് അനുഭവവേദ്യമാക്കിത്തീർക്കുക.
- പല കുടുംബങ്ങൾ ചേർന്ന് സംഘടനകൾക്കു രൂപം കൊടുക്കുക.

ഉത്കൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമെന്നു കുടുംബത്തെ വിളിക്കാം. എന്നാൽ കുടുംബത്തിന്റെ ജീവനും ദൗത്യവും മകുടമണിയാൻ ചിന്തയിലുള്ള അനുകമ്പാപൂർവമായ ഐക്യവും ദമ്പതികളുടെ സംയുക്താലോചനയും മക്കളുടെ ശിക്ഷണത്തിലുള്ള മാതാപിതാക്കളുടെ അവധാനപൂർവമായ സഹകരണവും ആവശ്യമാണെന്നും കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു.



കളരിക്കലച്ചൻ

അങ്ങു ഞങ്ങൾക്കു സ്നേഹം വാരിക്കോരിത്തന്നു,
സത്യവും നീതിയും ക്രിസ്തീയ ധാർമ്മികതയും
എന്താണെന്നു ഞങ്ങളെ പഠിപ്പിച്ചു.

എന്നും പാവങ്ങളുടെ പക്ഷത്തായിരിക്കാൻ
എരിയുന്ന തീക്കനലുകൾ ഞങ്ങളുടെ ഹൃദയങ്ങളിൽ കോരിയിട്ട്,
ക്രിസ്തുവിന്റെ ഈ നേർസാക്ഷ്യം കടന്നുപോയിട്ട്
6 വർഷം പൂർത്തിയാകുന്നു.

ക്ഷമിക്കൂ പുണ്യാത്മാവേ,
അങ്ങു ഞങ്ങളെ ഏല്പിച്ച താലന്ത് വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ
ഞങ്ങൾ ഏറെയൊന്നും വിജയിച്ചിട്ടില്ല.
എങ്കിലും ആ വഴിത്താരയിൽ ഞങ്ങളിന്നുമുണ്ട്.

കളരിക്കലച്ചൻ അനുസ്മരണ കൂട്ടായ്മ